Reg. No. M. 2293

ഒരുപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജൂൺ 20—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മിഥുനം 6 | ലക്കം 43

## ആഴ്ചയിൽ ആദ്യത്തെ ദിവസം

(റവ. ഫാദർ ഡാനിയേൽ അയ്യനേത്തു് എൽ. ഡി. എൽ. പിഎച്ച്.)

ആഴ്ചയിൽ ഏഴു ദിവസങ്ങളുള്ളതിൽ ഒന്നു് ദൈവസേവനത്തിനായി നാം മാററിവയ്ക്കുന്നു. ബാക്കിയുള്ള ആറു ദിവസങ്ങളിലും ദൈവത്തെ സേവിക്കേണ്ടതില്ലെന്നല്ല ഇതിൻെറ അർത്ഥം. പ്രത്യേകമായ വിധത്തിൽ ദൈവത്തെ സേവിക്കാനായി ഒരു ദിവസം ഉണ്ടെന്നുമാത്രം. എന്തുകൊണ്ടു് അങ്ങനെ ഒരു ദിവസം വേണം?


'ശാബത്തു്ദിവസം ശുദ്ധമായി ആചരിക്കണം' എന്നതു് ദൈവകല്പനകളിൽ മൂന്നാമത്തേതാണല്ലോ. അതിനാൽ ആഴ്ചയിൽ ഒരു ദിവസം തൻെറ സേവനത്തിനായി അർപ്പിക്കണമെന്നുള്ളതു് ദൈവനിശ്ചയമാണു്.

പഴയനിയമകാലത്തു് ആഴ്ചയിലെ അവസാനത്തെ ദിവസമായ ശനിയാഴ്ചയാണു് ദൈവത്തിൻെറ ദിനമായി ആളുകൾ ആചരിച്ചുവന്നതു്. (ഇന്നും യഹൂദന്മാർ ഈ ദിനത്തെത്തന്നെ ശുദ്ധമായി ആചരിച്ചുവരുന്നു) ഇതിൻെറ കാരണമെന്തു്? സൃഷ്ടികർമ്മത്തിൻെറ അവസാനത്തിൽ ദൈവം ഏഴാംദിവസം വിശ്രമിച്ചു; യഹൂദജനം ഈജിപ്തിലെ അടിമത്തത്തിൽനിന്നും സ്വതന്ത്രരായതും ശനിയാഴ്ചയാണു്. ഇതിൻെറ ഓർമ്മയ്ക്കായി യഹൂദർ ശനിയാഴ്ച ആചരിക്കാൻ ഇടയായി.

എന്നാൽ ക്രിസ്ത്യാനികൾ ആചരിച്ചുവരുന്നതു് ആഴ്ചയിലെ ആദ്യത്തെ ദിവസമായ ഞായറാഴ്ചയാണു്. അതിനുവേണ്ട കാരണങ്ങളുണ്ടു്. പഴയനിയമം പുതിയനിയമത്തിൻെറ ഒരു നിഴൽമാത്രമാണു്. പഴയനിയമകാലത്തിലെ പല ആചാരങ്ങളും അനുഷ്ഠാനങ്ങളും ക്രിസ്തുവിൻെറ വരവിനുശേഷം നിലച്ചുപോയി. അങ്ങനെ അപ്പസ്തോലന്മാരുടെ കാലം മുതൽക്കുതന്നെ ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ക്രിസ്ത്യാനികൾ ആചരിച്ചുപോന്നു. ക്രിസ്തുവിൻെറ പുനരുത്ഥാനമാണു് താൻ ദൈവമാണെന്നും തൻെറ സഭ ദൈവികമാണെന്നും ഉള്ളതിനു് ഏററവും വലിയ തെളിവു്. ആ മഹാത്ഭുതസംഭവം നടന്നതു് ഞായറാഴ്ചയാണു്. കൂടാതെ അപ്പസ്തോലന്മാരിൽ പരിശുദ്ധാത്മാവിറങ്ങി ആവസിച്ചതും ഞായറാഴ്ചതന്നെ. അതിനാൽ സഭയുടെ ജന്മദിനം ഞായറാഴ്ചയാണെന്നു പറയാം. ഈ കാരണങ്ങളാലാണു് ക്രിസ്ത്യാനികൾ ദൈവത്തിൻെറ ദിനമായി ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച തെരഞ്ഞെടുത്തതു്.

ഞായറാഴ്ച നാം ആചരിക്കണം. എങ്ങനെയാണു് ആചരിക്കേണ്ടതു്? കത്തോലിക്കർക്കു ഇതു നല്ലതുപോലറിയാം. 'ഞായറാഴ്ചകളിലും കടമുള്ള പെരുന്നാളുകളിലും വിശുദ്ധ കുർബാന കാണുകയും ജോലികാര്യങ്ങളിൽനിന്നു ഒഴിഞ്ഞിരിക്കുകയുംവേണം.' ഇതു സഭയുടെ ഒന്നാമത്തെ കല്പനയാണല്ലോ. ഈ കല്പനയിൽ രണ്ടു കാര്യങ്ങളുണ്ടു്; ഒന്നു നാം ഞായറാഴ്ച ചെയ്യേണ്ടതു്, മററതു് നാം അന്നു ചെയ്യാൻ പാടില്ലാത്തതു്.

ദൈവത്തെ ആരാധിക്കാനുള്ള ദിവസമാണല്ലോ ഞായറാഴ്ച. ക്രിസ്ത്യാനികൾക്കു് ദൈവത്തെ ആരാധിക്കാനുള്ള ഏററവും പററിയ മാർഗ്ഗം പുതിയ നിയമത്തിലെ ബലിയായ വിശുദ്ധ കുർബാനയാണു്. അതിൽ ശരിയായി സംബന്ധിക്കുന്ന ഒരുവൻ ദൈവത്തെ വേണ്ടുംവണ്ണം ആരാധിക്കുന്നു. അങ്ങനെ ദൈവത്തിൻേറയും സഭയുടേയും കല്പനകൾ നിറവേററുന്നു. 'കുർബാന കാണുക' എന്നു പറയാറുണ്ടു്. അതു ശരിയായ പ്രയോഗമല്ലെന്നുവേണം പറയാൻ. നാടകം കാണുന്നതുപോലെയോ സിനിമാ കാണുന്നതുപോലെയോ കാണാനുള്ള ഒരു കൗതുകക്കാഴ്ചയല്ല പുതിയനിയമത്തിലെ പരിശുദ്ധബലി. അതിൽ ഭാഗഭാക്കാവുക, അല്ലെങ്കിൽ സംബന്ധിക്കുക എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. പുരോഹിതനോടൊപ്പം മററുള്ളവരും ബലിയർപ്പിക്കുകയാണുവേണ്ടതു്. ദിവ്യബലിയുടെ ക്രമത്തിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും എല്ലാവരും ഹൃദയപൂർവ്വം ഏററുചൊല്ലണം. ഹൃദയവും മനസ്സും ശരീരവും ഒന്നടങ്കം ദൈവത്തിനു കാഴ്ചയായി സമർപ്പിച്ചുവേണം ബലിയിൽ പങ്കുകൊള്ളുവാൻ.



പശ്ചാത്താപബദ്ധനായ പത്രോസ്

(തിരുനാൾ—ജൂൺ 29)

പള്ളിയിൽ അവസാനം വന്നിട്ടു് ആദ്യം ഇറങ്ങിപ്പോകുന്ന ആളുകളുണ്ടെന്നു കേട്ടിട്ടുണ്ടു്. ചിലർ 'കാൽക്കുർബാന' കാണും. മററു ചിലർ 'അരക്കുർബാന'യും, വേറെ ചിലർ 'മുക്കാൽക്കുർബാന'യും. മുഴുവനും കാണുന്നവരായിരിക്കാം ഏറിയകൂറും. എന്നാൽ മുഴുവനായി സംബന്ധിക്കുന്നവർ (മുൻപുപറഞ്ഞപോലെ) ചുരുക്കം. ക്രിസ്ത്യാനികളിൽ ക്രിസ്തീയചൈതന്യം കുറഞ്ഞുപോകുന്നതിനുള്ള കാരണം ഇതാണു്.

ഞായറാഴ്ച പള്ളിയിൽ പോകാതിരിക്കാനുള്ള ഒഴിവുകഴിവുകൾ കണ്ടുപിടിക്കാൻ പലർക്കും വിരുതുകൂടും. 'മുന്നേമുക്കാൽമൈൽ എങ്ങനെ നടന്നുപോകും', 'മുണ്ടു മുഷിഞ്ഞതാണെന്നു മററുള്ളവർ കാണുകയില്ലേ?', 'വെയിലത്തു നടന്നാൽ തലവേദനെ കൂടുമല്ലോ' എന്നും മററും മുടന്തൻകാരണങ്ങൾകൊണ്ടു് പള്ളിയിൽ പോകാത്ത പലരുമുണ്ടു്. ഈ ആളുകൾതന്നെ ഒരു സർക്കസ്സുകാണാൻവേണ്ടി, കൊടുംവെയിലത്തു്, പൊള്ളുന്ന പനിയുള്ളപ്പോൾ, മുഷിഞ്ഞ മുണ്ടോടുകൂടി, ആറരമൈൽ നടന്നുപോകാൻ ഒട്ടും കൂസുകയില്ല. സകലതും അറിയുകയും കാണുകയും ചെയ്യുന്ന ദൈവത്തിൻെറ 'കണ്ണിൽ മണ്ണിടാൻ' ആരും ശ്രമിക്കേണ്ട!

ജോലികാര്യങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്നാണു് കല്പനയുടെ രണ്ടാമത്തെ ഭാഗം. കച്ചേരിയിൽ പോകാതിരിക്കുകയും, നിലംകിളയ്ക്കാൻ പോകാതിരിക്കുകയും ചെയ്താൽ മതിയെന്നാണു് പലരുടേയും ധാരണ. രാവിലെ പള്ളിയിലുള്ള കർമ്മങ്ങൾ കഴിഞ്ഞാൽപ്പിന്നെ സുഖമായി. ധാരാളം സമയമുണ്ടു്. ചിലർ നോവലുകൾ വായിച്ചുരസിക്കും. മററു ചിലർ ചീട്ടുകളിച്ചു സമയംകൊല്ലും. സിനിമാകാണാനും വിനോദയാത്ര പോകാനും വിരുന്നുണ്ണാനും വേണ്ടി ചിലർ നീക്കിവയ്ക്കുന്ന ദിവസമാണു് ഞായറാഴ്ച. ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ഞായറാഴ്ച ചെയ്യാൻ പാടില്ലെന്നുപറയാൻ ഞാൻ ഒരുമ്പെടുന്നില്ല. എന്നാൽ ഒരു കാര്യം നല്ലതുപോലെ ഓർക്കേണ്ടതുണ്ടു്. ഞായറാഴ്ചദിവസം മുഴുവനും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതാണു്. അതിനാൽ രാവിലത്തെ പള്ളിയിലെ കർമ്മം കഴിഞ്ഞതിനുശേഷമുള്ള സമയം മുഴുവനും തോന്നിയതുപോലെ ചിലവിടാമെന്നുവയ്ക്കുന്നതു പിശകാണു്. ആ ദിവസം മുഴുവനും നാം ദൈവത്തിനു കൊടുക്കണം. നമ്മുടെ ആത്മാവും, ദൈവവും തമ്മിൽ സംസർഗ്ഗം ചെയ്യാനുള്ള അവസരമാണതു്. അതു പാഴാക്കുന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല.

ആഴ്ചയിലെ ആദ്യത്തെ ദിവസം ആദ്യന്തം ആത്മീയമായ അന്തരീക്ഷത്തിൽ കഴിക്കാൻ ശ്രമിക്കണം. പള്ളിയിൽനിന്നു വീട്ടിൽ പോയശേഷവും ആത്മീയകാര്യങ്ങളിൽ വ്യാപൃതരായിരുന്നാൽ കൊള്ളാം. ദിനകൃത്യങ്ങൾ അന്നും മുടങ്ങാതെ ചെയ്തുകൊള്ളുക. എന്നാൽ സകലതും ആത്മീയാരൂപിയിൽ ചെയ്താൽമതി. കൂടെക്കൂടെ നമ്മുടെ ഹൃദയത്തേയും മനസ്സിനേയും ദൈവത്തിലേക്കുയർത്തുക. സമയം വ്യർത്ഥം കളയാതെ, ആത്മീയപ്രചോദനം തരുന്ന പുസ്തകങ്ങൾ വായിക്കാൻപററിയ അവസരം ഇതുതന്നെ. വേദപുസ്തകം ധാരാളം വായിക്കൂ. ക്രിസ്ത്വാനുകരണംപോലെയുള്ള വിശിഷ്ടഗ്രന്ഥങ്ങളും ഉണ്ടല്ലോ. പിന്നെന്തിന് സമയം പാഴാക്കണം? അടുത്തു ദേവാലയമുണ്ടെങ്കിൽ അവിടെപ്പോയി പ്രാർത്ഥിച്ചുകൂടേ? വെടിപറഞ്ഞു് സമയംകൊല്ലുന്നതിനുപകരം സ്നേഹിതന്മാരുമായി ആത്മീയകാര്യങ്ങളെപ്പററി സംസാരിക്കാൻ എന്തിനു മടിക്കുന്നു. കുടുംബാംഗങ്ങളൊന്നിച്ചിരുന്നു കൊന്തനമസ്കാരം ചൊല്ലുന്നതു് എത്ര നല്ലതു്! ഒരു കരയിലുള്ള

(ശേഷം 3-ാംപേജിൽ)

# തിരുഹൃദയവാഗ്ദാനങ്ങളുടെ പ്രേഷിതൻ

(By a Rev. Sister)

1883-ലെ ഒരു വസന്തകാലം. ഡെയിട്ടണിലെ ഒരു വ്യാപാരിയായിരുന്ന ഫിലിപ്പ് അലോഷ്യസ് കെമ്പർ താൻ വാങ്ങിയ പ്രാർത്ഥനപ്പുസ്തകം പ്രത്യേകോദ്ദേശമൊന്നുമില്ലാതെ ഒന്നു തുറന്നു നോക്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ അന്നു ആദ്യമായിട്ടാണ് തിരുഹൃദയത്തിന്റെ 12 വാഗ്ദാനങ്ങൾ വായിക്കുവാനിടയായതു്. അത്ഭുതപരതന്ത്രനായ ഫിലിപ്പ് ഈ വാഗ്ദാനങ്ങൾ ഇനിയും ലോകമാസകലം പ്രചരിക്കാത്തതിന്റെ കാരണമെന്തെന്നു ചിന്തിക്കുവാൻ തുടങ്ങി. അന്നുതന്നെ അദ്ദേഹം തീരുമാനിച്ചു, തനിക്കു സ്വന്തമായി ഒരു മുദ്രണാലയമുണ്ടാകുന്ന പക്ഷം അത്ഭുതകരമായ ഈ സ്നേഹദൌത്യം ലോകമാകെ പരത്തുവാൻ തന്റെ സകല കഴിവുകളും പ്രയോഗിക്കുന്നതാണെന്നു്. അദ്ദേഹത്തിന്റെ ആഹ്വാനം ലോകംമുഴുവൻ കേൾക്കുകതന്നെ ചെയ്തു.

ഒരു പ്രഷ്യൻ ഗ്രാമമായ വാർഹാർസണിൽ ദരിദ്രരായ മാതാപിതാക്കന്മാരുടെ എട്ടു സന്താനങ്ങളിൽ ആദ്യത്തേതായിരുന്നു ഫിലിപ്പ്. കുമാരദശയിലേക്കു കാലൂന്നിയപ്പോഴേക്കും പാവപ്പെട്ട കുടുംബനാഥൻ ഫിലിപ്പിനെ ഭരണഭാരവുമേല്പിച്ചു് ഈ ലോകവാസം വെടിയുകയാണുണ്ടായതു്. നിത്യവൃത്തിക്കു വഴിയൊന്നുമില്ലാതിരുന്നതിനാൽ ആ ബാലൻ 15-ാമത്തെ വയസ്സിൽ അമേരിക്കയിലേക്കു പുറപ്പെട്ടു. കാലസ്ഥിതി മെച്ചപ്പെടുകയും ജീവിതസൗകര്യങ്ങൾ സുരക്ഷിതമാകുകയും ചെയ്തപ്പോൾ ഫിലിപ്പ് തന്റെ മാതാപിതാക്കളേയും സഹോദരങ്ങളേയുംകൂടി യുണൈറ്റഡ് സ്റ്റേറ്റ്സിലേക്കു കൊണ്ടുപോയി. അവിശ്രമമായ പരിശ്രമങ്ങൾക്കിടയിൽ ഒരു വൈദികനാകുവാനുള്ള ഫിലിപ്പിന്റെ ആഗ്രഹം ഫെലിക്സ് എന്ന ഒരു വന്ദ്യ വൈദികനെ അറിയിക്കുകയുണ്ടായി. ഫിലിപ്പിന്റെ കുടുംബസ്ഥിതി ഗ്രഹിച്ചിരുന്ന അദ്ദേഹമാകട്ടെ അവൻ ഒരു വൈദികനാകുവാനല്ല പ്രത്യുത ഒരു കുടുംബസംരക്ഷകനാകുവാനാണ് ദൈവതിരുമനസ്സെന്നു വിധിച്ചു. ഈ ഉപദേശം അത്യധികം ക്ലേശകരമായിത്തോന്നിയെങ്കിലും ദൈവേഷ്ടത്തിനു പൂർണ്ണമായി വിധേയമാകുവാൻതന്നെ ഫിലിപ്പ് തീരുമാനിച്ചു. തന്റെ 38-ാമത്തെ വയസ്സിൽ ഭക്തയും സമർത്ഥയുമായ മേരി കാതറൈൻ റെയറെ ഫിലിപ്പ് വിവാഹംചെയ്തു. എങ്കിലും ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കത്തക്കവണ്ണം അത്ര ദൃഢമായിരുന്നു വൈദികജീവിതത്തിനായുള്ള അദ്ദേഹത്തിന്റെ ആഗ്രഹം. ഒരിക്കൽ തന്റെ പുത്രന്മാരിൽ മൂന്നുപേർ ഈശോസഭാവൈദികരായിത്തീരുമെന്നും തന്റെ പുത്രികളിൽ രണ്ടുപേർ സന്യാസസഭയിൽ പ്രവേശിക്കുമെന്നും അദ്ദേഹത്തിനു അന്നു ദീർഘദർശനം ചെയ്യുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതു് എത്രയോ വലിയ ആശ്വാസം പ്രദാനംചെയ്യുമായിരുന്നു.

പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്ന ഫിലിപ്പിനു് ആ ചൈതന്യം തന്റെ കുടുംബാംഗങ്ങളിൽ പകരുവാൻ പ്രയാസമുണ്ടായില്ല. ഡേറ്റണിൽ ഒരു വ്യാപാരിയായി കഴിഞ്ഞിരുന്ന അദ്ദേഹം അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുകയും കാലക്രമത്തിൽ അനുദിനദിവ്യകാരുണ്യസ്വീകരണം ഒരു പ്രത്യേകപതിവായി ഗണിക്കുകയുംചെയ്തു. അദ്ദേഹം തന്റെ വ്യാപാരശാലയുടെ മുമ്പിൽത്തന്നെ തിരുഹൃദയത്തിന്റെ ഒരു ചെറിയ രൂപം സ്ഥാപിച്ചിരുന്നു. അതിനു മുമ്പിൽ പ്രാർത്ഥനാനിമഗ്നനായി കഴിക എന്നതിനേക്കാൾ അഭികാമ്യമായി അദ്ദേഹത്തിനു മറ്റൊന്നുമുണ്ടായിരുന്നില്ല. ഉറക്കത്തിനു മുമ്പ് അവസാനമായി അവിടെ ഒരു സന്ദർശനം നടത്തുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഭക്തിയുടേയും സ്നേഹത്തിന്റേയും അശ്രുധാരകൾ ആ ഭക്താത്മാവിന്റെ കവിൾത്തടങ്ങളിൽക്കൂടി പ്രവഹിക്കുന്നതു് ആ കുടുംബാംഗങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ട്.

അധികനാൾ കഴിഞ്ഞില്ല. ഫിലിപ്പിന്റെ കടയിൽ കാര്യമായ ഒരു വ്യതിയാനം സംഭവിച്ചു. വസ്ത്രങ്ങളുടേയും ഷൂകളുടേയും സ്ഥാനത്തു് ഭക്തിപരമായ ചിത്രങ്ങളും ദേവാലയത്തിലെ ഉപയോഗത്തിനുള്ള പലതരം വസ്ത്രങ്ങളും പ്രതിഷ്ഠിതമായി. അങ്ങനെ ആ വ്യാപാരശാല മതപരമായ വസ്തുക്കളുടെ വിപണിയായി മാറി. വ്യവസായസംബന്ധമായി ഇക്കാലത്തു നടത്തിയ യാത്രാവേളയിലാണ് ആദ്യം പ്രസ്താവിച്ച ആ സംഭവം നടന്നതു്.

അന്നു അദ്ദേഹംചെയ്ത തീരുമാനം വെറും താല്ക്കാലികമായിരുന്നില്ല. സ്വന്തം നാട്ടിലെത്തിയ ഉടൻതന്നെ സ്വന്തമായി ഒരു അച്ചടിശാല നിർമ്മിക്കുകയും ആ 12 വാഗ്ദാനങ്ങളുടെ അനേകം പ്രതികൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയുംചെയ്തു. ഫിലിപ്പ് ഒരു അഭ്യസ്തവിദ്യനായിരുന്നില്ലെങ്കിലും ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിൽ സാമാന്യജ്ഞാനം സമ്പാദിച്ചിരുന്നു. തന്മൂലം ഈ വാഗ്ദാനങ്ങളെ ഉടൻതന്നെ മേല്പറഞ്ഞ ഭാഷകളിലേക്കു അദ്ദേഹം തർജ്ജമചെയ്തു. കൂടാതെ മുൾമുടിയാൽ വലയംചെയ്യപ്പെട്ട ഒരു തിരുഹൃദയചിത്രം രചിക്കുവാൻ ഒരാളെ ഏർപ്പെടുത്തി. ആ ചിത്രം 12 വാഗ്ദാനങ്ങളോടൊപ്പംതന്നെ കാർഡുകളിൽ മുദ്രണംചെയ്ത് അദ്ദേഹം പ്രചരിപ്പിച്ചു. ഈ കാർഡുകൾ തന്റെ ജീവിതാന്ത്യംവരെ ഫിലിപ്പ് സൗജന്യമായി വിതരണംചെയ്യുകയും, അതു് വിദേശങ്ങളിലേക്കു് അയക്കുവാനുള്ള തപാൽച്ചെലവു കൂടി സ്വയം വഹിക്കുകയും ചെയ്തിരുന്നു എന്നോർക്കുമ്പോൾ ആ ത്യാഗസമ്പന്നന്റെ ആത്മാർത്ഥമായ പരിശ്രമത്തെ ആരാണ് ആദരിക്കാതിരിക്കുക?

ഇക്കാലത്തു് അമേരിക്കൻ ബൈബിൾസൊസൈറ്റിയിൽനിന്നും വി. യോഹന്നാന്റെ സുവിശേഷത്തിലെ ഒരു വാക്യം 30 ഭാഷകളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതു് അദ്ദേഹം കണ്ടു. അപ്പോൾതന്നെ അദ്ദേഹം തീരുമാനിച്ചു, ആ 12 വാഗ്ദാനങ്ങളും ഈ 30 ഭാഷകളിലേക്കു തർജ്ജമചെയ്യണമെന്നു്. അങ്ങനെ ഈ ഭാഷകൾ സംസാരിക്കുന്ന സ്ഥലങ്ങളിലുള്ള ഓരോ മിഷനറിമാരെ അന്വേഷിച്ചറിഞ്ഞു് ഈ വാഗ്ദാനങ്ങൾ തർജ്ജമചെയ്യുവാൻ അപേക്ഷിക്കുകയും പ്രതിഫലമായി ആവശ്യമുള്ളിടത്തോളം പ്രതികൾ അയച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയുംചെയ്തു. ആ പ്രേഷിതവര്യന്മാർ ഈ ആഗ്രഹത്തെ സസന്തോഷം സാധിച്ചുകൊടുത്തു.

ഫിലിപ്പിന്റെ ആഗ്രഹം ഇതുകൊണ്ടുമാത്രം നിലച്ചില്ല. പുതിയ ഭാഷകൾ സംസാരിക്കുന്ന മറ്റനേകം ചെറിയ രാജ്യങ്ങൾ കണ്ടുപിടിക്കുകയും അവിടത്തെ മിഷനറിമാരോട് ഇതേ യാചനതന്നെ നടത്തുകയുംചെയ്തു. ഓരോ പുതിയ ഭാഷയിൽ പുറത്തുവന്ന ഓരോ കാർഡും അദ്ദേഹത്തിന്റെ ആഗ്രഹത്തെ അടിക്കടി വർദ്ധിപ്പിക്കുകയാണുണ്ടായതു്. ഇങ്ങനെ അനേകായിരം കാർഡുകൾ അനുദിനം പുറത്തുവന്നു. ഒടുവിൽ 255 ഭാഷകളിൽ ആ കാർഡുകൾ പ്രസിദ്ധീകൃതങ്ങളായി. അദ്ദേഹത്തിന്റെ മരണത്തിനു മുമ്പുതന്നെ 3,250,000 കാർഡുകൾ വിതരണംചെയ്തുകഴിഞ്ഞിരുന്നു.

വിദേശരാജ്യങ്ങളിലേക്കു അയച്ചുകൊടുത്തിരുന്ന കാർഡുകൾക്കു് കൃതജ്ഞതാപൂർണ്ണങ്ങളായ മറുപടികൾ ലഭിച്ചിരുന്നു. ചിലപ്പോൾ ചില വിമർശനശരങ്ങളും ഇദ്ദേഹത്തിന്റെനേർക്കു ചിലർ തൊടുത്തുവിടാതിരുന്നില്ല. പലരുടേയും വിമർശനത്തിനു വിഷയമായതു് അതിൽ 12-ാമത്തെ വാഗ്ദാനത്തിന്റെ സാധുതയായിരുന്നു. ഈ അഭിപ്രായങ്ങൾ ഇന്നും നിശ്ശേഷം നശിച്ചിട്ടില്ല. ചിലർ അതു് അപ്പാടെ ഉപേക്ഷിച്ചുകളയേണ്ടതാണെന്നു പറഞ്ഞു. എന്നാൽ അദ്ദേഹം അവയൊന്നിനും വശംവദനായില്ലെന്നുമാത്രമല്ല ഉചിതമായ മറുപടികൾ—അവ സ്വീകൃതങ്ങളാണെന്നുള്ളതിനു തക്ക തെളിവുകൾ—അയക്കുകയും ചെയ്തു. ഈ എതിരഭിപ്രായങ്ങളെല്ലാം ഒന്നോടെ നശിപ്പിച്ചു പരിശുദ്ധ പിതാവു തിരുമനസ്സിലെ അംഗീകാരം. ഫിലിപ്പിന്റെ ത്യാഗസന്നദ്ധതയെ അഭിനന്ദിച്ചുകൊണ്ട് പരിശുദ്ധ പിതാവു 13-ാം ലെയോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് സ്വഹസ്തലിഖിതമായ ആശീർവ്വാദസന്ദേശം അയച്ചുകൊടുത്തു. ഈ സന്ദേശത്തെ അദ്ദേഹം തിരുഹൃദയരൂപത്തിനടുത്തുതന്നെ ഭദ്രമായി സൂക്ഷിച്ചിരുന്നു.

അന്ത്യനിമിഷംവരേയും ആത്മാർത്ഥമായി വേലചെയ്ത ആ വിശ്വസ്തസേവകനു്, തന്റെ പ്രതിഫലം സ്വീകരിക്കുവാനുള്ള സമയം അടുത്തുവന്നു. 1908-ലെ പെസഹാവ്യാഴാഴ്ച രാത്രി ദേവാലയത്തിൽനിന്നും തിരിച്ചെത്തിയ അദ്ദേഹത്തിനു് എന്തോ ചില അസ്വാസ്ഥതകൾ തോന്നി. രോഗം അപകടകരമെന്നുകണ്ട അദ്ദേഹത്തിന്റെ പുത്രൻ പുരോഹിതനെ വിളിക്കുന്നതിനായി ദേവാലയത്തിലേക്കു പോയി. പക്ഷെ വൈദികൻ സ്ഥലത്തെത്തുന്നതിനുമുമ്പുതന്നെ ആ ദിവ്യാത്മാവു് പരലോകംപ്രാപിച്ചു. അദ്ദേഹം ആ ദിവസങ്ങളിൽ വായിച്ചിരുന്നതു് ഒരു ഈശോസഭാവൈദികനാൽ രചിക്കപ്പെട്ട "Easter in Heaven" എന്ന ഗ്രന്ഥമായിരുന്നു.

തിരുഹൃദയഭക്തി പ്രചരിപ്പിക്കുവാൻ ഇത്രയധികം പരിശ്രമിച്ച അദ്ദേഹം ആ വാഗ്ദാനങ്ങളിൽ ഏറ്റവും പ്രധാനമായതു സ്വീകരിക്കുവാൻ കഴിയാതെ ഈ ലോകത്തിൽനിന്നു കടന്നുപോയതു ഓർക്കുമ്പോൾ അതൊരു വലിയ പ്രശ്നമായി തോന്നിയേക്കാം. എന്നാൽ അതുതന്നെ അതിനൊരു സമാധാനവുമാണ്. അവരുടെ കൂദാശകൾ എന്നതുകൊണ്ട്, അന്ത്യനിമിഷത്തിൽ ഓരോ വ്യക്തിക്കും ആവശ്യമുള്ള കൂദാശകൾ എന്നാണർത്ഥമാക്കുന്നതെന്നു് അദ്ദേഹം ഗ്രഹിച്ചിരുന്നു. നിശ്ചയമായും അദ്ദേഹത്തിനു തന്റെ അന്ത്യനിമിഷത്തിൽ ഏതെങ്കിലും കൂദാശകൾ ലഭിക്കുവാൻ ആവശ്യമുണ്ടായിരുന്നില്ലെന്നു വിചാരിക്കുന്നതിൽ തെറ്റില്ല. അതുകൊണ്ട് ആ മഹത്തായ വാഗ്ദാനം ഒരിക്കലും മായിച്ചുകളയുവാൻ കഴിയാത്തവിധം അവരുടെ പേരുകൾ തിരുഹൃദയത്തി


## "ബുദ്ധിമാനായ വൈദ്യൻ"

ഉറക്കമൊഴിക്കുക, മലമൂത്രാദികളെ യഥാസമയങ്ങളിൽ വിസർജ്ജിക്കാതിരിക്കുക മുതലായവകളെപ്പോലെതന്നെ വേനൽക്കാലം അവസാനിക്കാറാകുമ്പോഴുണ്ടാവുന്ന ചൂടിന്റെ ഉഗ്രതനിമിത്തം ദേഹത്തിലെ സൗമ്യാംശം (കഫവും ധാതുക്കളും) ക്ഷയിക്കുന്നതിനിടവരുന്നതും, വർഷാരംഭംമുതൽ വാതം വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാന കാരണമാണെന്നു് ആയുർവ്വേദം പഠിപ്പിക്കുന്നുണ്ട്. ഇതിന്റെ ദൃഷ്ടാന്തമാണ്,

"തണുപ്പുകാലത്തും, മേഘം മൂടിനില്ക്കുന്ന സമയങ്ങളിലും, കാറ്റുകാലങ്ങളിലും, വർഷക്കാലത്തും, പ്രാതഃകാലത്തും, സന്ധ്യാസമയത്തും, ആഹാരം കഴിച്ചതു് ദഹിച്ചുകഴിഞ്ഞാൽ ആ സമയത്തും വിശേഷിച്ചും വാതം കോപിക്കുന്നു"

എന്നിങ്ങനെ ശാസ്ത്രത്തിൽ പറയുംപോലെ വർഷാരംഭ മുതൽ മലബന്ധം (വളരെ വരണ്ടും രണ്ടു മൂന്നു ദിവസംവിട്ടും കൂടുമ്പോഴും വളരെ താമസത്തോടുകൂടിയും നേർമ്മയായും അല്പമായും മലംപോവുക), ദേഹം മെലിയുക, ദേഹത്തിന്റെ നിറം സ്വതവെയുള്ളതിലും കറുക്കുക, അവയവങ്ങൾ വിറയ്ക്കുക (പിടയ്ക്കുക), ഓർമ്മശക്തിയും ബലവും ഉറക്കവും കുറയുക, കയ്യ്, കാല്, മുതലായ അവയവങ്ങളിൽ വേദനിക്കുക, വയറു് വീർക്കുക (ഗ്യാസ് ട്രബ്ൾ), ദേഹത്തിലെ സ്നിഗ്ദ്ധാംശം ക്ഷയിക്കുക മുതലായ പല വാതവർദ്ധനലക്ഷണങ്ങൾ മിക്കവരിലും അനുഭവപ്പെട്ടുകാണുന്നതു്.

ഇങ്ങനെ വാതവർദ്ധനലക്ഷണങ്ങളിൽപ്പെട്ടതായ മലബന്ധവും വായുസ്തംഭനവും, ഈ രണ്ടു രോഗങ്ങളിൽനിന്നു മുഖ്യമായി ഉത്ഭവിക്കുന്നതായ അർശസ്സ് (മൂലക്കുരു) എന്ന രോഗവും വർദ്ധിക്കുംതോറും ദേഹത്തിലെ ചൂടും (പിത്തവും) ക്രമംവിട്ടു വർദ്ധിക്കുമെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് വർഷാരംഭംമുതൽ വാതപിത്തജങ്ങളായ നീർവീഴ്ച, ഉമ്മൽ, ചുമ, ക്ഷയം, ഏങ്ങൽ, വയറുവേദന, പ്രമേഹം തുടങ്ങിയ പല രോഗങ്ങളും പൂർവ്വാധികം വർദ്ധിക്കുന്നതായും, മഴ പെയ്യുമ്പോൾപോലും ഇങ്ങനെയുള്ള രോഗികളുടെ ദേഹം വിയർക്കുന്നതായും കാണുന്നതു്. ഇങ്ങനെ കാലം മാറുമ്പോഴുണ്ടാകുന്ന രോഗങ്ങൾ ബാധിക്കാതിരിപ്പാനും, പിടിപെട്ടിട്ടുള്ള രോഗങ്ങളെ ശമിപ്പിക്കുവാനും,

"ബുദ്ധിമാനായ വൈദ്യൻ സ്വസ്ഥനായ മനുഷ്യനു് ആ സ്വസ്ഥത നശിക്കാതിരിക്കാനായി വേണ്ടുന്ന രക്ഷകൾ ചെയ്യണം. സുഖക്കേടുള്ളവന്റെ ദോഷധാതു മലങ്ങളെ വേണ്ടപോലെ ക്ഷയിപ്പിക്കയും വർദ്ധിപ്പിക്കയും ചെയ്തു് അവനെ രോഗങ്ങളൊന്നുമില്ലാത്തവനാക്കിത്തീർക്കണം"

എന്നിങ്ങനെ ആയുർവ്വേദത്തിൽ പറഞ്ഞിട്ടുള്ളതുപോലെ പ്രവർത്തിക്കുകയാണ് വേണ്ടതു്. ഇപ്രകാരം, ആരോഗ്യം ക്ഷയിക്കാതിരിപ്പാനും വാതപിത്തജങ്ങളായ രോഗങ്ങളുടെ പിടിയിൽനിന്നു് വിമുക്തരാകുവാനും ആഗ്രഹിക്കുന്നവർക്കു് കാലഭേദവും പ്രായഭേദവും പരിഗണിക്കാതെ ദിനംപ്രതി സേവിപ്പാനും, തലയിലും ദേഹത്തിലും തേച്ചുകുളിക്കുവാനും വാതപിത്തങ്ങളെ ശമിപ്പിക്കുന്നതുകളായ കാളൻ'സ് ദ്രാക്ഷാഘൃതവും, ശാരീബാദ്യതൈലവും ഏറ്റവും ഉത്തമമായിട്ടുള്ള ഔഷധങ്ങളാണെന്നു് അനുഭവസ്ഥന്മാരിൽനിന്നറിയാവുന്ന ഒരു പരമാർത്ഥമാണ്.

ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിത്സ് ഡിപ്പോകൾ വഴിയായും, 170-ൽപരം ഏജൻസികൾ വഴിയായും, പോസ്റ്റൽമാർഗ്ഗമായും മറ്റും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

N. B. ഉപയോഗക്രമങ്ങളും മറ്റും അതാതു് ഔഷധങ്ങളുടെ കൂടെ ഉണ്ടായിരിക്കുന്നതാണ്.

ഫോൺ നമ്പർ: അളഗപ്പനഗർ 542

ടെലിഗ്രാം: കാളൻ, അളഗപ്പനഗർ

**കാളൻ, നെല്ലായി.**






സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണ്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോട് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
| --- | --- |
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ട് | ,, 6 ,, |

ESTD 1927

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2990

## വീട്ടപകടങ്ങൾ


(ശിവറാം)

രക്ഷാനടപടികൾ കൈക്കൊള്ളേണ്ടതു് അത്യാവശ്യമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ ആ ആളുകളെ ആശുപത്രിയിലേക്കു ക്ഷണിച്ചുകൊള്ളുന്നു. അവർ ആശുപത്രിയിലെ ഓരോ കിടക്കകളും ഒന്നു പരിശോധിക്കട്ടെ. അതിലോരോന്നിലും ഓരോ ദീനക്കാരായ അവശരെക്കാണും. ചിലർ സുഖക്കേടു പിടിച്ചു കിടക്കുന്നു. ചിലർ അപകടങ്ങളിൽകുടുങ്ങി അവയവങ്ങൾക്കു കേടുപററി അതു ഭേദമായിക്കിട്ടാൻ കിടക്കുന്നു. അപകടം പററിക്കിടക്കുന്നവരുടെ സമീപം ചെല്ലൂ. അവർക്കെങ്ങിനെ അതു പററിയെന്നു ചോദിച്ചുനോക്കൂ. അവർ കണ്ണുനീരൊലിപ്പിച്ചുകൊണ്ടു് നിങ്ങളോടു് ആ കഥ പറയും. കേൾക്കുമ്പോൾ നിങ്ങളുടെ കണ്ണുകളും നിറഞ്ഞേക്കാം. എങ്കിലും മുഴുവൻ കേൾക്കൂ. അവരുടെ കഥകൾ നിങ്ങളുടെ ഹൃദയം തുളച്ചുകേറാതിരിക്കില്ല. അതു് നിങ്ങളുടെ കണ്ണുകൾ തുറപ്പിക്കും. രക്ഷാനടപടികൾ കൈക്കൊള്ളേണ്ടതിന്റെ അത്യാവശ്യം നിങ്ങളപ്പോൾ പഠിക്കും. ഒരിക്കലും മറക്കാത്ത ഒരു പാഠമായി അതു നിങ്ങളിൽ അവശേഷിക്കും. നിങ്ങളുടെ വീടു് അമ്മാതിരിയുള്ള അപകടങ്ങളിൽനിന്നും രക്ഷിക്കപ്പെടുകയും ചെയ്യും.

മത്തായിയുടെ അപ്പൻ പാപ്പച്ചൻ പറഞ്ഞ കഥയാണു് ചുവടെ ചേർക്കുന്നതു്. "വീട്ടിലൊരു മാവിൽ കൊടിമുളകു കേറിയിട്ടുണ്ടു്. ആ മാവിലാണിയാണ്ടിൽ ധാരാളം മാങ്ങാകാച്ചതു്. മത്തായിക്കു് മാവിലെ മാങ്ങ പറിച്ചേതീരൂ. അവൻ കൊടിമുളകുവള്ളികൾ ചുററിപ്പിടിച്ചുകിടന്ന ആ മാവിലൊരേണി ചാരി വലിയൊരു തോട്ടിക്കമ്പും കൈയിലെടുത്തുകൊണ്ടു് പതുക്കെ മാവിന്റെ മുകളിലേക്കു് കേറി. ഏതാണ്ടു് മുക്കാൽഭാഗം കേറിയപ്പോഴേക്കും ഏണി കൊടിമുളകുവള്ളികളിൽക്കൂടി വഴുതി. മത്തായിക്കുഞ്ഞും തോട്ടിയും കീഴോട്ടുവീണു. ഇടത്തെ കൈയിന്റെ കുഴയാണു് നീലത്തുകുത്തിയതു്. ഓ ആ കൈയിപ്പോൾ 27 ദിവസമായി പ്ലാസ്റററിനുള്ളിലാക്കി കഴുത്തിൽ കെട്ടിയിരിക്കുന്ന തുണിക്കുള്ളിൽ തൂങ്ങുകയാണു്. എന്നും പെൻസിലിൻ ഇൻജക്ഷൻ, കൂട്ടമരുന്നു്, പാലു്, കഞ്ഞി, റൊട്ടി എല്ലാം അവനു വേണം. ആശുപത്രിക്കട്ടിലിൽ കിടക്കുന്ന ഓരോ ദിവസവും 3 രൂപാവീതം കിടക്കവാടകയും കൊടുക്കണം." കൃഷിചെയ്തു ഉപജീവനം കഴിക്കുന്ന പാപ്പച്ചൻ മകനെ അടുത്തുനിറുത്തി കൊണ്ടാണിക്കഥ പറഞ്ഞതു്. മത്തായിക്കുഞ്ഞു് കുളിച്ചിട്ടിന്നു് ദിവസം 27 ആയി. മുണ്ടുടുക്കാനയാൾക്കു മററുള്ളവരുടെ സഹായം വേണം. കിടന്നുറങ്ങാനാണയാൾക്കേററവും പ്രയാസം. കൈക്കുള്ളിൽ പഴുപ്പുണ്ടു്. കുറേശ്ശെ പനിയുമുണ്ടു്. എന്നു് അയാളുടെ കൈ ഭേദമാകും. എന്നാണിനി ആശുപത്രിയിൽനിന്നും പോകാനൊക്കുക. പോയാലും ആ കൈകൊണ്ടെന്തെങ്കിലും തൊഴിലുചെയ്യാനൊക്കുമോ? ഈ ഉത്തരം പറയാനാവാത്ത ചോദ്യങ്ങളൊക്കെയും ഇന്നു മത്തായിയുടെ മുമ്പിൽ മിഴിച്ചുനിൽക്കയാണു്.

ഒരപകടം നമ്മുടെ ജീവിതസുഖങ്ങളെ നശിപ്പിക്കാനിടവരുത്താതിരിക്കട്ടെ. വീട്ടിലെ ഓരോ പ്രവൃത്തിയും റോഡിലെ എല്ലാ പ്രവൃത്തികളും ഏററവും കരുതലോടെയും ജാഗ്രതയോടെയും ആകട്ടെ. ഈശ്വരൻ തന്നിരിക്കുന്ന അവയവങ്ങളെല്ലാം നമുക്കത്യാവശ്യമുള്ളതാണു്. ഒരെണ്ണം പോയാലതിനു് പകരമൊന്നു് അങ്ങാടിയിൽ കിട്ടാനില്ല. അതു എപ്പോഴും ഓർമ്മയിരിക്കട്ടെ.

നിങ്ങളുടെ രക്ഷനോക്കുന്നതോടൊപ്പം നിങ്ങളുടെ അടുത്തുള്ളവരുടേയും രക്ഷ നോക്കുക. ആശുപത്രിക്കട്ടിലുകൾ അപകടക്കാരെക്കൊണ്ടു നിറയ്ക്കാതിരിക്കുക.



"ഓ ആ കൈയിപ്പോൾ 27 ദിവസമായി പ്ലാസ്റററിനുള്ളിൽ..."

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്ന
PYARY PRODUCTS REGD T.C.S

ൽ എഴുതപ്പെട്ടും എന്നുള്ള സമാശ്വാസകരമായ സത്യം—അതിന്റെ പൂർണ്ണതയിൽ സഫലമായതു കണ്ടു് ആ പ്രേഷിതവര്യൻ ആനന്ദനിർവൃതി അടഞ്ഞിരിക്കുമെന്നു സംശയലേശമെന്യേ നമുക്കു വിശ്വസിക്കാം.

(1-ാംപേജ് തുടർച്ച)

കത്തോലിക്കരെല്ലാം അന്നേദിവസം ഒരു വീട്ടിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും വേദപുസ്തകം വായിക്കുകയും ചെയ്യുന്ന പതിവു് സ്തുത്യർഹംതന്നെ. ഇങ്ങനെ അനേകം നല്ല കാര്യങ്ങൾ ചെയ്യാവുന്ന ദിവസമാണു് ഞായറാഴ്ച.

ഉത്തമകത്തോലിക്കരാണു് നാടിനും നാട്ടാർക്കും തങ്ങൾക്കും നന്മവരുത്തുന്നതു്. ഞായറാഴ്ച ശരിയായി ആചരിക്കുന്നവർ ഉത്തമകത്തോലിക്കരായിത്തീരും. ആഴ്ചയിലെ ആദ്യത്തെ ദിവസം വേണ്ടവിധം ആചരിക്കാൻ ആവോളം പരിശ്രമിക്കാൻ മുമ്പോട്ടുവരാം.

—o—

# തിരുഹൃദയഭക്തിയെപ്പററിയുള്ള മാർപ്പാപ്പാ തിരുമനസ്സിലെ ചാക്രികലേഖനം

(പരിഭാഷകൻ:- ഫാദർ സീലാസ് സി. ഡി., തേവര)

(തുടർച്ച)

## തിരുഹൃദയഭക്തിയെപ്പററി മാർപ്പാപ്പാമാർ

നമ്മുടെ മുൻഗാമികൾ ഈശോയുടെ ദിവ്യഹൃദയഭക്തിക്കു് അംഗീകരണം നൽകിക്കൊണ്ടു് തിരുസിംഹാസനത്തിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള പരസ്യമായ പ്രഖ്യാപനങ്ങൾക്കു് എന്മാത്രം കടകവിരുദ്ധമാണു് മുൻവിവരിച്ച അഭിപ്രായങ്ങളെന്നു ആർക്കാണു് ഗ്രഹിക്കുവാൻ പ്രയാസം? നമ്മുടെ അഭിവന്ദ്യമുൻഗാമി ലിയോ പതിമൂന്നാമൻ "ഏററവും സ്വീകാര്യമായ മതാനുഷ്ഠാനരീതി" എന്നു എടുത്തുപറഞ്ഞിട്ടുള്ള ഈ ഭക്തി നിഷ്പ്രയോജനമാണു്, ആധുനികകാലത്തിനു പററിയതല്ല എന്നു് പറയുവാൻ ആർക്കു ധൈര്യമുണ്ടാകും? വ്യക്തികളേയും സമുദായത്തേയും ഇന്നു കൂടുതൽ വിപുലമായും ദാരുണമായും ബാധിച്ചിരിക്കുന്ന തിന്മകളെ ഉച്ചാടനം ചെയ്യുവാൻ പോരുന്ന സിദ്ധൗഷധമായിട്ടാണു് ലിയോമാർപ്പാപ്പാ തിരുഹൃദയഭക്തിയെ പരിഗണിക്കുന്നതു്. "എല്ലാവർക്കും പ്രയോജനമുള്ള ഈ ഭക്തിയെ നാം എല്ലാവരോടും ശുപാർശചെയ്യുന്നു"വെന്നാണു് ലിയോമാർപ്പാപ്പാ പറയുന്നതു്. തിരുഹൃദയഭക്തിയെ പരാമർശിച്ചുകൊണ്ടു് അദ്ദേഹം തുടരുകയാണു്: "ഈ തിന്മകളെ നിർമ്മൂലമാക്കുന്നതിനും അവയ്ക്കു പരിഹാരം കണ്ടുപിടിക്കുന്നതിനും ഒരേഒരു ശക്തിക്കേ കഴിയുകയുള്ളു. ദൈവകുമാരനായ ഈശോമിശിഹായല്ലാതെ ആരാണാ മഹച്ഛക്തി? നമുക്കു രക്ഷപ്രാപിക്കുവാൻ സ്വർഗ്ഗത്തിൻകീഴ് മററു യാതൊരു നാമവുമില്ല (നട. 4-12) ആകയാൽ ജീവനും സത്യവും മാർഗ്ഗവുമായ അവിടുത്തെ പക്കൽ മാത്രമാണു് നാം ആശ്രയിക്കേണ്ടതു്." (Annum Sacrum 25. മേയ് 1899)

സുഭഗസ്മരണാർഹനായ നമ്മുടെ മുൻഗാമി പീയൂസ് പതിനൊന്നാമനും ക്രിസ്തീയഭക്തിയെ പോഷിപ്പിക്കാൻ പോരുന്ന അതിവിശിഷ്ടമായ ഒരു ഭക്തിതന്നെയാണിതെന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. "ഈ ഭക്തി നമ്മുടെ മതാനുഷ്ഠാനത്തിന്റെ സാരാംശത്തെ ഉൾക്കൊള്ളുന്നില്ലേ? ഉപരിപൂർണ്ണമായ ഒരു ക്രിസ്തീയജീവിതത്തിന്റെ മാനദണ്ഡമല്ലേ അതു്? മിശിഹാനാഥനെ പൂർണ്ണമായി അറിയുന്നതിനും അവിടുത്തെ തീക്ഷ്ണതയോടെ സ്നേഹിക്കുന്നതിനും അടുത്തനുകരിക്കുന്നതിനും തിരുഹൃദയഭക്തി നമുക്കുത്തേജനം നൽകുവാൻ പര്യാപ്തമല്ലേ?" എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. (Miserentissimus 8 May 1928)

മുൻഗാമികൾക്കെന്നപോലെ നമുക്കും ഈ യാഥാർത്ഥ്യം സുസ്പഷ്ടവും അത്യന്തം സ്വീകാര്യവുമാണു്. ശ്രേഷ്ഠപുരോഹിതപദം നാം ഏറെറടുത്തഘട്ടത്തിൽ ഈശോയുടെ ഏററവും പരിശുദ്ധഹൃദയത്തോടുള്ള ഭക്തി ക്രൈസ്തവവിശ്വാസികളുടെ ഇടയിൽ വളരെ പുരോഗതി പ്രാപിച്ചിരിക്കുന്നതു് അതിയായ സന്തോഷത്തോടെ നാം കാണുകയുണ്ടായി. രക്ഷാകരമായ ഫലങ്ങൾ അതു പുറപ്പെടുവിക്കുന്നതുകണ്ടു് നാം ആനന്ദംകൊണ്ടു. അതു നമ്മുടെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ നാം സ്പഷ്ടമായി പ്രസ്താവിക്കുകയും ചെയ്തിരുന്നു. (Summi Pontificatus, 20 Oct. 1939) നിരവധി പീഡകളും ദുരന്തദുരിതങ്ങളുമെന്നപോലെ അവാച്യമായ ആനന്ദാശ്വാസങ്ങൾകൊണ്ടു നിറഞ്ഞിരുന്ന നമ്മുടെ ഭരണകാലത്തു് ഈ ഫലങ്ങൾക്കു് വൈപുല്യത്തിലും ശക്തിയിലും ആകർഷകതയിലും യാതൊരു പോരായ്മയും സംഭവിച്ചില്ലെന്നുതന്നെയല്ല, അതു പൂർവ്വാൽ ശോഭായമാനമായിത്തീരുകയുമാണുണ്ടായതു്. അങ്ങനെ പ്രസ്തുതഭക്തിയെ കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിനു പര്യാപ്തമായ വിവിധമാർഗ്ഗങ്ങൾ ഉടലെടുത്തു. സംസ്കാരം, മതാനുഷ്ഠാനം, സാമൂഹ്യസേവനം ഇവയെ പരിപോഷിപ്പിക്കുന്ന സംഘടനകൾ, ഈ ഭക്തിയുടെ ചരിത്രം, ധാർമ്മികവും മൗതികവുമായ മൂല്യങ്ങൾ ഇവയെ പുരസ്കരിച്ചുള്ള പണ്ഡിതോചിതമായ ഗ്രന്ഥങ്ങൾ, പരിഹാരനിർവ്വഹണം ആദിയായ അഭിനവവും കാലോചിതവുമായ നിരവധി പ്രസ്ഥാനങ്ങൾ ഇവയിൽ ചിലതുമാത്രമാണു്. വിശിഷ്യ "പ്രാർത്ഥനയുടെ പ്രേഷിതസഖ്യം" തീക്ഷ്ണതമമായ തിരുഹൃദയഭക്തിക്കു സാക്ഷ്യംവഹിക്കുന്നു. ഈ സഖ്യത്തിന്റെ ആഭിമുഖ്യത്തിലും പ്രോത്സാഹനത്തിലും കുടുംബങ്ങളും കലാലയങ്ങളും സ്ഥാപനങ്ങളും രാഷ്ട്രങ്ങൾപോലും ഈശോയുടെ ഏററവും പരിശുദ്ധഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെടുവാനിടയായി എന്നതും ചാരിതാർത്ഥ്യപൂർവ്വം നാം അനുസ്മരിക്കുന്നു. ഈദൃശമായ അവസരങ്ങളിൽ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ, റേഡിയോസന്ദേശങ്ങൾ ആദിയായവമൂലം നമ്മുടെ പൈതൃകമായ താല്പര്യം നാം പലപ്പോഴും പ്രദർശിപ്പിക്കയും ചെയ്തിട്ടുണ്ടു്. (cf. A A S 1940 p. 276. 1943 p. 170. 1945 p. 263-264. 1948 p 501. 1949 p. 331)

അതിനാൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകപ്രചോദനത്തിന്റേയും പ്രവർത്തനത്തിന്റേയും ഫലമായി കത്തോലിക്കാതിരുസഭയുടെ അസംഖ്യം സന്താനങ്ങൾ ദിവ്യരക്ഷകന്റെ തിരുഹൃദയത്തിൽനിന്നു ഉയിരെടുക്കുന്ന സമൃദ്ധമായ രക്ഷയുടെ ജലപ്രവാഹത്തെ—അതായതു് അതുല്യസ്നേഹത്തിന്റെ സ്വർഗ്ഗീയവരങ്ങളെ—പ്രാപിക്കുന്നതു ദർശിക്കുമ്പോൾ നമ്മോടുകൂടെ നിങ്ങളും ഒന്നുചേർന്നു് സർവ്വനന്മകളുടേയും ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുവാൻ നാം ക്ഷണിക്കയാണു്. വി. പൗലോസിനോടുകൂടെ നമുക്കും പറയാം: "നമ്മുടെ പ്രതീക്ഷയേയും ഗ്രഹണശക്തിയേയും അതിശയിക്കുന്നവിധം പ്രവർത്തിക്കുവാൻ കഴിയുന്നതു (ദൈവം) അതെ, ആരുടെ ശക്തിവിശേഷം നമ്മിൽ പ്രബലപ്പെട്ടിരിക്കുന്നുവോ അവിടുന്നുതന്നെ തന്റെ സഭയിലും ഈശോമിശിഹായിലും എല്ലാ തലമുറകളിലും എന്നെന്നേക്കും മഹത്വപ്പെടട്ടെ." (എഫേ. 3, 20—21)

## തിരുഹൃദയഭക്തിയുടെ അടിസ്ഥാനതത്വങ്ങൾ

നിത്യനായ ആ പരാശക്തിക്കു നന്ദിസമർപ്പിച്ചശേഷം തിരുഹൃദയഭക്തിയുടെ സുസ്ഥിരമായ അടിസ്ഥാനങ്ങളെന്നപോലെ നിലകൊള്ളുന്ന വി. ഗ്രന്ഥത്തിന്റേയും സഭാപിതാക്കന്മാരുടേയും വേദശാസ്ത്രജ്ഞന്മാരുടേയും തത്വങ്ങൾ നിങ്ങളും സഭയുടെ മററു വത്സലമക്കളും ഈ ചാക്രികലേഖനത്തിൽനിന്നു സശ്രദ്ധം പഠിച്ചറിയണമെന്നു നാം ആഗ്രഹിക്കുന്നു. ദൈവംതന്നെ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള സത്യങ്ങളുടെ വെളിച്ചത്തിൽ ഈ ഭക്തിയുടെ അത്യന്തം പ്രാധാന്യമർഹിക്കുന്നതും സ്വർഗ്ഗീയവുമായ സ്വഭാവവിശേഷം ഗ്രഹിച്ചിരുന്നാൽമാത്രമേ അതിന്റെ അന്യാദൃശമായ വൈശിഷ്ട്യവും ആദ്ധ്യാത്മികഫലസമൃദ്ധിയും വേണ്ടവിധത്തിലും പൂർണ്ണമായും നമുക്കാസ്വദിക്കുവാൻ സാധിക്കൂ. അങ്ങനെ ഈ ഭക്തിയിൽനിന്നു മുളയെടുക്കുന്ന നിരവധി ഫലങ്ങളെ പ്രാർത്ഥനാപൂർവ്വം ധ്യാനിക്കുവാൻ ഇടവന്നാൽമാത്രമേ സാർവ്വത്രികസഭാടിസ്ഥാനത്തിൽ തിരുഹൃദയത്തിരുനാൾ സംസ്ഥാപിതമായതിന്റെ ശതവാർഷികം സമുചിതമായ രീതിയിൽ നമുക്കാഘോഷിക്കുവാൻ സാധിക്കുകയുള്ളു.

ക്രിസ്തീയവിശ്വാസികളുടെ പരിചിന്തനത്തിനു നാം നൽകുന്ന ആത്മീയഭക്ഷണംവഴിയായി തിരുഹൃദയഭക്തിയുടെ യഥാർത്ഥപ്രകൃതി സമഗ്രമായി ഗ്രഹിക്കുവാനും അതിന്റെ ഫലങ്ങൾ സമൃദ്ധമായി പ്രാപിക്കുവാനും അവർക്കിടയാകണം. അതിനുവേണ്ടി ഒന്നാമതായിത്തന്നെ പഴയനിയമട

ദി കാത്തലിക്ക് യൂണിയൻബാങ്ക് ക്ലിപ്തം

ഹെഡാപ്പീസ്, മാള

ബ. തിരുകൊച്ചി ഗവമ്മെണ്ടിന്റെ 1-5-56-ലെ D.Dis 14229/56-ാംനമ്പ്രായി ലഭിച്ച അനുവാദപ്രകാരം ചാലക്കുടി ബ്രാഞ്ചിൽ ആരംഭിക്കുന്ന പുതിയ പൂവ്വൽകുറി:—

നറുക്കു് 1ക്കു് 100ക. 250 നറുക്കു് 25000ക. സല
5 ഡിവിഷ്യൻ, കിട്ടുന്നവക്കു് 4000ക. 50 തവണ
സ്ഥിരപലിശ 4495ക.

ഈ കുറിയുടെ ആദ്യതവണ 1956 ജൂലായി 30-ാംനു-യും പിന്നിട്ടുള്ള തവണകൾ ആണ്ടിൽ ജനുവരി, മേയ്, സെപ്റ്റംബർ എന്നി മാസങ്ങളിൽ 30-ാംനു-കളിലും ആയിരിക്കും. ഓരോ തവണയും ഒരു നറുക്കു് എടുപ്പും 4 നറുക്കു് ലേലവും ഉണ്ടായിരിക്കുന്നതാണു്.

ഇന്ത്യയിലെ പ്രമുഖകേന്ദ്രങ്ങളിലെല്ലാം കുറിപ്പിരിവെടുക്കുന്നതിനു് ഏപ്പാടുകൾ ഉണ്ടായിരിക്കും. കുറിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾ ഉടൻ അന്വേഷിപ്പിൻ.

മാള | മാനേജിംഗ് ഡയറക്റ്റർ
6—6—56 | ടി. കെ. കൊച്ചുതോമൻ

പുതിയനിയമം ഇവയുടെ സിദ്ധാന്തം നാം വിശദീകരിക്കുന്നതാണ്. ഒന്നാമതു മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അപാരമായ സ്നേഹം, അതൊരിക്കലും മതിയാംവിധം ഗ്രഹിക്കാൻ നമുക്ക സാധിക്കയില്ലെന്നിരുന്നാലും, സുവിശദമായി വ്യവഹരിക്കപ്പെടുന്നതായിരിക്കും. രണ്ടാമതായി സഭാപിതാക്കന്മാരും മല്പാന്മാരും വി. ഗ്രന്ഥത്തെപ്പററി നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളെ പരിമിതമായിട്ടെങ്കിലും നാം പരാമർശിക്കുന്നതാണ്. അവസാനമായി തിരുഹൃദയഭക്തിക്കും സർവ്വമനുഷ്യരോടുമുള്ള ദിവ്യരക്ഷകന്റെയും പരിശുദ്ധ ത്രിത്വത്തിന്റെയും സ്നേഹത്തിനും തമ്മിലുള്ള ഗാഢമായ ബന്ധത്തേയും നാം വിശദമാക്കാൻ ഉദ്ദേശിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിലും പിതാക്കന്മാരുടെ സിദ്ധാന്തങ്ങളിലുംനിന്നു മുളയെടുക്കുന്ന ഈ അതിവിശിഷ്ടമായ ഭക്തിയുടെ വിവിധഘടകങ്ങളെ വിശകലനംചെയ്യുകയാണെങ്കിൽ, അപ്രകാരംതന്നെ അതിന്റെ വിവിധാനുഷ്ഠാനരീതികളെ പരിശോധിച്ചുനോക്കുകയാണെങ്കിൽ കൂടുതൽ എളുപ്പത്തിൽ ക്രിസ്തീയവിശ്വാസികൾക്ക് "രക്ഷകന്റെ നീർച്ചാലിൽനിന്നു സന്തോഷപൂർവ്വം ജലം പകർന്നെടുക്കുവാൻ" സാധിക്കുമെന്നാണ് (ഏശ. 12—3) നമ്മുടെ ബോദ്ധ്യം. അപ്രകാരംതന്നെ തിരുസഭയുടെ തിരുകർമ്മങ്ങളിലും സഭയുടെ ആഭ്യന്തരവും ബാഹ്യവുമായ ജീവിതത്തിലും ഈ ഭക്തി എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്ന വസ്തുതയും നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്. സഭാദ്ധ്യക്ഷന്മാരുടെ അഭിലാഷമനുസരിച്ച് സ്വവിശുദ്ധീകരണത്തിനു പര്യാപ്തമായ ആദ്ധ്യാത്മികഫലങ്ങൾ നമുക്കെങ്ങനെ ശേഖരിക്കാമെന്നും ഈ പഠനത്തിൽനിന്നു ഗ്രഹിക്കുവാൻസാധിക്കും.

## തിരുഹൃദയം ആരാധ്യമാണ്

പഴയനിയമവും പുതിയ നിയമവും ഈ ഭക്തിയുടെ നിദാനത്തെപ്പററി പറയുന്നതു് ശരിയാംവിധം ഗ്രഹിക്കണമെങ്കിൽ ദിവ്യരക്ഷകന്റെ ഹൃദയത്തിനു് തിരുസഭ ആരാധനസമർപ്പിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്നു നാം ആദ്യമായിത്തന്നെ മനസ്സിലാക്കണം. ഇതിന്റെ നിദാനം രണ്ടാണ്. ഒന്നാമതായി നമുക്കേവർക്കും അറിയാവുന്നപോലെ തിരുഹൃദയം ഈശോയുടെ ശരീരത്തിലെ ഏററവും വിശിഷ്ടമായ അവയവമാണ്. മററവയവങ്ങളെപ്പോലെ തിരുഹൃദയവും ദിവ്യവചനത്തിന്റെ വ്യക്തിത്വത്തോടു് സംതാപികമായി സംയോജിച്ചിരിക്കുന്നു. അതിനാൽ അവതാരംചെയ്ത ദൈവകുമാരന്റെ വ്യക്തിത്വത്തോടു പ്രദർശിപ്പിക്കുന്ന വണക്കംതന്നെ അവിടത്തെ ഹൃദയത്തോടും പ്രകാശിപ്പിക്കേണ്ടതാണ്. ഇതു് എഫേസൂസിലേയും കോൺസ്റ്റാന്റിനോപ്പിളിലെ രണ്ടാമത്തേയും സാർവ്വത്രികസൂനഹദോസുകളിൽ വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതത്രെ. (എഫേ. സൂന. 8-ാം കാനോന; കോൺസ്റ്റാ. 9-ാം കാനോന) രണ്ടാമത്തെ കാരണം ഈശോയുടെ തിരുഹൃദയത്തെ പ്രത്യേകമായി സ്പർശിക്കുന്ന ഒന്നാണ്. തിരുഹൃദയം മററു ശരീരാവയവങ്ങളെ അപേക്ഷിച്ച് മനുഷ്യവർഗ്ഗത്തോടുള്ള ദിവ്യരക്ഷകന്റെ അപാരമായ സ്നേഹത്തിന്റെ പ്രതീകം അല്ലെങ്കിൽ ചിഹ്നമായി നിലകൊള്ളുന്നു. തന്മൂലം ദിവ്യഹൃദയം നമ്മുടെ ആരാധനാപാത്രംതന്നെയാണ്. നമ്മുടെ മുൻഗാമിയായ ലിയോ പതിമൂന്നാമന്റെ വാക്കുകളിൽ, "ഈശോമിശിഹായുടെ അനന്തസ്നേഹത്തിന്റെ പ്രതീരൂപമാണ് അവിടത്തെ ദിവ്യഹൃദയം. ഈ സ്നേഹം പ്രതിസ്നേഹം പ്രദർശിപ്പിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു." (cf. Annum Sacrum)

## തിരുഹൃദയഭക്തിയുടെ അടിസ്ഥാനം

അവതരിച്ച ദിവ്യവചനത്തിന്റെ മാംസളഹൃദയത്തിനു് അവിടത്തെ ഉജ്ജ്വലതമായ സ്നേഹത്തിന്റെ ചിഹ്നമെന്ന നിലയിൽ ഒരു പ്രത്യേകസ്നേഹവണക്കം പ്രദർശിപ്പിക്കണമെന്നു് വി. ഗ്രന്ഥങ്ങൾ സ്പഷ്ടമായി പറയുന്നില്ല എന്നതു് വാസ്തവമാണ്. (ഇല്ലായതൊരുവിധത്തിലും നമ്മെ വിസ്മയിപ്പിക്കയോ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ പേരിൽ സംശയം ജനിപ്പിക്കയോ ചെയ്യുന്നില്ല) എന്നിരുന്നാലും നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്ന ഏതാദൃശമായ പ്രതിരൂപങ്ങൾ പുതിയ നിയമവും പഴയനിയമവും ഒരുപോലെ ഉപയോഗിക്കുന്നുണ്ടു്. മനുഷ്യനായി അവതരിക്കാനിരുന്ന ദൈവകുമാരന്റെ ജനനത്തെപ്പററി പറയുമ്പോൾ വി. ഗ്രന്ഥം ഈദൃശമായ പ്രതിരൂപങ്ങൾ ഉപയോഗിക്കുന്നതായി കാണാം. അവ അവിടത്തെ അപരിമിതമായ ദിവ്യസ്നേഹത്തേയും തദ്വാരാ ദിവ്യരക്ഷകന്റെ ആരാധ്യമായ തിരുഹൃദയത്തേയും കുറിക്കുന്നതായി കരുതാവുന്നതാണ്.

പഴയനിയമഗ്രന്ഥങ്ങളിൽനിന്നു് നിരവധി സാക്ഷ്യങ്ങൾ ഉദ്ധരിക്കേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല. സമാധാനബലിയപ്പണത്താൽ പവിത്രീകൃതവും, ദൈവവും ഇസ്രായേൽജനവും തമ്മിൽ ചെയ്യപ്പെട്ടതുമായ ആ ഉടമ്പടിയെപ്പററിമാത്രം ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു. ഈ ഉടമ്പടിയുടെ ആദ്യനിയമമായിരുന്നല്ലോ മൂശെ രണ്ടു കല്പലകകളിൽ എഴുതിയതും പ്രവാചകന്മാർ ജനങ്ങൾക്ക വ്യാഖ്യാനിച്ചുകൊടുത്തതും. ഈ ഉടമ്പടി ദൈവത്തിന്റെ പരമാധികാരത്തേയും മനുഷ്യരുടെ അനുസരണത്തേയും ഉറപ്പിച്ചുപറയുക മാത്രമല്ല അതു ഉത്തമമായ സ്നേഹത്താൽ പ്രേരിതവുംകൂടെയായിരുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തെ അനുസരിക്കുന്നതിനു ഇസ്രായേൽജനത്തിനുണ്ടായിരുന്ന പ്രേരണ സീനായ് മലമുകളിൽവച്ചു് ഇടിയുടേയും മിന്നലിന്റേയും മദ്ധ്യേ കല്പനകളുടെ ലംഘനത്തിനു വിധിക്കപ്പെട്ട ശിക്ഷകളെന്നതിനേക്കാൾ ദൈവത്തോടു പ്രദർശിപ്പിക്കേണ്ടിയ സ്നേഹമായിരുന്നു. "ഇസ്രായേൽ, നീ കേൾക്കു! നമ്മുടെ കർത്താവായ ദൈവം ഏകൻമാത്രമാണ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ആത്മാവോടും മുഴുഹൃദയത്തോടും സർവ്വശക്തിയോടുംകൂടെ സ്നേഹിക്കണം. ഇതാണു് ഞാൻ ഈ ദിവസം നിന്റെ ഹൃദയത്തോടു കല്പിച്ചരുളിച്ചെയ്യുന്നതു്." (Deut 6, 16)

തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ "നേതാക്കന്മാർ" എന്നു വി. തോമാമല്പാൻ വിളിക്കുന്ന മൂശയ്ക്കും പ്രവാചകന്മാർക്കും സർവ്വനിയമങ്ങളുടേയും അടിസ്ഥാനം സ്നേഹമാണെന്നു ബോദ്ധ്യമുണ്ടായിരുന്നതിനാലാണ് ദൈവവും സ്വജനവും തമ്മിലുള്ള ബന്ധത്തെപ്പററി പരാമർശിക്കയിൽ പിതാവു്, മക്കൾ, ഭാര്യാഭർത്താക്കന്മാർ ഇവരുടെ സ്നേഹത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ഉപയോഗിച്ചുകാണുന്നതു്. ദൈവത്തിന്റെ പരമാധികാരം, നമ്മുടെ ദാസ്യാവസ്ഥ ഇവയൂന്നുന്നതിനെക്കാൾ സ്നേഹത്തിനു അവർ പ്രാധാന്യം കല്പിച്ചുവന്നു. ഉദാഹരണമായി ദൈവശക്തിയാൽ ഇസ്രായേൽജനത ഈജിപ്തിലെ ദാസ്യത്തിൽനിന്നു വിമുക്തിപ്രാപിച്ചയവസരത്തിൽ മൂശ രചിച്ച സുപ്രസിദ്ധമായ സ്തോത്രഗീതം ഹൃദയസ്പർശകങ്ങളായ അലങ്കാരപദങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. "കുഞ്ഞുങ്ങളെ പറക്കുവാൻ പഠിപ്പിക്കുന്നതിനു് തള്ളപ്പക്ഷി അവയ്ക്കു മുകളിലായി പറന്നുനില്ക്കുന്നപോലെ, (ദൈവം) തന്റെ ചിറകു വിരിച്ചുപിടിച്ചുകൊണ്ടു തന്റെ ജനങ്ങളെ ചുമലുകളിൽ പൊക്കിയെടുത്തിരിക്കുന്നു." (Deut 32—11) ഒരുപക്ഷെ മറേറതൊരു പ്രവാചകനെക്കാൾകൂടുതലായി ഓസിയാസാണു് ദൈവം ഇസ്രായേൽജനതയോടു കാണിച്ച സ്നേഹത്തെ ശക്തിയേറിയ വാക്കുകളിൽ ഏററവും സ്പഷ്ടമായി ചിത്രീകരിച്ചിരിക്കുന്നതു്. "ചെറിയ" പ്രവാചകന്മാരിൽവെച്ചു് ഏററം ഉന്നതാശയനായ ഇദ്ദേഹത്തിന്റെ ആശയതാമീഴ്ചം വെട്ടിത്തിളങ്ങുന്ന ലിഖിതത്തിൽ കരുണാനിറഞ്ഞ ഒരു പിതാവായും പ്രിയതമയുടെ സ്നേഹരാഹിത്യത്തിൽ ഖേദിക്കുന്ന ഒരു ഭർത്താവായും ദൈവത്തെ ഉയർത്തിക്കാണിക്കുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ക്ഷേമത്തിൽ ആകാംക്ഷ പ്രകടിപ്പിക്കുന്ന സ്നേഹസമ്പന്നനായ ദൈവം, തന്റെ ജനത്തിന്റെ അവിശ്വസ്തതയോ പാപകർമ്മങ്ങളോമൂലം അവിടത്തെ സ്നേഹവായ്പിനെ അല്പംപോലും കുറയ്ക്കുന്നില്ല. അർഹമായ രീതിയിൽ അവിടുന്നു ശിക്ഷിക്കുന്നെങ്കിൽ അതു തന്റെ പ്രിയവധുവായ ഇസ്രായേലിനേയും കൃതഘ്നരായ പുത്രന്മാരേയും തന്റെ പക്കലേക്കു നയിക്കാൻവേണ്ടിമാത്രമാണ്. അവിടുന്നവരെ ഉപേക്ഷിക്കുന്നില്ല, പറഞ്ഞയക്കുന്നില്ല, പ്രത്യുത ശിക്ഷവഴി അവരെ പവിത്രീകരിക്കുന്നു. പശ്ചാത്തപിച്ചതിനുശേഷം ദൃഢമായ സ്നേഹബന്ധത്താൽ വീണ്ടും തന്നോടു സംയോജിപ്പിക്കുന്നു. "ശിശുവായ ഇസ്രായേലിനെ ഞാൻ സ്നേഹിച്ചു. അതിനാൽ ഈജിപ്തിൽനിന്നു എന്റെ മകനെ ഞാൻ തിരികെ വിളിച്ചു. ഞാനാണു് എഫ്രേമിനെ പാലൂട്ടിവളർത്തിയതു്. ഞാൻ അവരെ പരിപാലിക്കുന്നുവെന്നു് അവരറിഞ്ഞില്ലെങ്കിലും എന്റെ കൈകളാണു് അവരെ താങ്ങിയിരുന്നതു്. ആദത്തിന്റെ പാശംകൊണ്ടു്, സ്നേഹത്തിന്റെ ചരടുകൊണ്ടു് അവരെ എന്റെ പക്കലേക്കു ഞാനാകർഷിക്കും. അവരുടെ മുറിവുകളെ ഞാൻ സുഖമാക്കും. ഞാനവരെ സ്വയം സ്നേഹിക്കും. അവരിൽനിന്നു് എന്റെ നീരസം ഞാൻ മാററിക്കളയും. ഞാൻ മഞ്ഞുപോലെ അവരിൽ സ്വയം വർഷിക്കും. ഇസ്രായേൽ അതിന്റെ ഫലമായി ലില്ലിയെപ്പോലെ മുളച്ചുവരും. അതിന്റെ വേരുകൾ ലെബനോനിലെ വൃക്ഷങ്ങളുടേതുപോലെയും" (Is 11, 1, 3—4; 14, 5—6)

(ശേഷം 7-ാം പേജിൽ)

# ചോദിച്ചാൽ പറയാം

ചോ: സിനിമാമാസികകൾ അശ്ലീലമാസികകളാണെന്നു ചിലർ പറയുന്നു. പക്ഷേ എന്റെ ദൃഷ്ടിയിൽ അങ്ങനെ തോന്നുന്നില്ല. ഇവ വരുത്തി വായിക്കുന്നതു തെററാണോ?

എ. എ. ടി. തൃക്കൊടിത്താനം

ഉ: സിനിമാ മാസികകളിൽ സ്റ്റുഡിയോ വാർത്തകൾ, സിനിമാസംബന്ധമായ ചോദ്യോത്തരങ്ങൾ, പുതിയ സിനിമായെപ്പററിയുള്ള അഭിപ്രായങ്ങൾ, വിമർശനങ്ങൾ, അഭിനയപാടവം, ജയാപജയം മുതലായവയെപ്പററിയുള്ള പത്രാധിപക്കുറിപ്പുകൾ, സിനിമാതാരങ്ങളുടെ ചിത്രങ്ങൾ മുതലായവയേ ഉള്ളുവെന്നും, അതിനാൽ കലാപരമായ മാസികകളെന്നനിലയിൽ അവ വായിക്കുന്നതിൽ തെററില്ലെന്നും ചിലർക്ക അഭിപ്രായമുള്ളതുപോലെ തോന്നുന്നു. മിക്കസിനിമാ മാസികകളുടെയും ഉള്ളടക്കങ്ങൾ ഇവയൊക്കെത്തന്നെയായിരിക്കാം. പക്ഷെ അവയുടെ പ്രതിപാദനരീതിയും ക്രമീകരണവും എങ്ങനെയെന്നുള്ളതാണു പ്രധാനസംഗതി. വായനക്കാരന്റെ ധാർമ്മികനിലവാരത്തെ ഏതെങ്കിലുംതരത്തിൽ അധഃപതിപ്പിക്കുന്നതിനു അവ പര്യാപ്തമാണോ? ആണെങ്കിൽ അത്തരം മാസികകൾ വായിച്ചുകൂടാത്തതാകുന്നു.

"എന്റെ ദൃഷ്ടിയിൽ അവ അശ്ലീലങ്ങളല്ല" എന്ന പ്രസ്താവനയ്ക്കു വലിയ അർത്ഥമില്ല. മിന്നിത്തിളങ്ങുന്ന ഒരു കത്തി വളരെ നല്ലതായി ഒരു ശിശുവിനു തോന്നാം. പക്ഷെ കത്തികൊണ്ടു ഇഷ്ടംപോലെ കളിക്കുവാൻ ചോദ്യകർത്താവു സ്വന്തം ശിശുവിനെ അനുവദിക്കുകയില്ലല്ലോ. വഴിയിൽ വീണുകിടക്കുന്ന വൈദ്യുതപ്രവാഹമുള്ള ഒരു കമ്പി നിരുപദ്രവമാണെന്നു യാത്രക്കാരനു തോന്നാം. പക്ഷെ അതറിയാവുന്നയാൾ, ആ കമ്പിയിൽ കടന്നുപിടിക്കുവാൻ യാത്രക്കാരനെ അനുവദിക്കുമോ? സാധാരണകാര്യങ്ങളിൽ അനുഭവജ്ഞാനവും പാണ്ഡിത്യവുമുള്ള വിദഗ്ധന്മാരുടെ അഭിപ്രായത്തെ ആദരിക്കുകയാണല്ലോ നാം ചെയ്യുന്നതു്. ഇക്കാര്യത്തിലും അതുതന്നെയാണു ഉത്തമമായ മാർഗ്ഗം. വായനക്കാരുടെ ലൈംഗികവാസനകളെ ഉത്തേജിപ്പിച്ചു കൂടുതൽ പ്രചാരമുണ്ടാക്കുന്ന കാര്യത്തിലാണു മിക്ക സിനിമാമാസികകളും വ്യാപൃതമായിരിക്കുന്നതു്. സിനിമാമാസികകളിൽ ഒന്നാംതരമെന്നു പറയപ്പെടുന്ന "ഫിലിം ഫെയർ" പോലും അർദ്ധനഗ്നങ്ങളായ ചിത്രങ്ങളുടെ പ്രസിദ്ധീകരണത്തിൽ മത്സരിക്കുകയാണ്. ഈവക പരിതസ്ഥിതികളിൽ സ്വന്തം ആദ്ധ്യാത്മികോപദേഷ്ടാവിന്റെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കുകയാണ് ഉത്തമമായ മാർഗ്ഗം. വിനോദത്തിനും ഉന്മേഷത്തിനുംവേണ്ടി സിനിമാകാണുന്നവരെപ്പററിയും ഇതുതന്നെയാണു പറയുവാനുള്ളതു്. ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?

ചോ: പാപികളാണു നാമെങ്കിലും, "പാപികളുടെ സങ്കേത"മായ ദൈവം നമ്മുടെ പ്രാർത്ഥനകൾ ശ്രദ്ധിക്കാതിരിക്കുമോ? നാം പ്രാർത്ഥിക്കുമ്പോൾ നേരിട്ടു ക്രിസ്തുവിനോടു പറഞ്ഞാൽ കേൾക്കാതിരിക്കുമോ?

എം. വാമനൻ, ഗുരുവായൂർ

ഉ: നേരിട്ടു ദൈവത്തോടു പ്രാർത്ഥിച്ചാൽ അവിടുന്നു ശ്രദ്ധിക്കുകയില്ലെന്നോ, കേൾക്കുകയില്ലെന്നോ കത്തോലിക്കാസഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. പഠിപ്പിക്കുന്നുമില്ല. സഭയുടെ ഔദ്യോഗികപ്രാർത്ഥനകൾ ഭൂരിപക്ഷവും ദൈവത്തോടു് നേരിട്ടുള്ള പ്രാർത്ഥനകളുമാകുന്നു.

ക്രിസ്തു ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയ്ക്കുള്ള മദ്ധ്യസ്ഥൻ (1 തിമോ: 5) ആണെന്നു കത്തോലിക്കർ അസന്നിഗ്ദ്ധമായി വിശ്വസിക്കുന്നുണ്ടു്. ത്രെന്തോസ് സൂനഹദോസ് ഈ വിശ്വാസം ഊന്നിപ്പറയുന്നു. തന്റെ കുരിശുമരണത്താൽ നമ്മെ സമുദ്ധരിച്ചതു ക്രിസ്തു മാത്രമാണെന്നും, യാതൊരു ദൈവവരപ്രസാദവും ക്രിസ്തുവും അവിടത്തെ യോഗ്യതകളുംവഴിയായിട്ടല്ലാതെ നമുക്കു ലഭിക്കുന്നതല്ലെന്നും കത്തോലിക്കർ വിശ്വസിക്കുന്നു.

എന്നാൽ തങ്ങളുടെ അസാധാരണവിശുദ്ധിയാൽ ദൈവത്തിന്റെ പ്രീതി സമ്പാദിച്ചിട്ടുള്ള വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം തേടുന്നതു പ്രയോജനകരമായ ഒരു സംഗതിയാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. പക്ഷെ കത്തോലിക്കർ വിശുദ്ധന്മാരുടെയോ മററു സ്വർഗ്ഗവാസികളുടെയോ സഹായം തേടുന്നതു ക്രിസ്തുവിൽനിന്നു ഭിന്നമായിട്ടല്ല. നമ്മുടെ പ്രാർത്ഥനകളോടുകൂടി അവരുടെയും പ്രാർത്ഥനകൾ സംയോജിപ്പിക്കണമെന്നാണു നാം അപേക്ഷിക്കുന്നതു്. അസാധാരണവിശുദ്ധിമൂലം ദൈവത്തിന്റെ കൂടുതൽ പ്രീതിക്കു പാത്രമായിട്ടുള്ള വിശുദ്ധന്മാരുടെ അപേക്ഷകൾ ദൈവതിരുമുൻപാകെ കൂടുതൽ സ്വീകാര്യമായിരിക്കുമല്ലോ.

ദൈവം അബിമലേക്കിനോടു അബ്രാഹമിന്റെ പ്രാർത്ഥനകൾ യാചിക്കുവാൻ ഉപദേശിക്കുന്നതായി നാം പഴയനിയമത്തിൽ വായിക്കുന്നു: "നിനക്കുവേണ്ടി അവൻ പ്രാർത്ഥിക്കും; നീ ജീവിക്കുകയും ചെയ്യും." (സൃഷ്ടി XX 7.17.) ഇസ്രായേലിലെ പാപികളായ സന്തതികളെ, മോശ അവർക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുകയാൽ ദൈവം അവരോടു കരുണകാണിച്ചു. (സങ്കീ: XV 23) ദൈവം യോബിന്റെ സ്നേഹിതന്മാരോടു പറഞ്ഞു: "എന്റെ ദാസൻ യോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും; അവന്റെ പ്രാർത്ഥന ഞാൻ സ്വീകരിക്കും" (യോബ് XLIII 8)

"നീ കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചപ്പോൾ...നിന്റെ പ്രാർത്ഥനകളെ ഞാൻ ദൈവത്തിനു സമർപ്പിച്ചു" (തോബി: XII 12) എന്നു റഫായേൽ മാലാഖ തോബിയാസിനോടു പറയുന്നു. "അനുതപിക്കുന്ന ഒരു പാപിയെപ്പററി ദൈവത്തിന്റെ ദൂതന്മാരുടെ സന്നിധിയിൽ സന്തോഷം ഉണ്ടാകും" (ലൂക്കാ XV 10) എന്നുള്ള ക്രിസ്തുവിന്റെ വാക്കുക



ളിൽ മാലാഖമാർക്ക നമ്മുടെ കാര്യങ്ങളിലുള്ള താല്പര്യം വ്യക്തമാകുന്നുണ്ടല്ലോ."

വിശുദ്ധന്മാരോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന സഭയുടെ ആരംഭഘട്ടം മുതൽ സ്വീകരിച്ചുപോന്നിട്ടുള്ള ഒരു നടപടിയാകുന്നു.

—o—

## ഇടവകവാർത്തകൾ

**എറണാകുളം:** വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ 23-മത്തെ പട്ടാഭിഷേകവാർഷികത്തോടനുബന്ധിച്ച് എറണാകുളം ബോയ്സ്റ്റോ കലാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രഥമ കലാമത്സരത്തിൽ, "ഒരു ജീവിതം ആരംഭിക്കുന്നു" എന്ന ഏകാങ്കം അഭിനയിച്ച സിസിലിയൻ ആർട്ട്സ് ക്ലബ് (ചുങ്കത്തിൽ) ക്ലബ് ലിറ്റിൽ മെമ്മോറിയൽകപ്പും "വണക്കമാസെട്ടുക്കം" അഭിനയിച്ച കേരള കലാസദനം (എറണാകുളം) രണ്ടാംസമ്മാനവും കരസ്ഥമാക്കി. ഏററം നല്ല നടനത്തിനുള്ള സമ്മാനങ്ങൾ യഥാക്രമം "സിസിലിയൻ ആർട്ട്സ് ക്ലബ്", "ഫാത്തിമാ ബോയ്സ് ആർട്ട്സ് ക്ലബ് എളംകുളം" എന്നീ സ്ഥാപനങ്ങൾക്ക ലഭിച്ചു. എറണാകുളത്തും പരിസരപ്രദേശങ്ങളിലും നിന്നു 10 കലാസമിതികൾ മത്സരത്തിൽ പങ്കെടുത്തു. 9-ാംനു- ശനിയാഴ്ച നടത്തിയ സംഗീതമത്സരത്തിൽ 1-ാം സമ്മാനം ജെയിസൺ വിവേര ബോർഡ്ടട്ടിയും, 2-ാംസമ്മാനം ജെയിസൺ പെരുമാനൂരും കരസ്ഥമാക്കി. സമ്മാനദാനം ഞായറാഴ്ച എറണാകുളം മുൻസിപ്പൽചെയർമൻ ശ്രീ പീററർ കോറയാ നിർവ്വഹിച്ചു.

**മണിമൂളി:** തെക്കേക്കര തോമസ് അവർകളുടെ പുത്രൻ റവ ഫാദർ ജോസഫ് കെ എഫ് എം (Cap) സ്ഥലം പള്ളിയിൽ വെച്ചു നവപൂജാർപ്പണം നടത്തി. തദനന്തരം ഇടവകക്കാരുടേയും, വിൻസെൻറ് ഡി പോൾ, സൊഡാലിററി എന്നീ സംഘക്കാരുടേയും സ്വീകരണയോഗവും നടന്നു. മണിമൂളിഇടവകയിലെ പ്രഥമവൈദികനാണിദ്ദേഹം എന്നുള്ള പ്രത്യേകം പ്രസ്താവ്യമാണ്.

**വല്ലം:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധനസംഘത്തിൻറെ ഒന്നാമത്തെ വാർഷികം മേയ് 27-ാംനു- സ്ഥലം സ്കൂളിൽവച്ച് റവ ഫാദർ ലിയോ കെ എഫ് എം (Cap) അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. യോഗത്തിൽ ശ്രീ മത്തായി കുരുവിനാകുന്നേൽ (സത്യാരാധനസംഘം ജനറൽ ലീഡർ) ഒരു പ്രസംഗം ചെയ്തു. മററു പല പ്രസംഗങ്ങളും പാട്ടും കലാപരിപാടികളുമുണ്ടായിരുന്നു. യോഗാനന്തരം സംഘാംഗങ്ങൾ "കുട്ടികാരി" എന്ന നാടകം തന്മയത്വമായി അഭിനയിക്കുകയുംചെയ്തു.

**നീറിക്കോട്:** അമയന്നൂർ സെൻറ് മേരീസ് മലങ്കരസുറിയാനികത്തോലിക്കാ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററിയുടെ ദ്വിതീയവാർഷികവും സൺഡേസ്കൂളിൻറെ വാർഷികവും ഏകോപിച്ച് മേയ് 27-ാം തിയതി ഞായറാഴ്ച വൈകുന്നേരം റവ ഫാദർ ജോർജ് പാലത്തുങ്കൽ എൽ പി എച്ച് ബി ഡി യുടെ മഹനീയാദ്ധ്യക്ഷതയിൽ പള്ളിമേടയിൽവച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ ഫാദർ ജോർജ് ചുണ്ടേവാലേൽ സ്വാഗതംപറഞ്ഞു. ഇടവക ഫാദർ ജേക്കബ് ചുണ്ടേവാലേൽ പ്രസംഗിച്ചു. സൺഡേസ്കൂൾ വിദ്യാർത്ഥികൾ "പല്ലവേന" എന്ന ലഘുപ്രഹസനവും വിദ്യാർത്ഥിനികൾ "കപടയോഗി" എന്ന പ്രഭാഷണവും തന്മയത്വമായി നടത്തി. ബാലികമാരുടെ ഡാൻസുണ്ടായിരുന്നു. സൺഡേസ്കൂളിൽ വിജയികൾക്ക സമ്മാനദാനവും നിർവ്വഹിക്കപ്പെട്ടു.

**പൊടിപ്പാറ:** ഈ ഇടവകയിലെ സൺഡേസ്കൂളിൻറെയും സൊഡാലിററിയുടേയും സംയുക്തവാർഷികം ഇക്കഴിഞ്ഞ മേയ് 26-ാം തിയതി റവ സിറിയക്ക് അക്കരക്കോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയുണ്ടായി. റവ ഐസക്ക് ആലഞ്ചേരി റവ ജെ എരുമച്ചാടത്ത് എന്നിവരുടെ പ്രസംഗങ്ങളും കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും മീററിങ്ങിനെ മോടിപിടിപ്പിച്ചു.

**കോമല്ലൂർ:** കോമല്ലൂർ അതിമനോഹരമായി പണിതീർത്തിരിക്കുന്ന തിരുഹൃദയദേവാലയത്തിൻറെ പ്രതിഷ്ഠാകർമ്മം ഇന്നു ഉച്ച കഴിഞ്ഞ് തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പ് മഹാവന്ദ്യ ദിവ്യശ്രീ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും ഒട്ടനവധി വൈദികരുടെ സഹകരണത്തിലും സമംഗളം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഏകദേശം അയ്യായിരത്തോളം വരുന്ന ജനതതിയുടെ ആഘോഷസമന്വിതമായ ഘോഷയാത്ര കോമല്ലൂർ തെരുവുമുക്കിൽനിന്നു തിരുമേനിയെ സ്വീകരിച്ച് പള്ളിയങ്കണത്തിലേക്കാനയിച്ചു കോമല്ലൂർജംഗ്ഷൻ, പടിപ്പുരയ്ക്കൽമുക്ക്, പെല്ലണ്ണുക്ക്, ഇരുത്തിയിൽമുക്ക് എന്നീ സ്ഥലങ്ങളിൽവച്ച്, പഞ്ചായത്ത്, മുസ്ലിംലീഗ്, എൻ എസ് എസ്, യൂത്ത് ലീഗ്, ദേശസേവിനി, ഗ്രാമോദ്ധാരണസമിതി മുതലായവയുടെ സ്വീകരണങ്ങളും, ഹാരാർപ്പണങ്ങളും, മംഗളപത്രസമർപ്പണങ്ങളുമുണ്ടായിരുന്നു. ക്ലൂദാശാനന്തരമുള്ള പബ്ലിക്ക് മീററിങ്ങിൽ വിവിധജാതിമതസ്ഥരായ വാഗ്മികൾ പ്രസംഗിക്കുകയുണ്ടായി. ബാലികമാരുടെ വിവിധകലാപ്രകടനങ്ങൾ സദസ്യരെ ഹർഷപുളകിതരാക്കി.

**വടക്കമ്പൂരം:** ഈ ഇടവകയിലെ സൺഡേസ്കൂൾവാർഷികം റവ ഫാദർ ജേക്കബ് കാടാത്തുകളം അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ അത്യാഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു.

**പേരാവൂർ:** തലശ്ശേരിരൂപതയുടെ വന്ദ്യമെത്രാൻ മോററ് റവ ഡോക്ടർ സെബാസ്ത്യൻ വള്ളോപ്പിള്ളി തിരുമേനി ജൂൺ 6, 7, 8 എന്നീ തിയതികളിൽ പേരാവൂർ ഇടവകയിൽ ഔദ്യോഗികസന്ദർശനം നടത്തി. 6-ാംനു- കാലത്തു 10 മണിക്ക പള്ളിമുററത്തു വന്നുചേർന്ന തിരുമേനിയെ ഇടവകവികാരി ബ: ബ: ഫിലിപ്പ് മുറിഞ്ഞകല്ലേൽ സ്വീകരിച്ചു. സ്വീകരണയോഗത്തിൽവച്ചു ഇടവകക്കാരുടെ വകയായി സ്വാഗതമഞ്ജരിയും കറിയും മാലയും ബ: വികാരിയച്ചൻ തിരുമേനിക്ക സമർപ്പിച്ചു. വൈകുന്നേരം തിരുമേനി ഇടവകയിൽപ്പെട്ട നെടുമ്പുറംചാൽ കുരിശുപള്ളി സന്ദർശിച്ച് പുതിയതായി പണിയുവാൻ ഉദ്ദേശിക്കുന്ന പള്ളിയുടെ സ്ഥാനം നിർണ്ണയിച്ചു.

7-ാംനു- കാലത്തു മെത്രാനച്ചൻ തിരുമേനി ഇടവകയിലെ 350 ഓളം കുട്ടികൾക്ക് മുമ്പിലത്തെ ഒപ്പ്രുമാ കൊടുത്തു ഉച്ചകഴിഞ്ഞ് 2 മണിക്ക അദ്ദേഹം സ്ഥലത്തെ മഠഹസ്സർ സന്ദർശിച്ചു.

8-ാംനു- കാലത്തു ഇടവകയിലെ 200 ഓളം കുട്ടികൾക്ക തിരുമേനി ആദ്യകുർബാനകൊടുത്തു. 10 മണിക്ക് അദ്ദേഹം സ്ഥലത്തു ആരംഭിക്കുവാൻപോകുന്ന കന്യകാമഠത്തിൻറെ താല്ക്കാലിക കെട്ടിടം വെഞ്ചരിച്ച് അതിൻെറ ഉൽഘാടനം നടത്തി. 11 മണിക്ക തിരുമേനി ഇടവകയിൽപ്പെട്ട പെരുമ്പുന്ന എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന കുരിശുപള്ളിയിൽ പോകയും പുതുതായി പണിയുവാൻപോകുന്ന പള്ളിയുടെ സ്ഥാനം നിശ്ചയിക്കുകയുംചെയ്തു. ഉച്ചക്കു തിരുമേനി തലശ്ശേരിക്ക തിരിച്ചുപോയി.

## വിവാഹ വാർത്തകൾ

**കുമ്പളം:** സ്ഥലം സെൻറ് മേരീസ് ദേവാലയത്തിൽവച്ച് തായങ്കരിയിൽ ശ്രീ കൊച്ചുവറീതിൻറെ പുത്രി കുമാരി മേരിയും മുവാററുപുഴയിൽ മാടക്കൽ ശ്രീ പോൾ അവർകളുടെ പുത്രൻ ആൻറണിയും തമ്മിലുള്ള വിവാഹം നടന്നിരിക്കുന്നു.

**ചെങ്ങൽ:** ഈ ഇടവകയിൽ മേയിലക്കാട്ടിൽ ജേക്കബും മേനോട്ടത്തിൽ മറിയമ്മയും തമ്മിലുള്ള വിവാഹം നടന്നിരിക്കുന്നു. വെങ്ങോല സെൻറ് ത്രേസ്യാപള്ളിയിൽവച്ച് റവ ഫാദർ ശങ്കുവേൽ ശങ്കരത്തിൽ അവർകളാണ് വിവാഹകർമ്മം നടത്തിയത്.

—o—

## സംഭവകഥകൾ

### അന്നത്തെ ടെലഗ്രാഫ് ഓപ്പറേററർ

ഇന്നദ്ദേഹം ആസ്ത്രേലിയായിൽ സിഡ്നിയിലെ മെത്രാപ്പോലീത്തായാണ്. ബാങ്കളൂർവച്ച് 1950-ൽ കൂടിയ പ്രഥമ മരിയസമ്മേളനത്തോടനുബന്ധിച്ചു നടന്ന പേപ്പൽപ്രതിനിധിയായി ആദ്ധ്യക്ഷംവഹിച്ചതും 1952-ൽ എറണാകുളത്തുകൂടിയ അമലോത്ഭവജൂബിലി ആഘോഷങ്ങളിൽ മാർപ്പാപ്പായുടെ പ്രതിപുരുഷനായി സന്നിഹിതനായിരുന്നതും അദ്ദേഹംതന്നെയാണ്. നോർമൻ കാർഡിനൽ ഗിൽറോയി; നമുക്കെല്ലാം സുപരിചിതമാണ് ആ നാമധേയം. ടെലിഗ്രാഫ്ഡിപ്പാർട്ടുമെൻറിലെ ഒരുദ്യോഗസ്ഥനായിരുന്നു അദ്ദേഹം. ഒന്നാംലോകമഹായുദ്ധകാലത്ത് ആ പതിനെട്ടുവയസ്സുകാരൻ ഒരു വയർലസ്സ്ഓപ്പറേററായി ജോലിയാരംഭിച്ചു. ഏതാണ്ടു രണ്ടു വർഷത്തെ യുദ്ധസേവനാനന്തരം വീണ്ടും അദ്ദേഹം പോസ്റ്റൽഡിപ്പാർട്ടുമെൻറിൽ ജോലിതുടർന്നു. ആ അവസരത്തിലാണ് സിഡ്നി വികാരിജനറലുമായി പരിചയപ്പെട്ടത്. മോൺസിഞ്ഞോർ ആകസ്മികമായി പ്രസ്തുത യുവാവിനോടു ചോദിച്ചു: "ഒരു വൈദികനാകണമെന്ന ചിന്ത എപ്പോഴെങ്കിലും നിങ്ങൾക്കുണ്ടായിട്ടുണ്ടോ?" എന്നു. തോമസ് പറഞ്ഞു: "ഞാൻ അതാഗ്രഹിച്ചിട്ടുണ്ട്. പക്ഷെ എനിക്കതിനു അർഹതയില്ലെന്ന വിചാരത്താൽ അതിൽനിന്നും പിന്തിരിഞ്ഞിരിക്കയാണ്. പോരെങ്കിൽ ഞാനൊരു കൂലിവേലക്കാരൻെറ പുത്രനാണ്. പഠനച്ചെലവു വഹിക്കാനുള്ള പ്രാപ്തി എൻറെ പിതാവിനില്ല." മോൺസിഞ്ഞോറുമായുള്ള സംഭാഷണം യുവാവിനെ പ്രത്യാശാഭരിതനാക്കി. അദ്ദേഹം ഏതോ ഒന്നു നിശ്ചയിച്ചു. തോമസ് ജോലി രാജിവച്ചശേഷം സെമ്മിനാരിയിൽ പ്രവേശിച്ചു. പഠനം പൂർത്തിയാക്കിയതു് റോമിലായിരുന്നു. പ. പിതാവു് അദ്ദേഹത്തെ കർദ്ദിനാൾസ്ഥാനത്താൽ ബഹുമാനിച്ചു. ഒരവസരത്തിൽ അദ്ദേഹം പറയുകയാണ്, ജീവിതത്തിലെ ഏററവും വലിയ അനുഗ്രഹപ്രാപ്തിയാണ് പൗരോഹിത്യം. അതിനു മൂന്നു കാര്യങ്ങൾ വേണം: അവിശ്രമപരിശ്രമം, നിയമവിധേയത്വം, പ്രാർത്ഥനാചൈതന്യം.

### അമ്മയുടെ പ്രാർത്ഥന പഴി

ആ ചരമവാർത്തയിൽ അനേകർ ഹൃദയംനൊന്തു വിലപിച്ചു 1954 ജനുവരി 15-ാംനു- യാണ് ആ സംഭവത്തിനു സാക്ഷിനിന്നതു്. ആദ്ധ്യാത്മികരംഗത്തും സാഹിത്യവേദിയിലും സവ്യസാചിയായി സേവനമനുഷ്ഠിച്ച ഒരു വൈദികവര്യനായിരുന്നു അദ്ദേഹം. ഡാനിയേൽ എ. ലോർഡ് 44 വർഷത്തോളം ഈശോസഭയിൽ സേവനമനുഷ്ഠിച്ചു. അതിൽ 30 വർഷം ഒരു വൈദികനായിട്ടാണ് ജീവിച്ചതു്. ബാല്യകാലത്തു് വൈദികവൃത്തിയോടു് അഭിരുചി തോന്നിയിരുന്നവെങ്കിലും, പില്ക്കാലത്തു് ആ ചിന്ത തന്നെ അദ്ദേഹത്തിനു വിരസതാജനകമായിരുന്നു. "ജീവിതപരിപാടി" എന്ന വിഷയത്തെപ്പററി നടത്തിയ ഒരു യോഗത്തിൽ സംബന്ധിച്ച അവസരത്തിൽ ഒരു സുഹൃത്തു് ഡാനിയേലിനോടു പറഞ്ഞു, മഠൻ ഒരു വൈദികനാകമെന്നു്. ഡാനിയേലിൻറെ മറുപടി ഇതായിരുന്നു: "നിങ്ങൾ പൊയ്ക്കൊള്ളൂ. അതിനു് എന്നെ കാണുന്നില്ലല്ലോ."

കാലങ്ങൾ കടന്നുപോയി, ഡാനിയേലിനെ ഈശോ തൻെറ സമയിലേക്ക ക്ഷണിച്ചു. ഉദാരമനസ്കതയോടെ ആ ക്ഷണം സ്വീകരിച്ചു അദ്ദേഹം. താൻ ഈശോസഭയിൽ പ്രവേശിക്കുന്ന കാര്യം അമ്മയോടു പറഞ്ഞപ്പോൾ ആ മാതാവു പറയുകയാണ്, "ഇതിനല്ലേ മകനേ, ഞാനിക്കാലമത്രയും പ്രാർത്ഥിച്ചുകൊണ്ടിരുന്നതു്."


കാലത്തിൻെറ പൂർണ്ണതയിൽ അദ്ദേഹം ഒരു ഈശോസഭാംഗമായി. സുസമ്മതനായ ഒരെഴുത്തുകാരനായിരുന്നു അദ്ദേഹം. ഉത്തമവൈദികനും. സന്യാസത്തിലേക്കും അൾത്താരയിലേക്കും തന്നെ നയിച്ച ദൈവപരിപാലനയ്ക്കു് ജീവിതകാലമെല്ലാം നന്ദിപറയുകയായിരുന്നു അദ്ദേഹം.

### എനിക്കവേണ്ടി മറെറാരാൾ

കഴിവുകളുടെ പരിമിതിയെ തെല്ലും കൂസാതെ ചിറകുവിരിച്ചു പായുന്ന ഒന്നാണ് അഭിലാഷങ്ങൾ. അതാണു യുവജനങ്ങളെ മുന്നോട്ടു നയിക്കുന്നതു്. പോരാ, അഭിലാഷങ്ങളാണ് ലോകത്തെ ഭരിക്കുന്നതു്.

ക്ഷീണാഫ്രിക്കയിലാണ് ആ സംഭവം നടന്നതു്. ഒരു യുവാവു്. അയാൾക്കൊരു അഭിലാഷമുണ്ടായിരുന്നു, ഒരു പുരോഹിതനാവണം. അന്വേഷിച്ചപ്പോൾ അയാൾ മനസ്സിലാക്കി, പഠനച്ചെലവിലേക്ക് 300-ൽപ്പരം ഡോളർ വേണ്ടിവരുമെന്നു്. നിർധനനെങ്കിലും അയാളുടെ നിശ്ചയം ദൃഢതരമായിരുന്നു. ആവശ്യമുള്ള പണം സമ്പാദിക്കുവാനായി തെല്ലും കൂസാതെ ഖനികളിൽ ജോലിയാരംഭിച്ചു അയാൾക്ക ലഭിച്ച വേതനത്തിൽ ഒരു വലിയഭാഗം പഠനാർത്ഥം നീക്കിവച്ചു. ഒടുവിൽ ആശിച്ച തുക ഒത്തിണങ്ങി. പക്ഷെ ആ സമയംകൊണ്ടു് ആ യുവാവു് ഒരു ക്ഷയരോഗിയായിത്തീർന്നിരുന്നു. വൈദികവിദ്യാലയത്തിൻെറ വാതില്ക്കൽ മുട്ടിയ യുവാവിനെ അധികൃതർ ഉപദേശിച്ചു; മകനേ, സമ്പാദിച്ച പണംകൊണ്ടു് നീ സുഖമായി ലോകത്തിൽതന്നെ ജീവിച്ചാൽമതി എന്നു്. യുവാവു് സധൈര്യം മറുപടിനൽകി: അച്ചോ, അതിനുവേണ്ടിയല്ലാ ഞാനീ ജോലിയെല്ലാംചെയ്തു പണം സമ്പാദിച്ചതു്. ഒരു വൈദികനാകണമെന്നായിരുന്നു എൻെറ അഭിലാഷം. പക്ഷെ ഞാൻ അതിനു കഴിവററവനാണ്. അതിനാൽ ഞാൻവഴി എൻെറ അഭിലാഷം മറെറാരു യോഗ്യനായ വ്യക്തി നിറവേററട്ടെ. ഇതാ, സ്വീകരിച്ചാലും ഈ പണം. ഒരു വൈദികവിദ്യാർത്ഥിയെ പഠിപ്പിക്കുവാനായി അങ്ങിതു വിനിയോഗിക്കുക. ഞാനിതാ പോകയാണ്, ഖനികളിലേക്കു്, വീണ്ടും ജോലിക്കായി. ദൈവം അനുവദിക്കുമെങ്കിൽ, മറെറാരാളെ പഠിപ്പിക്കുവാനുംകൂടി സമ്പാദിക്കുവാൻ എനിക്ക കഴിഞ്ഞേക്കാം.

(V. P.)



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JUNE 20, ERNAKULAM || No 43


# ബ്ലിററ്സിന്റെ കള്ളത്തരങ്ങൾ

## മലയാളപത്രം ഏററുപാടുന്നു

ഇൻഡ്യയിലെ ക്രിസ്ത്യാനികളെ, പ്രത്യേകിച്ചു് മിഷനറിമാരെ, അധികാരികളുടേയും സഹോദരസമുദായങ്ങളുടേയും മുൻപിൽ താറടിച്ചുകാണിക്കുന്നതിനും, അങ്ങനെ അവർക്കെതിരായ ഒരു മനോഭാവം അധികാരികളിൽ സംജാതമാക്കുന്നതിനും അടുത്ത കാലത്തു അസമീചീനമായ ഒരു യത്നം ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ ആരംഭിച്ചിട്ടുണ്ടല്ലോ. ഇതിൽ നിസ്സാരമല്ലാത്ത ഒരു ഭാഗമാണു് ബോംബെയിൽനിന്നു പുറപ്പെടുന്ന "ബ്ലിററ്സ്" വാരിക നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റു ചേരിയിൽ നില്ക്കുന്ന ആ പത്രം കൃത്രിമരേഖകൾ കൈകാര്യംചെയ്യുന്നതിലും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നതിലും ഇതിനകം വളരെയധികം കുപ്രസിദ്ധി ആർജിച്ചുകഴിഞ്ഞിട്ടുള്ളതാണു്. "പഞ്ചശീലം തകർക്കാൻ വത്തിക്കാന്റെ നിർദ്ദേശം, ഇന്ത്യൻകത്തോലിക്കരെ വിദ്ധ്വംസകരാക്കാൻ ഗൂഢാലോചന, ജസ്യൂററുകാർ സലാസരമായി അണിനിരക്കുന്നു" എന്നൊരു ലേഖനം മേയ് 5-ാം തിയതിയിലെ ലക്കത്തിൽ ആ പത്രം പ്രസിദ്ധംചെയ്തിരുന്നു. അത്യുന്നത കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി അതിനെ നിഷേധിച്ചു് ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും, നാഗപ്പൂരിൽനിന്നു പുറപ്പെടുന്ന "എൻകായറി" അതിനെ ഖണ്ഡിച്ചു് ഒരു മുഖപ്രസംഗമെഴുതുകയും ചെയ്തിരുന്നതുകൊണ്ടും, ആർജ്ജവതയും സുബുദ്ധിയുമുള്ള ഇൻഡ്യാക്കാരാരും അതു വിശ്വസിക്കുകയില്ലെന്നു കരുതിയതുകൊണ്ടും ഞങ്ങൾ അതേപ്പററി ഒന്നും പറയാതിരിക്കുകയായിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റു ചേരിയിൽതന്നെ നില്ക്കുന്ന കേരളത്തിലെ ഒരു പത്രം "കത്തോലിക്കരെ അഞ്ചാംപത്തികളാക്കുന്ന ഒരു സർക്കുലർ" എന്ന തലക്കെട്ടിൽ അതു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തുകയും, "ഈശോസഭയുടെ കരിങ്കാലിരാഷ്ട്രീയം" എന്ന പേരിൽ ഒരു മുഖപ്രസംഗമെഴുതുകയും ചെയ്തിരിക്കുന്നതുകൊണ്ടും പൊതുജനങ്ങളുടെ ഇടയിൽ അതു് ഒരു ചർച്ചാവിഷയമായിത്തീർന്നിരിക്കുന്നതുകൊണ്ടും അതേപ്പററിയുള്ള ചില വസ്തുതകൾ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

വത്തിക്കാൻ സിക്രട്ടറിയേററിൽനിന്നും എല്ലാ മെത്രാന്മാർക്കും അയച്ചിട്ടുള്ള ഒരു രഹസ്യരേഖയെന്നുപറഞ്ഞു 'ബ്ലിററ്സ്' മൂന്നു ലത്തീൻഖണ്ഡികകൾ ബ്ലോക്കുചെയ്തു ചേർക്കുകയും അതിന്റെ പരിഭാഷ നൽകുകയും, അതിനെ അവലംബിച്ചു് വത്തിക്കാനേയും ഇൻഡ്യയിലെ മിഷനറിമാരേയും പ്രത്യേകിച്ചു് ഈശോസഭക്കാരേയും അന്യായമായി അപലപിക്കുകയും ചെയ്തിരുന്നു. ഗോവാ-ഇന്ത്യാ സംയോജനപ്രശ്നത്തിൽ ബോംബെയിലെ കത്തോലിക്കർ—പ്രത്യേകിച്ചു് ജസ്യൂററുകാർ—പോർട്ടുഗീസുപക്ഷത്താണെന്നു സ്ഥാപിക്കുവാനുള്ള മനഃപൂർവ്വമായ ഒരു കൃത്രിമമാണു ബ്ലിററ്സിന്റെ ഈ ലേഖനത്തിൽ അടങ്ങിയിട്ടുള്ളതു്. ബ്ലിററ്സ് ഉന്നയിക്കുന്ന ആരോപണങ്ങൾക്കെല്ലാം അടിസ്ഥാനം വത്തിക്കാനിൽനിന്നു് അയച്ചുവെന്നു അവർ പറയുന്ന ആ രഹസ്യരേഖയാണു്. ഈ ലേഖനം പ്രസിദ്ധീകൃതമായ ഉടനെ അതിനെ നിഷേധിച്ചുകൊണ്ടു് ബോംബെമെത്രാപ്പോലീത്താ കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി, ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസിന്റെ ചെയർമൻ എന്ന നിലയിൽ, പുറപ്പെടുവിച്ചിട്ടുള്ള പത്രപ്രസ്താവനയിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "ഈ ആരോപണം അടിസ്ഥാനരഹിതമാണു്. ഇത്തരത്തിലുള്ള അനധികൃതമായ പ്രസ്താവങ്ങളെ സാധാരണ അവഗണിക്കുകയാണു പതിവു്. എന്നിരുന്നാലും യാതൊരുത്തരുടേയും മനസ്സിൽ യാതൊരുവിധമായ സംശയവും അവശേഷിക്കാതിരിക്കുന്നതിനും, വത്തിക്കാനെപ്പററിയും ഇന്ത്യയിലെ കത്തോലിക്കരുടെ ദേശഭക്തിയെപ്പററിയും ഉണ്ടായേക്കാവുന്ന തെററിദ്ധാരണകളെ നിർമ്മാർജ്ജനംചെയ്യുന്നതിനുംവേണ്ടി, ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസ് സ്റ്റാൻഡിങ്ങ് കമ്മിററിയുടെ ചെയർമനെന്നനിലയിൽ, ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പന്മാർക്കു അത്തരത്തിലുള്ള യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ലെന്നു പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

മേയ് 13-ാം തിയതിയിലെ "എൻകായറി"യാകട്ടെ ബ്ലിററ്സ്ലേഖനത്തിന്റെ കൃത്രിമതയെ കൂടുതൽ നഗ്നമായ ഭാഷയിൽ വെളിച്ചത്താക്കുകയുണ്ടായി. ബ്ലിററ്സിൽ ബ്ലോക്കുചെയ്തു ചേർത്തിരിക്കുന്ന ഭാഗം ഏതോ പത്രത്തിൽനിന്നു എടുത്തിരിക്കുന്നതുപോലെ കാണപ്പെടുന്നതിനാൽ, അതു് ഏതു പത്രത്തിൽനിന്നു ഉദ്ധരിച്ചിരിക്കുന്നതാണെന്നു പറയുവാൻ എൻകായറി ആവശ്യപ്പെട്ടു. പത്രത്തിൽ വന്നതു് രഹസ്യരേഖയായിരിക്കുകയില്ലല്ലോയെന്നും എൻകായറി ചൂണ്ടിക്കാണിച്ചു. എല്ലാ മെത്രാന്മാർക്കും അയച്ചിരിക്കുന്ന ഒരു നിർദ്ദേശമാണൊന്നാണല്ലോ ബ്ലിററ്സ് പറയുന്നതു്. അങ്ങനെയെങ്കിൽ അതു ഇന്ത്യയെമാത്രം സ്പർശിക്കുന്നതെങ്ങനെയെന്നും എൻകായറി ആരാഞ്ഞു. ഈ രേഖ എന്നു പുറപ്പെടുവിച്ചതാണെന്നും, അടിയിൽ ഒപ്പിട്ടിരിക്കുന്നതു് ആരാണെന്നും പറയുവാൻ എൻകായറി ആവശ്യപ്പെട്ടു. ബ്ലിററ്സിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ രേഖ ബ്ലിററ്സിന്റെ സ്വയം സൃഷ്ടിയായ ഒരു കൃത്രിമരേഖയാണെന്നു അവരെക്കൊണ്ടുതന്നെ സമ്മതിപ്പിക്കുവാനാണു എൻകായറി ഈ ചോദ്യങ്ങൾ ഉന്നയിച്ചതു്. എന്നു മാത്രമല്ല, കൃത്രിമമായി ഉദ്ധരിച്ചിരിക്കുന്ന ആ ലത്തീൻരേഖയുടെ പരിഭാഷ ബ്ലിററ്സ് നൽകിയിരിക്കുന്നതു തെററാണെന്നും എൻകായറി ചൂണ്ടിക്കാണിച്ചു. ഉദാഹരണമായി നെഹ്റുവിന്റെ സഹവർത്തിത്വം പഞ്ചശീലം മുതലായ സിദ്ധാന്തങ്ങളെ എതിർക്കുവാൻ രഹസ്യനിർദ്ദേശം ആവശ്യപ്പെടുന്നതായി ബ്ലിററ്സ് പറയുന്നുണ്ടു്. ഉദ്ധരിച്ചിരിക്കുന്ന ലത്തീൻരേഖയിലുള്ള വാക്കു് quinque mandata എന്നതാണു്. ഇതിനു അഞ്ചു പ്രമാണങ്ങൾ എന്നല്ലാതെ പഞ്ചശീലം എന്നു് അർത്ഥമില്ലെന്നും, "കത്തോലിക്കാഗവൺമെന്റുകളോടു കൂറും വിധേയത്വവും ഉണ്ടായിരിക്കണം." എന്നു ബ്ലിററ്സ് തർജ്ജമചെയ്തിരിക്കുന്ന ലത്തീൻമൂലത്തിന്റെ ശരിയായ വിവർത്തനം "കത്തോലിക്കാശിക്ഷണത്തോടു കൂറും വിധേയത്വവുമുണ്ടായിരിക്കണ"മെന്നാണെന്നും ചുരുക്കത്തിൽ ബ്ലിററ്സിന്റെ ലേഖനം അടിസ്ഥാനരഹിതവും ക്രൈസ്തവസമുദായത്തെ അവഹേളിക്കുന്നതിനു കരുതിക്കൂട്ടിചെയ്തിട്ടുള്ളതുമാണെന്നും "എൻകായറി" സുദീർഘമായ അതിന്റെ മുഖപ്രസംഗത്തിൽ കാര്യകാരണസഹിതം തെളിയിക്കുകയുണ്ടായി. മേയ് 19-ാംതിയതിയിലെ, ബോംബെയിൽനിന്നു പുറപ്പെടുന്ന എക്സാമിനർ പത്രവും ബ്ലിററ്സിന്റെ കൃത്രിമങ്ങളും കള്ളത്തരങ്ങളും വെളിച്ചത്തു കൊണ്ടുവരികയുണ്ടായി. വിവാദ ലത്തീൻരേഖ കൃത്രിമമാണെന്നുള്ളതിനു "എക്സാമിനർ" ചില കൂടുതൽ ന്യായങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. വത്തിക്കാനിൽനിന്നു വരുന്ന ഒരു ലത്തീൻരേഖ ഭാഷാപരമായ സ്ഖലിതമില്ലാത്തതായിരിക്കുമല്ലോ. എന്നാൽ "എവിടെയുമുള്ള" എന്ന അർത്ഥത്തിൽ ബ്ലിററ്സിലെ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന ubique എന്ന പദം തെററാണെന്നും ആ അർത്ഥത്തിൽ വേണ്ട പദം ubicumque എന്നാണെന്നും, വത്തിക്കാനോടും ഈശോസഭയോടുമുള്ള ഒടുങ്ങാത്ത വിദ്വേഷം പ്രകടിപ്പിക്കുവാൻവേണ്ടി ബ്ലിററ്സ്ലേഖകർ കൃത്രിമമായി കെട്ടിച്ചമച്ചിട്ടുള്ള ഒരു കല്പിതകഥയാണു ഈ രഹസ്യരേഖകാര്യമെന്നും എക്സാമിനർ ചൂണ്ടിക്കാണിച്ചു.

ഇത്രയുമായപ്പോൾ ബ്ലിററ്സിനു് എന്തെങ്കിലും മറുപടിപറയാതെ തരമില്ലെന്നായി. എൻകായറിയോ എക്സാമിനറോ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കൊന്നും മറുപടിപറയാതെ, നിർദ്ദിഷ്ടരഹസ്യരേഖ ഇൻഡ്യയിലെ എല്ലാ മെത്രാന്മാർക്കുമയച്ചിട്ടില്ലെന്നും, വത്തിക്കാൻ അധികാരികളുടെ പൂർണ്ണമായ രാഷ്ട്രീയവിശ്വാസമാർജ്ജിച്ചിട്ടുള്ള വിദേശികളായ ചില മെത്രാന്മാർക്കേ അയച്ചിട്ടുള്ളവെന്നും, ഈ രഹസ്യരേഖയിലെ എല്ലാ നിർദ്ദേശങ്ങളും രഹസ്യമല്ലെന്നും, പറഞ്ഞൊഴിയുകയാണു ചെയ്യുന്നതു്. മാത്രമല്ല, ഇൻഡ്യയിലെ കത്തോലിക്കാസമുദായം മററേതൊരു സമുദായത്തെയുംപോലെ ദേശഭക്തിയുള്ളതാണെന്നും, ബ്ലിററ്സിന്റെ വിമർശനം വിദേശികളായ ജസ്യൂററുകാർക്കെതിരായി മാത്രമാണെന്നും തടിച്ച അക്ഷരത്തിൽ അച്ചടിച്ചു് അവരുടെ കൃത്രിമത്വത്തിന്റെ ഗൗരവം കുറയ്ക്കുവാൻ ശ്രമിക്കുകയും ചെയ്തിരിക്കുന്നു. വിദേശമിഷ്യനറിമാർക്കെതിരായി ഇൻഡ്യയിൽ മുളയെടുത്തിരിക്കുന്ന മനോഭാവത്തെ ഉത്തേജിപ്പിക്കുക, ഇൻഡ്യയിലെ കത്തോലിക്കരുടെ ഇടയിൽതന്നെ കഴിയുമെങ്കിൽ ഒരു ഭിന്നത ഉണ്ടാക്കുക എന്നതാണു ബ്ലിററ്സിന്റെ ലക്ഷ്യമെന്നു് അങ്ങനെ അവർതന്നെ സ്പഷ്ടമാക്കിയിരിക്കുന്നു. "എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്തതു്" എന്നു് ആദ്യം പറഞ്ഞ ബ്ലിററ്സ് ഇപ്പോൾ പറയുന്നു, ഇൻഡ്യയിലെതന്നെ ചുരുക്കം ചില വിദേശമെത്രാന്മാർക്കേ അയച്ചുകൊടുത്തിട്ടുള്ളവെന്നു്. "രഹസ്യരേഖ"യെന്നു് ആദ്യം പറഞ്ഞ ബ്ലിററ്സ് ഇപ്പോൾ പറയുന്നു രേഖയിലുള്ളവയെല്ലാം രഹസ്യമല്ലെന്നു്. ഇങ്ങനെ ബ്ലിററ്സ്, അതു ഛർദ്ദിച്ചതുതന്നെ മിക്കതും വിഴുങ്ങിക്കഴിഞ്ഞപ്പോഴാണു് ബ്ലിററ്സിലെ ആദ്യലേഖനം പരിഭാഷപ്പെടുത്തിച്ചേർത്തുകൊണ്ടു ഒരു മലയാളപത്രം വത്തിക്കാനേയും ഈശോസഭയെയും അവിഹിതമായി അപലപിച്ചിരിക്കുന്നതു്. സത്യസന്ധതയിലും നീതിബോധത്തിലും അവർക്കു് എത്രമാത്രം ബഹുമാനമുള്ള എന്നാണു് ഇതിൽനിന്നു് അനുമിക്കേണ്ടതു്.

വസ്തുതകളിലേക്കു കടന്നാൽ, ബ്ലിററ്സ് പറയുന്നതുപോലെയുള്ള യാതൊരു രഹസ്യനിർദ്ദേശവും വത്തിക്കാനിൽനിന്നു ഇൻഡ്യയിൽ ആർക്കും കിട്ടിയിട്ടില്ല. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വത്തിക്കാനിൽനിന്നും അയക്കാറുമില്ല. കുടുംബസംവിധാനം, കത്തോലിക്കരും കമ്മ്യൂണിസ്റ്റുകാരുമായുള്ള കൂടിക്കഴിയൽ മുതലായ കാര്യങ്ങളിൽ കത്തോലിക്കർക്കു അചഞ്ചലമായ ഒരു നിലപാടുണ്ടു്. വത്തിക്കാനിൽനിന്നുള്ള യാതൊരു രഹസ്യനിർദ്ദേശവും കൂടാതെതന്നെ ഓരോ കത്തോലിക്കനും അതു് അറിയാവുന്നതുമാണു്. ആകയാൽ അക്കാര്യങ്ങളിൽ വത്തിക്കാൻ രഹസ്യനിർദ്ദേശം നൽകിയെന്നു പറയുന്നതു അർത്ഥശൂന്യമായ ഒരു വികഥനം മാത്രമാകുന്നു. കേവലം പ്രാദേശികങ്ങളായ കാര്യങ്ങളിൽ അപ്രാർത്ഥിതമായി വത്തിക്കാൻ അഭിപ്രായം പറയാറുമില്ല. കമ്മ്യൂണിസ്റ്റുപ്രേരിതമായ ഇത്തരം അപവാദങ്ങളെ പൊതുജനങ്ങൾ വിശ്വസിക്കുകയില്ലെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## വിജ്ഞാപനം

മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ പ്രമാണിച്ചു കൂടുതൽ പേജുകളോടുകൂടി സത്യദീപം ജൂലൈ 4-ാംതിയതി പുറപ്പെടുന്നതാണ്. തന്മൂലം ജൂൺ 27-ാംതിയതി പത്രം മുടക്കമായിരിക്കും.

## പ്രസാധകക്കുറിപ്പുകൾ

### ജനസംഖ്യാ വർദ്ധനവിനെപ്പററി വിദഗ്ദ്ധാഭിപ്രായം

കാലിഫോർണിയാ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജിയിലെ അദ്ധ്യാപകന്മാർ ലോകവിഭവങ്ങളെപ്പററി സുപ്രധാനമായ ഒരു പഠനം നടത്തിയശേഷം താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിയിരിക്കുന്നു:- മനുഷ്യൻ ഇപ്പോൾ നാഗരികതയുടെ പുതിയ ഒരു സുവർണ്ണയുഗത്തിലേക്കുള്ള പ്രവേശനമാർഗ്ഗത്തിൽ നിലകൊള്ളുന്നു. അടുത്ത 100 കൊല്ലംകൊണ്ടു ജനസംഖ്യ രണ്ടോ നാലോ ഇരട്ടിയായി വർദ്ധിക്കാം. ഈ ജനങ്ങൾക്കെല്ലാം വേണ്ട ഭക്ഷണവും വസ്ത്രവും പാർപ്പിടവും നൽകാൻ സാങ്കേതികശാസ്ത്രത്തിനു കഴിയും. ഭക്ഷ്യപദാർത്ഥങ്ങൾക്കോ ധാതുദ്രവ്യങ്ങൾക്കോ ലോഹങ്ങൾക്കോ ക്ഷാമമുണ്ടാകയില്ല. പക്ഷെ ഒരു കാര്യത്തിൽ ദുർഭിക്ഷത ഉണ്ടായേക്കാമെന്നു ശാസ്ത്രജ്ഞന്മാർ പ്രവചിക്കുന്നു, ബുദ്ധിജീവികളുടെ എണ്ണത്തിൽ. വൻതോതിൽ വർദ്ധിക്കുന്ന ലോകത്തിലെ ജനങ്ങളെ സംരക്ഷിക്കേണ്ട നാഗരികത ആസൂത്രണംചെയ്യുന്നതിനും സംവിധാനംചെയ്യുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അത്യുന്നതവിദ്ധരായ സ്ത്രീപുരുഷന്മാരെ ആവശ്യമുണ്ടു്.

അമേരിക്കയിലെ 27 പ്രമുഖ വ്യാപാരപ്രസ്ഥാനങ്ങൾ കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഈ നിഗമനങ്ങൾ ചർച്ചചെയ്യുകയുണ്ടായി. ഈ ഗ്രീഷ്മത്തിൽ വേറെ എട്ടു കമ്പനികളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ നിഗമനങ്ങൾക്കാധാരമായ അടിസ്ഥാനതത്വങ്ങൾ ചർച്ചചെയ്തു. കഴിഞ്ഞ ഒരാഴ്ച പത്രപ്രതിനിധികൾക്കുവേണ്ടി ഒരു സമ്മേളനംനടത്തി. അതിൽ ഈ പഠനം നടത്തിയ കാലിഫോർണിയാ ഇൻസ്റ്റിററ്യൂട്ടിലെ ഏതാനും അദ്ധ്യാപകന്മാരും സംബന്ധിച്ചിരുന്നു. ജിയോകെമിസ്ട്രി പ്രൊഫസറായ ഡോക്ടർ ഹാരിസൺ ബ്രൗൺ ഭൗതികശാസ്ത്രങ്ങളെ ആധാരമാക്കി പ്രസംഗിച്ചു. വ്യവസായവല്ക്കരണം ശീഘ്രഗതിയിൽ വ്യാപിക്കുമെന്നു അദ്ദേഹം പ്രവചിച്ചു. സാങ്കേതികജ്ഞാനം ഇപ്പോൾതന്നെ ലഭിച്ചിട്ടുള്ളതിനാൽ, അമേരിക്കയേയും യൂറോപ്പിനേയും അപേക്ഷിച്ചു് കൂടുതൽ ശീഘ്രഗതിയിൽ വ്യവസായവല്ക്കരണം മററു സ്ഥലങ്ങളിൽ വ്യാപിക്കും. അമേരിക്കയിലെ വ്യവസായവല്ക്കരണം ഒരു മാനദണ്ഡമായി സ്വീകരിച്ചാൽ, അസംസ്കൃതസാധനങ്ങൾക്കുവേണ്ടിയുള്ള ആളോഹരി ആവശ്യവും ശീഘ്രഗതിയിൽ വർദ്ധിക്കുമെന്നു അദ്ദേഹം പ്രവചിച്ചു.

ഭക്ഷണം സംബന്ധിച്ചു് അപരിഹാര്യമായ പ്രശ്നങ്ങളൊന്നും ഉണ്ടാകയില്ലെന്നു ബയോളജി പ്രൊഫസർ ഡോക്ടർ ജെയിംസ് ബോണർ അഭിപ്രായപ്പെട്ടു. സാധാരണ കൃഷിസമ്പ്രദായങ്ങൾ പരിഷ്കരിക്കുകയാണെങ്കിൽ ലോകത്തിലെ ഭക്ഷ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാമെന്നും അവസാനമായി സാധാരണമല്ലാത്ത ഭക്ഷ്യോല്പാദനസമ്പ്രദായങ്ങൾ ഉപയോഗിച്ചു് ലോകത്തിൽ വർദ്ധിച്ചുവരുന്ന ജനങ്ങൾക്കു ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നും അദ്ദേഹത്തിന്റെ പഠനങ്ങൾ വ്യക്തമാക്കി.

മനശ്ശാസ്ത്രപ്രൊഫസറായ ഡോക്ടർ ജോൺവെയർ, സർവ്വപ്രധാനമായ കാര്യം ബുദ്ധിജീവികളുടെ എണ്ണമാണെന്നു പ്രസ്താവിച്ചു. കൂടുതൽകൂടുതൽ താഴ്ന്നതരം അയിരുകളിൽനിന്നു പദാർത്ഥങ്ങൾ ശുദ്ധിചെയ്തെടുക്കാൻ നാം കൂടുതൽ പണം ചിലവാക്കുമ്പോൾ, കൂടുതൽ വിദഗ്ദ്ധജോലിക്കാരുടേയും സുശിക്ഷിതരായ ശാസ്ത്രജ്ഞന്മാരുടേയും എൻജിനിയറന്മാരുടേയും ആവശ്യം നമുക്കു നേരിടും. അതിനാൽ യഥാർത്ഥത്തിൽ, ലോകത്തിലെ വിഭവങ്ങൾ സംബന്ധിച്ചിടത്തോളം വിധിനിർണ്ണായകമായ പരിമിതിഘടകം സാധനസാമഗ്രികളോ, ഊർജ്ജമോ, ഭക്ഷ്യപദാർത്ഥങ്ങളോ അല്ല; പിന്നെയോ ബുദ്ധിശക്തിയാണു് എന്നദ്ദേഹം അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു. ഭാഗ്യവശാൽ, ഭൂമിയിലെ വിഭവങ്ങളിൽ കുറവുനികത്താവുന്ന ഏകവിഭവം മനുഷ്യനാണെന്നു അദ്ദേഹം പറഞ്ഞു. ജനസംഖ്യ വർദ്ധിക്കുമ്പോൾ വിദ്യാഭ്യാസം ചെയ്യുന്ന യുവതീയുവാക്കന്മാരുടെ എണ്ണവും വർദ്ധിക്കണം. മനുഷ്യന്റെ കഴിവുകൾ പാഴായിപ്പോകാതിരിക്കുവാൻ പ്രതിഭാശാലികളായ യുവശാസ്ത്രജ്ഞന്മാരേയും എൻജിനിയറന്മാരേയും നേരത്തെ കണ്ടുപിടിച്ചു്, വിദ്യാഭ്യാസത്തിനു അവരെ പ്രോത്സാഹിപ്പിക്കുവാൻ സമുദായം ബോധപൂർവ്വമായ ശ്രമം നടത്തണമെന്നാണദ്ദേഹം ശുപാർശചെയ്തതു്. പ്രതിഭാശാലികളിൽ സർഗ്ഗാത്മകചിന്ത ഉത്തേജിപ്പിക്കത്തക്കവണ്ണം അദ്ധ്യാപനസമ്പ്രദായ

ങ്ങൾ പരിഷ്കരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ലോകത്തിലുള്ള ജനസംഖ്യാവർദ്ധനവിനെപ്പറ്റി ആശങ്കപ്പെടുകയും അതിനെ ഏതു വിധത്തിലും നിയന്ത്രിക്കണമെന്നുമാത്രം കരുതി സാഹസപ്പെടുകയും ചെയ്യുന്നവരെ നേരായ മാർഗ്ഗത്തിൽ ചിന്തിപ്പിക്കുന്നതിനു ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ പണ്ഡിതോചിതമായ ശ്രമം മാർഗ്ഗദർശകമാകുമെന്നു സമാശ്വസിക്കാം. ജനസംഖ്യാപ്രശ്നം സംബന്ധിച്ച് വ്യവഹരിക്കുമ്പോൾ വസ്തുതകളെ അവയുടെ വിവിധവശങ്ങളിൽ വേണ്ടവിധത്തിൽ ഗ്രഹിക്കാത്തതും മനുഷ്യൻ ആദ്ധ്യാത്മികഘടകംകൂടിയുള്ള ഒരു ധാർമ്മികജീവിയാണെന്നുള്ള യാഥാർത്ഥ്യം മറന്നുകളയുന്നതുമാണ് ആബദ്ധങ്ങളിൽചെന്നു പതിക്കുന്നതിനു കാരണമാകുന്നത്. ലോകത്തുള്ള എല്ലാ പ്രശ്നങ്ങൾക്കും മനുഷ്യോചിതമായ ഒരു സമാധാനമാർഗ്ഗം കണ്ടെത്തുവാൻകഴിയും. അവഗാഢമായ പഠനവും അദ്ധ്വാനിക്കുന്നതിനുള്ള സന്മനസ്സും മനുഷ്യനുണ്ടായാൽമതി. അനന്തമായ ഒരു ദൈവപരിപാലനയിലുള്ള വിശ്വാസം കൈവെടിയാതെ ബോധപൂർവ്വം മനുഷ്യൻ ചിന്തിച്ചു നിവാരണമാർഗ്ഗങ്ങൾ അവലംബിക്കണം. ചരിത്രവും ശാസ്ത്രവും സാങ്കേതികജ്ഞാനവും അവനെ സഹായിക്കുന്നതിനുണ്ട്. ജനസംഖ്യാവർദ്ധനവിനെ ആശങ്കാപൂർവ്വം വീക്ഷിക്കുന്ന ഭാരതം ഈ വീക്ഷണഗതി സ്വീകരിക്കുന്നതായാൽ അതു നമ്മുടെ മാതൃരാജ്യത്തിന്റെ ഭാഗ്യമായിരിക്കും.

x x x

## വോട്ടേഴ്സ് ലിസ്റ്റ്

അടുത്ത പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ് ലിസ്റ്റ് ജൂൺ 30-ാംനു ഔപചാരികമായി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഓരോ നിയോജകമണ്ഡലത്തിലെയും ലിസ്റ്റ് അതതു താലൂക്കു കച്ചേരികളിലും വിവിധ വാർഡുകളിലെ ലിസ്റ്റിന്റെ ഭാഗങ്ങൾ അതതു മുനിസിപ്പൽ- പഞ്ചായത്താഫീസുകളിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. വോട്ടേഴ്സ് ലിസ്റ്റ് പരിശോധിച്ച് പിശകുകൾ തിരുത്തുന്നതിനുള്ള അപേക്ഷകൾ 21 ദിവസത്തിനകം റിവൈസിങ്ങ് അതോറിട്ടികൾ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. വോട്ടേഴ്സ് ലിസ്റ്റിൽ അർഹരായ സമ്മതിദായകന്മാരുടെയെല്ലാം പേരുകൾ ചേർപ്പിക്കേണ്ടതിന്റെ അപരിത്യാജ്യത നമ്മുടെ ആളുകളിൽ പലരും വേണ്ടവിധത്തിൽ ഇനിയും മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. പ്രായപൂർത്തിയായവർക്കെല്ലാം അനുവദിക്കപ്പെട്ടിരിക്കുന്ന പരിപാവനമായ സമ്മതിദാനാവകാശം, വോട്ടേഴ്സ് ലിസ്റ്റിലെ അപൂർണ്ണതകളും ക്രമക്കേടുകളുംമൂലം, വിനിയോഗിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളവർ ധാരാളമുണ്ടെന്നു കഴിഞ്ഞ പല പൊതുതിരഞ്ഞെടുപ്പുകളിലെ അനുഭവങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ട്. എന്യൂമറേറ്റർമാരുടെ അശ്രദ്ധ, പക്ഷപാതിത്വം ഇതൊക്കെക്കൊണ്ടാണ് തങ്ങൾക്കു ന്യായപൂർവ്വം ലഭിക്കേണ്ട ഈ അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നതെന്നു പലരും വിലപിക്കാറുണ്ടെങ്കിലും, അതിലേറെ തങ്ങളുടെ അനാസ്ഥയാണ് ഇതിനൊക്കെ പ്രധാനകാരണമെന്ന വസ്തുത അവർ അനുസ്മരിക്കുന്നില്ല. ലിസ്റ്റിൽ പേരുകൾ ചേർക്കുകയും സപ്ലിമെന്ററി ലിസ്റ്റുകൾ തയ്യാറാക്കുകയും ചെയ്യുന്നവരിൽ പലരും ക്രമക്കേടുകൾ കാണിച്ചിരിക്കാമെന്നുള്ളതു വാസ്തവംതന്നെയായിരിക്കാം. എന്നാൽ ഈ തെറ്റുകളും പോരായ്മകളും ക്രമക്കേടുകളും തിരുത്തുവാൻ വേണ്ടുവോളം സാവകാശം നൽകപ്പെട്ടിരുന്നുവെന്നും ആ അവസരത്തിൽ ജാഗ്രതയായി പ്രവർത്തിക്കാഞ്ഞതാണ് അർഹരായ പലർക്കും വോട്ടവകാശം ഇല്ലാതെപോകുവാൻ കാരണമെന്നുമുള്ളതു മറ്റൊരു വാസ്തവമാണ്. ലിസ്റ്റിൽ തങ്ങളുടെ പേരു ഉൾപ്പെട്ടിട്ടുണ്ടോ എന്നു സമ്മതിദായകർ ഓരോരുത്തരും തീർച്ചവരുത്തുന്നതു നന്നായിരിക്കും. പക്ഷേ അതു നടപ്പുള്ള കാര്യമാണെന്നു തോന്നുന്നില്ല. പൊതുസംഘടനകളാണ് ഈ കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതു. രാഷ്ട്രീയപാർട്ടികളും സാമുദായികസംഘടനകളും വിശിഷ്യ യുവജനസംഘടനകൾ ഉണർന്നു പ്രവർത്തിക്കേണ്ടതാണെന്നും ലിസ്റ്റിൽ പേരുചേർക്കാതെ വിട്ടുപോയിട്ടുള്ള അർഹരായ വോട്ടർമാരെക്കൊണ്ടൊക്കെ ക്ലെയിം കൊടുപ്പിക്കേണ്ടതാണെന്നും ഒരിക്കൽക്കൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു.

—o—

## സക്രാരിയിൽനിന്ന്

(ജെ. ടി. നീലങ്കാവിൽ, ബി. എ., ബി. ടി.)

തണുത്തുമരവിച്ചോരിരക്കൂട്ടിൽ നിത്യം
തടവിൽ പാർക്കമിയെൻ പ്രണീതഹൃദയത്തെ
തിരിഞ്ഞു നോക്കാൻപോലും സമയം കണ്ടെത്താതെ
തിരക്കുപിടിച്ചോട്ടം ലോകമേ ശ്രവിച്ചാലും:
കരാളം നിൻ പാപങ്ങളഖിലം ഘോരമെന്നെ
കുരിശുതറിത്തു, അതിൽ ജീവിതം ഹോമിച്ചു ഞാൻ
അന്നു നീയെൻ ശിരസ്സിലർപ്പിച്ച മുൾക്കിരീട-
മിന്നുമെൻ ശരീരത്തിൽ വേദന നിറയ്ക്കുന്നു
അന്നു നീയേല്പിച്ചതാം ക്ഷതങ്ങളഞ്ചും, നോക്കൂ,
ചെന്നിണമനസ്യൂതമിപ്പോഴും സ്രവിപ്പൂ
എപ്പോഴുമിതാ സ്നേഹബദ്ധിയായിക്കൂട്ടിൽ ഞാൻ
രാപ്പകൽ നിന്നെ കാണാൻ കാത്തുകാത്തിരുന്നിട്ടും
രണ്ടു വാക്കുകൾപോലുമെന്നോടോതുവാൻ നേരം
കണ്ടെത്താൻ കഴിയാത്ത ലോകമേ—കഷ്ടം! കഷ്ടം!!

(4-ാംപേജ് തുടർച്ച)

ഏതാണ്ടിപ്രകാരംതന്നെയാണ് ദൈവവും തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനവും തമ്മിൽ സംസാരിക്കുന്നതായി ഏശായ പ്രവാചകനും ചിത്രീകരിച്ചിരിക്കുന്നതു. സെഹിയോൻ പറഞ്ഞു: "കർത്താവെന്നെ ഉപേക്ഷിച്ചുകളഞ്ഞു; വാസ്തവത്തിൽ കർത്താവെന്നെ മറന്നുപോയി" "ഒരമ്മയ്ക്കു തന്റെ കുഞ്ഞിനെ മറക്കുവാൻ സാധിക്കുമോ? തന്റെ ഉദരഫലത്തോടു കാരുണ്യം കാണിക്കാതിരിക്കുവാൻ കഴിയുമോ? അവർ അങ്ങനെ ചെയ്താൽതന്നെയും ഞാൻ നിന്നെ ഒരിക്കലും വിസ്മരിക്കയില്ല" (Is 49,14-15) മാതൃസ്നേഹത്തെ മാതൃകയായി സ്വീകരിച്ചുകൊണ്ടു "പാട്ടുകളുടെ പാട്ടി"ന്റെ കർത്താവും ഇങ്ങനെതന്നെ ഹൃദയസ്പർശകമായരീതിയിൽ ദൈവവും തന്റെ പ്രിയ ജനവും തമ്മിലുള്ള സ്നേഹബന്ധം വിവരിക്കുന്നു: "മുള്ളുകളുടെ മദ്ധ്യേ നില്ക്കുന്ന ലില്ലിപ്പുഷ്പത്തെപ്പോലെയാണ്, കന്യകകളിൽ എന്റെ പ്രിയതമ. ഞാൻ അവളെ പ്രേമിക്കുന്നു അവൾ എന്നെയും നിന്റെ ഹൃദയത്തിലും നിന്റെ മാറിടത്തിലും ഒരു മുദ്രയെന്നപോലെ എന്നെ പ്രതിഷ്ഠിക്കുക. കാരണം മരണത്തെപ്പോലെ സുദൃഢമാണു സ്നേഹം. അധോലോകത്തെപ്പോലെ നിർബന്ധം ചെലുത്തുന്നു സ്നേഹം. അതിന്റെ ജ്വാലകളോ ആളിക്കത്തുന്ന തീയിന്റേതുപോലെയും." (Cant. 2, 2, 6, 2. 8, 6)

ഇസ്രായേൽ ജനത്തിനു വീണ്ടും വീണ്ടും ഘോരപാപങ്ങളിൽപെട്ടു ദൈവത്തോടു മറുതലിച്ചെങ്കിലും കാരുണ്യവാനായ ദൈവത്തിന്റെ സ്നേഹം അവരെ ഒരിക്കലും പരിത്യജിക്കുന്നില്ല. എന്നുതന്നെയല്ല, അതുവിട്ടതെ ഉജ്ജ്വലത്തായ സ്നേഹം പരസ്യമായി പ്രഖ്യാപിക്കുന്നതിനുള്ള ഒരവസരമായി കരുതുകയാണവിടുന്ന്. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ തന്റെ ഹൃദയത്തിൽ നിന്നു മനുഷ്യവർഗ്ഗത്തിന്മേൽ പ്രവഹിപ്പിക്കാനിരുന്ന സ്നേഹത്തെതന്നെയാണ് ദൈവം അവരോടു പ്രദർശിപ്പിച്ചതു. ഈ ദാസായുടെ സ്നേഹമാണല്ലോ നമ്മുടെ ആദർശം. അതുതന്നെയാണ് പുതിയനിയമത്തിന്റെ അടിത്തറയും. ദൈവപിതാവിന്റെ ഏകജാതൻ ശരീരമെടുത്തു. "പ്രസാദവും സത്യവും നിറഞ്ഞവനായി" (Jo 1, 14) പാപികളും ദുർബ്ബലരുമായ മനുഷ്യരുടെ പക്കലേക്കിറങ്ങിവന്നു, ദൈവികവ്യക്തിയോടു മനുഷ്യസ്വഭാവം യോജിപ്പിച്ചുകൊണ്ടു, അങ്ങനെ "സജീവജലത്തിന്റെ നീർച്ചാലുകൾ" മനുഷ്യവംശത്തിലേക്കു തിരിച്ചുവിടുവാൻ അവിടുത്തേക്കു സാധിച്ചു. ഉണങ്ങിവരണ്ട ഭൂമി നനഞ്ഞു പച്ചപിടിച്ചു അങ്ങനെ സസ്യങ്ങൾ തഴച്ചുവളർത്തു സമൃദ്ധമായ ഫലങ്ങൾ പുറപ്പെടുവിച്ചു. ഇപ്രകാരം സംഭവിച്ചതു കൃപാസമ്പന്നനായ ദൈവത്തിന്റെ നിത്യസ്നേഹംമൂലമാണെന്നു ജെറമ്യാപ്രവാചകൻ വിവരിക്കുന്നതെങ്ങനെയാണെന്നു നോക്കുക. "അനന്തമായി ഞാൻ നിന്നെ സ്നേഹിച്ചു അതിനാലാണ് കരുണാപൂർവ്വം നിന്നെ എന്റെ പക്കലേക്കടുപ്പിച്ചതു. കർത്താവു പറയുന്നു: ഇസ്രായേലിന്റെ ഭവനത്തോടും യൂദായുടെ ഭവനത്തോടും ഞാൻ ഉടമ്പടിയിലേർപ്പെടുവാൻപോകുന്നു. ഞാൻ അവരുടെ അന്തരാത്മാവിൽ ഒരു നിയമം സ്ഥാപിക്കും. അതു ഞാനവരുടെ ഹൃദയത്തിൽത്തന്നെ എഴുതുന്നതായിരിക്കും. ഞാൻ അവരുടെ ദൈവമായിരിക്കും; അവരെന്റെ ജനങ്ങളും... ഞാനവരുടെ അപരാധങ്ങൾ അവരോടു ക്ഷമിക്കും. അവരുടെ പാപങ്ങൾ മേലിൽ ഞാൻ ഓർക്കുകയില്ല." (Jer. 31, 3, 31, 33-34)

(തുടരും)


## ലൂർദ്ദ് പള്ളിക്കുറി ആപ്പീസ്, തൃശ്ശൂർ

ദർശനസഭയിൽനിന്നു തുടങ്ങുന്ന

## പുതിയ മാസക്കുറി

As per Govt. order No. D. Dis. 14225/56/Fin. dated 30-4-54)

നറുക്ക് 1ക്ക് 100ക. 111 നറുക്ക്. 11,100ക.

ഒന്നാംതവണ 1956 ജൂലായി 25-ാംനു / 1131 കർക്കിടകം 10-ാംനു

കുറിയിൽ കുറഞ്ഞതു 32-ൽ ഒരംശം (3ക. 2ണ. യുടെ വിതം) വരെ ചേരാവുന്നതാണ്.

കുറിയെസംബന്ധിച്ച കൂടുതൽ വിവരത്തിനും, അപേക്ഷാഫാറത്തിനും കുറിയാപ്പീസിലേയ്ക്കു ഉടനെ എഴുതുക.

Trichur, )
1-5-'56 )

Vicar & Trustee,
The Lourdes Church Dharshana Sabha


# വിവിധവൃത്താന്തങ്ങൾ

## 11-ാം ഇന്നോസെന്റ് മാർപ്പാപ്പാ

1676 സെപ്തംബർ 21 മുതൽ 1689 ആഗസ്റ്റ് 11 വരെ തിരുസഭയെ ഭരിച്ചിരുന്ന പതിനൊന്നാം ഇന്നോസെന്റ് മാർപ്പാപ്പായെ അടുത്ത ഒക്ടോബർ 7-ാംനു ശനിയാഴ്ച അനുഗ്രഹീതനെന്നു നാമകരണം ചെയ്യുമെന്നറിയുന്നു. കഴിഞ്ഞ ആഴ്ച പരിശുദ്ധപിതാവിന്റെ സന്നിധിയിൽവെച്ചു റീത്തുകളുടെ തിരുസംഘം, നാമകരണത്തിനു ആവശ്യമായ, രണ്ടു അത്ഭുതങ്ങളെപ്പറ്റിയുള്ള ചർച്ച നടത്തുകയുണ്ടായി. അത്ഭുതങ്ങൾ അനുകൂലമായ തിരുസംഘത്തിന്റെ തീരുമാനത്തെപ്പറ്റിയുള്ള ഡിക്രി പ്രസിദ്ധംചെയ്യുവാൻ പരിശുദ്ധപിതാവു അനുവദിച്ചിരിക്കുന്നു. ഫ്രാൻസിലെ പതിന്നാലാം ലൂയിസുരാജാവിന്റെ സ്വേച്ഛാപ്രഭുത്വപരമായ അധികാരപ്രയോഗത്തെ നിരന്തരം എതിർത്തുകൊണ്ടിരുന്ന ഒരു മഹാനാണ് പതിനൊന്നാം ഇന്നോസെന്റു മാർപ്പാപ്പാ.

## കൃതജ്ഞത

വിശുദ്ധ റീത്താപുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

A. J. T. K.

## 336 ലക്ഷം കത്തോലിക്കർ

ഈയിടെ പ്രസിദ്ധംചെയ്ത അമേരിക്കൻ കത്തോലിക്കാ ഡയറക്ടറിപ്രകാരം കഴിഞ്ഞകൊല്ലം അമേരിക്കയിൽ 3,35,74,017-ം അലാസ്കായിലും ഹാവായിലുംകൂടി 1,77,370-ം കത്തോലിക്കരാണുള്ളതു. കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ കത്തോലിക്കാജനസംഖ്യയിൽ 91,71,893 വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞകൊല്ലം 1,39,333 പേർ കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടിരിക്കുന്നു. പത്തുലക്ഷത്തിൽ കൂടുതൽ കത്തോലിക്കരുള്ള ഏഴ് അതിരൂപതകളും ഒരു രൂപതയുമുണ്ട്. സഭാഭരണത്തിനായി നാലു കർദ്ദിനാളന്മാരും 37 മെത്രാപ്പോലീത്താമാരും 173 മെത്രാന്മാരും ഉണ്ടായിരിക്കുന്നു. 29,734 ഇടവകവൈദികരുൾപ്പെടെ 48,349 വൈദികരും 8 868 ഉണസഹോദരന്മാരും, 159,545 കന്യാസ്ത്രീകളും സഭാസേവനത്തിൽ ഏർപ്പെട്ടിരുന്നു. കഴിഞ്ഞ കൊല്ലം 12 04 982 ജ്ഞാനസ്നാനങ്ങളും 3 24,907 വിവാഹങ്ങളും നടന്നതായി ഡയറക്ടറി രേഖപ്പെടുത്തുന്നു.

## മാതൃസ്മാരകം

സലേഷ്യൻസഭാസ്ഥാപകനായ വിശുദ്ധ ജോൺബോസ്കോയുടെ മാതാവായ "മമ്മാമാർഗ്ഗരീത്താ" ദിവംഗതയായിട്ട് 100 വത്സരം തികയുന്നതു ഇക്കൊല്ലമാണ്. ഈ ശതാബ്ദപൂർത്തിസ്മാരകമായി, അവരുടെ ജന്മദേശമായ ഇറ്റലിയിലെ കാപ്രിഗ്ലിയോയിൽ മാർബിൾകൊണ്ടുള്ള അവരുടെ ഒരു ഉത്ഭവകായപ്രതിമ സ്ഥാപിച്ചിരിക്കുന്നു. ആ മഹതിയുടേയും മറ്റു എല്ലാ സലേഷ്യൻ മിഷനറിമാരുടെ മാതാക്കളുടേയും സ്മരണകളെ ശാശ്വതീകരിക്കുന്നതിനായി മുൻ സലേഷ്യൻവിദ്യാർത്ഥികളുടെ "പീഡ് മോൺടെസി ഫെഡറേഷൻ"ആണ് ഈ പ്രതിമാസ്ഥാപനത്തിനുവേണ്ട ഏർപ്പാടുചെയ്തതു.

## ആസ്ട്രിയൻ പീപ്പിൾസ് പാർട്ടി

ആസ്ട്രിയായിൽ ഈയിടെ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ചാൻസലർ ജൂലിയസ് റാബിന്റെ നേതൃത്വത്തിലുള്ള കത്തോലിക്കാ പീപ്പിൾസ് പാർട്ടിക്കു, 165 മെമ്പർമാരുള്ള നാഷനൽ അസംബ്ലിയിൽ 82 സീറ്റുകൾ കിട്ടുകയുണ്ടായി. ഒരു സ്ഥാനംകൂടെ കിട്ടിയിരുന്നെങ്കിൽ നിർണ്ണായകഭൂരിപക്ഷം കിട്ടുമായിരുന്നു. ഏകകക്ഷിഭരണം ഇന്നത്തെ ചുറ്റുപാടിൽ ആസ്ട്രിയായുടെ പുരോഗതിക്കു പറ്റിയതല്ലെന്നാണു ചാൻസലർ റാബിന്റെ അഭിപ്രായം. ലിബറൽപാർട്ടിയുമായി യോജിച്ചാലും ഭരണം നടത്താമെങ്കിലും സോഷ്യലിസ്റ്റ് പാർട്ടിയുമായി യോജിച്ച് ഒരു "സംയുക്തമന്ത്രിസഭ ഉണ്ടാക്കുവാനാണു അദ്ദേഹം അഭിലഷിക്കുന്നതു".

## അൾജീരിയൻ വൈദികർ നാടുകടത്തപ്പെട്ടു

ഫ്രാൻസിനെതിരായി വിപ്ലവം നടന്നുകൊണ്ടിരിക്കുന്ന അൾജീരിയായിൽനിന്നു മൂന്നു കത്തോലിക്കാവൈദികരെ നാടുകടത്തിയിരിക്കുന്നു. ഫ്രാൻസിനെതിരായി വിപ്ലവത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന അറബിവംശജരായ കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുത്തുവന്നുള്ളതാണു അവരുടെമേലുള്ള ആരോപണം. എന്നാൽ അൾജീരിയായിലെ കത്തോലിക്കാമെത്രാന്മാർ ഈ വൈദികരുടെ നിലപാടിനെ പൂർണ്ണമായി അനുകൂലിക്കുന്നുണ്ട്. ഫ്രാൻസിൽ ലില്ലിയിലെ മെത്രാനായ കർദ്ദിനാൾ ലിനാർട്ട് പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഫ്രഞ്ചുഗവണ്മെന്റിന്റെ പ്രവൃത്തിയെ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. ഗവണ്മെന്റിന്റെ ആരോപണങ്ങൾക്കെല്ലാം സമാധാനം പറഞ്ഞുകൊണ്ടു ജാതിവ

## അടുത്തയാഴ്ചയിൽ

ജൂൺ

21 വ്യാ: വി. ളൂയിസ് ഗൊൺസാഗ
22 വെ: വി. പൗലിനോസ്
23 ശ: വി. പത്രോണില
24 ഞാ: പന്തക്കുസ്ത 5-ാം ഞായർ
25 തി: വി. ഗുലിയെൽമോസ്
26 ചൊ: വി. യോഹന്നാനും പൗലോസും
27 ബു: വി. മർസലീനോസും കൂട്ടരും

ഗ്ഗമേമെന്യേ രോഗികളേയും മുറിവേററവരേയും ശുശ്രൂഷിക്കുന്നതിനും, വിശക്കുന്നവക്കു ഭക്ഷണം നൽകുന്നതിനും, നഗ്നരെ ഉടുപ്പിക്കുന്നതിനും എല്ലാ വൈദികക്കും അവകാശവും ചുമതലയുമുണ്ടെന്നു പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു. "ദൈവത്തിൻെറ സാർവ്വത്രികപിതൃത്വത്തിൻെറ മാതൃകയായിരിക്കുന്നതിൽനിന്നു ഒരു വൈദികനെ തടയുവാൻ രാഷ്ട്രത്തിൻെറ യാതൊരു കാരണങ്ങൾക്കും സാദ്ധ്യമല്ലാ"യെന്നു പ്രസ്താവനയിൽ ഊന്നു രേഖപ്പെടുത്തിയിരിക്കുന്നു.

## ട്രൂമൻ വത്തിക്കാനിൽ

അമേരിക്കൻ പ്രസിഡൻറായിരുന്ന മി. ഹാരി എസ് ട്രൂമൻ കഴിഞ്ഞ ആഴ്ച മാർപ്പാപ്പാ തിരുമേനിയുമായി നടത്തിയ കൂടിക്കാഴ്ചയെപ്പററി "ഡെയിലി എക്സ്പ്രസ്" എന്ന പത്രത്തിൽ ഒരു ലേഖനം എഴുതിയിരിക്കുന്നു. ലോകസമാധാനത്തെപ്പററിയാണു തങ്ങൾ സംസാരിച്ചതെന്നും, ഇതിനു മുൻപു കത്തുകൾവഴി നടന്ന ആശയവിനിമയത്തിൻെറ തുടർച്ചയായിരുന്നു അതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. പരിശുദ്ധപിതാവിനു ലോകസമാധാനത്തിലാണ്, ആയുധങ്ങളിലല്ല താല്പര്യമെന്നും അദ്ദേഹം തുടർന്നു പറയുന്നു. അമേരിക്കയും വത്തിക്കാനും തമ്മിൽ നയതന്ത്രബന്ധം ഏർപ്പെടുത്തണമെന്നു എപ്പോഴും വാദിച്ചിട്ടുള്ള ഒരാളാണു മി. ട്രൂമൻ. അദ്ദേഹം പ്രസിഡൻറായിരുന്ന കാലത്തു ജനറൽ മാർക്ക് ക്ലാർക്ക് എന്നയാളെ വത്തിക്കാനിലെ അമേരിക്കൻ സ്ഥാനപതിയായി നിയമിക്കയും ചെയ്തിരുന്നു. എന്നാൽ ശക്തിയായ എതിർപ്പുമൂലം ആ നിയമനം പിന്നീടു റദ്ദു ചെയ്യുകയാണുണ്ടായതു്.

## ആസ്പത്രിയിലെ ജോലിക്കാരോട്

റോമയിലെ ആശുപത്രി ജോലിക്കാർ ഈയിടെ പരിശുദ്ധപിതാവു തിരുമേനിയെ സന്ദർശിച്ചപ്പോൾ "ഈശോയെ പരിചരിക്കുമായിരുന്നതുപോലെ" രോഗികളെ പരിചരിക്കുവാൻ അവിടുന്നു അവരെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. "എല്ലാവരോടും സഹിഷ്ണുതയും സ്നേഹവുമുള്ളവരായിരിക്കുക. ഒരു സജീവസക്രാരിയിലെന്നപോലെ, അവരിൽ ഓരോരുത്തരിലും ഈശോ സന്നിഹിതനായിരിക്കുന്നു. ആ സക്രാരി എപ്പോഴും അലംകൃതമല്ലായിരിക്കാം; ചിലപ്പോൾ വൃത്തിഹീനവും ഉടഞ്ഞതുമായിരിക്കാം. അതു കണക്കാക്കേണ്ടതില്ല. ഈശോയ്ക്കുവേണ്ടി സൂക്ഷ്മമായ ശ്രദ്ധയും, സ്നേഹപൂർവ്വമായ പരിചരണവും, ദീർഘക്ഷമയും ഉള്ളവരായിരിക്കുക" എന്നു തിരുമേനി അവരോടു പറഞ്ഞു.

## നേരു നേരിട്ടുകേട്ടു

ന്യൂയോർക്കിലെ ഫോർഡ്ഡാം സർവ്വകലാശാലയുടെ കൺവൊക്കേഷൻ സമ്മേളനത്തിൽ, ഐക്യരാഷ്ട്രസ്ഥാപനത്തിലെ പ്രതിനിധിയായ മി. എ. കാബോട്ലോഡ്ജും സംബന്ധിച്ചിരുന്നു. പ്രസംഗവിഷയം "സ്റ്റാലിനു പ്രശംസ" എന്നാണും, പ്രാസംഗികന്മാരിൽ ഒരാൾ സ്പാനിഷ് വിദേശകാര്യമന്ത്രി ഡോക്ടർ എ. എം. അർത്താജോയുമായിരുന്നു. കമ്മ്യൂണിസ്റ്റുക്രമങ്ങളുടെ ഒരു നീണ്ടപട്ടിക അദ്ദേഹം സദസ്സിൽ വെച്ചു. സ്വാതന്ത്ര്യലോകത്തിൻെറ ഒന്നാം നമ്പർ ശത്രുവായ കമ്മ്യൂണിസത്തെ പ്രതിരോധിക്കുകയെന്നതാണു സ്പെയിനിൻെറ ഇന്നത്തെ സർവ്വപ്രധാന ലക്ഷ്യമെന്നും, കമ്മ്യൂണിസം എന്താണെന്നു അനുഭവിച്ചു അറിഞ്ഞവരാണു സ്പെയിൻകാരെന്നും, സ്പാനിഷ്-അമേരിക്കൻ സൈനികസഖ്യമാണു്, തങ്ങളുടെ ശീതസമരതന്ത്രങ്ങൾ പലതും ഉപേക്ഷിക്കുവാൻ റഷ്യയെ പ്രേരിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. യോഗാനന്തരം ഈ പ്രസംഗത്തെപ്പററി പത്രപ്രതിനിധികൾ കാബോട്ലോഡ്ജിനോടു ചോദിച്ചു: "ഒന്നും പറയാനില്ലാ"യെന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി.

## അദ്ധ്യാപകന്മാർ ശമ്പളം കുറയ്ക്കുന്നു

ദക്ഷിണാഫ്രിക്കയിലെ ബാൻറു എഡ്യൂക്കേഷൻ ആക്ട് അനുസരിച്ചു് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നൽകിയിരുന്ന സാമ്പത്തികസഹായങ്ങൾ വെട്ടിച്ചുരുക്കിയതുമൂലം, മിഷൻസ്കൂളുകൾ നടത്തിക്കൊണ്ടുപോകുക വിഷമകരമായ ഒരു പ്രശ്നമായിത്തീർന്നു. ഈ ദുർഘടത്തെ തരണംചെയ്യുന്നതിനും, മിഷൻസ്കൂളുകൾ സഭയുടെ നിയന്ത്രണത്തിൽതന്നെ നിലനിർത്തിക്കൊണ്ടുപോകുന്നതിനുംവേണ്ടി, അവയിലെ അദ്ധ്യാപകന്മാർ ശമ്പളത്തിൽ 25 ശതമാനം കുറവുചെയ്യുന്നതിനു സമ്മതിച്ചിരിക്കുന്നു. മിഷൻസ്കൂളുകളിലെ അദ്ധ്യാപകന്മാരിൽ 80 ശതമാനത്തിലധികം പേർ ആഫ്രിക്കൻ ജാതിയരാണു്; സ്കൂളുകൾ തുടർന്നു നടത്തിക്കൊണ്ടുപോകുവാൻ സഹായകമാകത്തക്കവണ്ണം 135 ലക്ഷം ക. യുടെ ഒരു ഫണ്ടു് രണ്ടുകൊല്ലംകൊണ്ടു ശേഖരിക്കുവാൻ ദക്ഷിണാഫ്രിക്കൻ കത്തോലിക്കർ തീരുമാനിച്ചിരിക്കുകയാണു്.

## തൊഴിലാളി-വൈദികർ

ആസ്ത്രിയായിലെ "യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ്" സംഘടനയിൽപെട്ട അറുപതിൽപരം തൊഴിലാളികൾ ഇപ്പോൾ വൈദികപട്ടത്തിനു പഠിച്ചുകൊണ്ടിരിക്കയാണു്. അവരിൽ ഒരാൾ ഈയിടെ വൈദികപട്ടം സ്വീകരിക്കുകയുണ്ടായി. വളരെക്കാലം തൊഴിലാളികളായി കഴിഞ്ഞിരുന്ന ഇവർ, തങ്ങളുടെ സഹജോലിക്കാരുടെ ഇടയിൽ നടമാടുന്ന ആദ്ധ്യാത്മികമായ ദാരിദ്ര്യത്തെയും കഷ്ടതകളെയുംപററി നല്ല ബോധ്യം വന്നിട്ടുള്ളവരാണു്. വൈദികരായശേഷം ആ തൊഴിലാളികളുടെ ഇടയിൽതന്നെ പോയി അവരുടെ ആദ്ധ്യാത്മികോന്നമനത്തിനുവേണ്ടി ജോലിചെയ്യുവാൻ ഇവർ ആഗ്രഹിക്കുന്നു. ഇവരിൽ പലർക്കുംതന്നെ സെക്കണ്ടറി വിദ്യാഭ്യാസമില്ലാതിരുന്നതിനാൽ, ഒഴിവുസമയങ്ങളിൽ സ്പെഷ്യൽക്ലാസുകളിൽ സംബന്ധിച്ചാണു് സെമിനാരിപ്രവേശനത്തിനുവേണ്ട യോഗ്യത സമ്പാദിച്ചതു്.

## വിദേശവാർത്തകൾ

ക്രിസ്ത്യൻസ്കൂൾ ബ്രദേഴ്സ് എന്നപേരിൽ അറിയപ്പെടുന്ന ഡിലാസാല്ലേ സന്യാസസമൂഹത്തിൻെറ സുപ്പീരിയർ ജനറൽ ആയി ബ്രദർ നിസെ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ സന്യാസസഹോദരന്മാർ ഇപ്പോൾ 67 രാജ്യങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നു.

—ഇംഗ്ലണ്ടിൽ പീറാർബറോ ആംഗ്ലിക്കൻ രൂപതയുടെ മതവിദ്യാഭ്യാസഡയറക്ടറായ കാനൻ എഡ്വർഡ് ചാറത്സ് റിച്ച് എന്ന ആംഗ്ലിക്കൻ വൈദികൻ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ മാനസാന്തരത്തെത്തുടർന്നു്, ജാമാതാവായ ക്രെയിഗ്മൈൽ പ്രഭുവും കത്തോലിക്കനായിരിക്കുന്നു.

—ഫ്രാൻസിലെ യഹൂദന്മാരുടെ ഒരു കമ്മിററി ടൂളോണിലെ കർദ്ദിനാൾ തിരുമേനിയെ സന്ദർശിച്ചു്, നാസിമർദ്ദനകാലത്തു കർദ്ദിനാൾ തിരുമേനി യഹൂദന്മാർക്കു ചെയ്തുകൊടുത്തിട്ടുള്ള വിലയേറിയ സേവനങ്ങളെ അഭിനന്ദിച്ചു് ഹീബ്രു ഭാഷയിൽ ഒരു സാക്ഷിപത്രം ഒരു തുകൽക്കടലാസിൽ എഴുതിയതു സമർപ്പിച്ചിരിക്കുന്നു. ജറുസലേമിനടുത്തുള്ള ഒരു യഹൂദതോട്ടത്തിനു കർദ്ദിനാളിൻെറ പേരാണു നൽകിയിരിക്കുന്നതെന്നുള്ളതു ഇവിടെ സ്മർത്തവ്യമാണു്.

—1955 ൻെറ ആരംഭത്തിൽ 200,000 കത്തോലിക്കരാണു ദക്ഷിണകൊറിയായിൽ ഉണ്ടായിരുന്നതു്. അവസാനത്തിൽ 231801 കത്തോലിക്കരും. ഇപ്പോൾ 26525 പേർ മതകാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു.

—ഡെൻമാർക്കിലെ ഒരു സുപ്രസിദ്ധസാഹിത്യകാരനായ മി. ജോഹാന്നസ് ജർഗ്ഗൻസൺ 89-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ഒരു പ്രോട്ടസ്റ്റൻറുകാരനായി ജനിച്ച അദ്ദേഹം 1896-ൽ കത്തോലിക്കനായി.

—അമേരിക്കൻ പ്രസിഡൻറു ഐസനോവർക്കു് ചെറുകുടലിലെ ഒരു തടസ്സം നീക്കുന്നതിനായി ഒരു ശസ്ത്രക്രിയ നടത്തിയിരിക്കുന്നു. തന്മൂലം അമേരിക്കയിലെത്തിയ പശ്ചിമജർമ്മൻ ചാൻസലർ ഡോക്ടർ അഡനോവറെ വൈസ്പ്രസിഡൻറാണു സ്വീകരിച്ചതു്.

—ഹിന്ദുസ്ഥാൻ ടൈംസ് പത്രാധിപരായ മി. ദേവദാസ് ഗാന്ധി കുടുംബസഹിതം വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു പത്തുമിനിററുനേരം സംഭാഷണം നടത്തിയിരിക്കുന്നു. തൻെറയും കുടുംബത്തിൻെറയും ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുവാനായിരുന്നു ഈ സന്ദർശനമെന്നു മി. ഗാന്ധി പിന്നീടു പ്രസ്താവിച്ചു.

സകല വിശുദ്ധന്മാരുടെയും പ്രത്യേകിച്ചു വി. പത്താംപീയൂസിൻെറയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

മിസ്സിസ് റോസി ജോസഫ്
ഞാറക്കൽ

—രാജ്യരക്ഷാവകുപ്പുമന്ത്രി മി. യൂ ബാസ്വിയെ പുതിയ ബർമ്മീസ് പ്രധാനമന്ത്രിയായി പ്രതിനിധിസഭ തിരഞ്ഞെടുത്തിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യായുടെ ജനറൽ സിക്രട്ടറിയായി ബോംബെയിലെ മി എ ജെ ഒ പിൻേറാ എം എ എൽ എൽ ബി യെ നിയമിച്ചിരിക്കുന്നു.

—ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്സിൽ ഒരു ഉരുക്കുനിർമ്മാണശാലകൂടി സ്ഥാപിക്കുന്നതിനു് ഇൻഡ്യാഗവൺമെൻറു തീരുമാനിച്ചിരിക്കുന്നു.

—ഉരുക്കു ടണ്ണിനു 525 ക. യും പച്ചിരുമ്പു ടണ്ണിനു 225 ക. യായും ഇൻഡ്യയിലെങ്ങും ഗവർമ്മെൻറു വില നിയന്ത്രിച്ചിരിക്കുന്നു

—രാജ്യസഭയുടെ അടുത്ത സമ്മേളനം ജൂലൈ 30-ാംനു ആരംഭിക്കുന്നതാണു്.

—സംസ്ഥാന കൃഷികാര്യമന്ത്രിമാരുടെ ഒരു സമ്മേളനം ജൂൺ 28 മുതൽ 30 വരെ തിയതികളിലും സഹകരണവകുപ്പു മന്ത്രിമാരുടെ സമ്മേളനം ജൂലൈ 1-ം 2-ം തിയതികളിലും മുസ്സോറിയിൽവെച്ചു നടക്കുന്നതാണു്.

—ഇൻറർനാഷനൽ ലേബർ ഓഫീസിൻെറ അടുത്ത ഏഷ്യൻ റീജിയനൽ കോൺഫറൻസ് ന്യൂഡൽഹിയിൽ വെച്ചു നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—വർക്കിംഗ് ജർണ്ണലിസ്റ്റ്സ് ഫെഡറേഷൻ പ്രസിഡൻറായി മി. എസ് എ ശാസ്ത്രി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ലോഹധാതുക്കളുടെ അഭിവൃദ്ധിപദ്ധതികൾ വിജയകരമായി നടത്തിക്കുന്നതിനു ആജ്മീർ, കൽക്കത്ത, നാഗപ്പൂർ, ബാംഗ്ളൂർ എന്നിവിടങ്ങളിലായി നാലു മേഖലാകൗൺസിലുകൾ നിയമിക്കുവാൻ ഇൻഡ്യാഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—ഇന്ത്യൻ ഭൂഭാഗത്തിലൂടെ കടന്നുപോകുന്നതിനു 1779 മുതലുണ്ടായിരുന്ന അവകാശം ഇന്ത്യാ തടഞ്ഞിരിക്കുന്നുവെന്നു്, പോർത്തുഗൽ സർവ്വരാജ്യകോടതിയിൽ ഇന്ത്യക്കെതിരായി പരാതിസമർപ്പിച്ചിരിക്കുന്നു.

—കേരളസംസ്ഥാനം രൂപം പ്രാപിക്കുമ്പോൾ മലബാറിലെയും കാസർകോട്ടെയും നിയമസമാധാനങ്ങൾക്കു സാമഞ്ജസ്യം നഷ്ടപ്പെടാത്തക്കവിധം സംസ്ഥാനപുനസ്സംഘടനാബില്ലിൽ ഭേദഗതിവരുത്തുന്നതിനു് ഇന്ത്യാഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ലണ്ടനിലെത്തുന്ന പ്രധാനമന്ത്രി നെഹ്റുവിനു "ഓണററി ഫ്രീഡം ഓഫ് ലണ്ടൻ" എന്ന ബഹുമതി നൽകുന്നതിനു ലണ്ടൻ നഗരവാസികൾ തീരുമാനിച്ചിരിക്കുന്നു.

## തിരുകൊച്ചിവാർത്തകൾ

റിസർവ്വ് വനങ്ങളെ മണ്ണൊലിപ്പിൽനിന്നും സംരക്ഷിക്കുവാൻ തൃശ്ശൂർ ഡിസ്ട്രിക്ടിൽ 240,000ക. ചെലവഴിക്കുവാൻ ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—ഭക്ഷ്യസാധനങ്ങളുടെ വിലക്കയററം തടയുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, മട്ടാഞ്ചേരി മുതലായ പട്ടണങ്ങളിൽ ഗവർമ്മെൻറു ന്യായവിലഷാപ്പുകൾ ഏർപ്പെടുത്തിവരുന്നു.

—തൃശ്ശൂർ ഡിസ്ട്രിക്ട് ജഡ്ജി മി. പി. ഡി. തൊമ്മനെ സെയിത്സ് ടാക്സ് അപ്പലേററു ട്രൈബ്യൂണൽ ആയി നിയമിച്ചിരിക്കുന്നു.

—പാശ്ചാത്യരാജ്യങ്ങളിൽ ഉപരിപരിശീലനത്തിനു പോയിരുന്ന ഡോക്ടർ സി എം ജോസഫ് ഇവിടെ തിരിച്ചെത്തി ജനറലാശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

—തിരുകൊച്ചിയിലെ മുൻമന്ത്രിമാരുടെമേൽ ആരോപിതമായിട്ടുള്ള അഴിമതിയെപ്പററി അന്വേഷിക്കുവാൻ കോൺഗ്രസ് പ്രസിഡൻറു മി. ധേബാർ കേന്ദ്ര ആഭ്യന്തരവകുപ്പിനോടു് ആവശ്യപ്പെട്ടിരിക്കുന്നു.

—ഗവർമെൻറു സർവ്വീസിലെ ഗസററഡ് ഉദ്യോഗസ്ഥന്മാർ സെക്രട്ടറിയേററ് അസ്സോസിയേഷൻപോലെയുള്ള സംഘടനകളിൽ അംഗങ്ങളായിരിക്കുവാൻ പാടില്ലെന്നു ഗവർമെൻറുത്തരവായിരിക്കുന്നു.

—കർമ്മലീത്താ സന്യാസസഭ വകയായി ഇരിഞ്ഞാലക്കുട ആരംഭിക്കുന്ന ക്രൈസ്റ്റ് കോളേജിൻെറ ആശീർവാദകർമ്മം തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു

## പുനരൈക്യപ്പെട്ടു
### വെരി റവ. പി. സി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ

കീഴക്കമ്പലം സ്വദേശിയായ വെരി റവ. പി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ അവർകൾ ബി. എ. ജൂൺ 18-ാംനു 4 മണിക്കു തിരുവല്ലാ അരമനയിൽ നി. വ. ദിവ്യശ്രീ മാർ അത്തനാസ്യോസ് തിരുമേനിയുടെ സന്നിധിയിൽവച്ചു് സത്യപ്രതിജ്ഞ ചെയ്തു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു.



വിമർശനപംക്തി

# അന്ധവിശ്വാസികൾ

പലതരം അന്ധവിശ്വാസികളെപ്പററി നാം കേട്ടിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിലും അന്ധവിശ്വാസികളെ കാണുകയുംചെയ്യാം. വിജ്ഞാനത്തിന്റെ എല്ലാം ശാഖകളിലും അന്ധവിശ്വാസികളുണ്ട്. എന്നാൽ മതപരമായ രംഗത്താണു അവർ കൂടുതലുള്ളതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഓരോ വിഷയത്തിലുമുള്ള യഥാർത്ഥമായ അറിവു ലഭിക്കുന്നതോടുകൂടി ആ വിഷയത്തിലുള്ള അന്ധവിശ്വാസവും ഇല്ലാതാകുന്നതാണ്. വിജ്ഞാനത്തിന്റെ വിവിധരംഗങ്ങളിലും അത്ഭുതാവഹമായ പുരോഗതി ഉണ്ടായിട്ടുള്ള ഇക്കാലത്തും, ശരിയായ അറിവ് എത്തുപെടായ്കയാൽ, അന്ധവിശ്വാസികളുണ്ടായിരിക്കുന്നു. എന്നാൽ ഇന്നു ഏററവും വലിയ അന്ധവിശ്വാസികൾ "യുക്തിവാദി"കൾ എന്നു സ്വയം അഭിമാനിച്ചുനടക്കുന്നവരാണ്. സാധാരണ അന്ധവിശ്വാസികൾ അറിവിന്റെ അഭാവംകൊണ്ടു അന്ധവിശ്വാസികളായിരിക്കുന്നെങ്കിൽ, യുക്തിവാദികൾ അറിവിനെ മനഃപൂർവ്വം മറച്ചുവെച്ചുകൊണ്ട് അന്ധവിശ്വാസികളായി വർത്തിക്കുകയും, മററുള്ളവരെ അന്ധവിശ്വാസികളാക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നതാണ് ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസം.

യുക്തിവാദികളാണ ഏററവും വലിയ അന്ധവിശ്വാസികൾ എന്നതിനു ഒന്നാംതരം തെളിവാണ് ഈ ഇടവം ലക്കം "യുക്തിവാദി" മാസികയിലെ "നീരുറവയുടെ അത്ഭുതസിദ്ധി" എന്ന ലേഖനം. അമേരിക്കയിൽനിന്നു പുറപ്പെടുന്ന "റീഡേഴ്സ് ഡൈജസ്റ്റ്" എന്ന മാസികയിൽ ലൂർദ്ദിനെപ്പററി ഒരു ലേഖനമുണ്ടായിരുന്നു. ശ്രീ പി. കെ. ഉണ്ണികൃഷ്ണൻ എന്നൊരു ഹിന്ദു അതു തർജ്ജമ ചെയ്തു ഏപ്രിൽ 1-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധംചെയ്തിരുന്നു. ലൂർദ്ദിൽ നടക്കുന്ന അത്ഭുതങ്ങളെപ്പററി പ്രതിപാദിക്കുന്നതായിരുന്നു ആ ലേഖനം. യുക്തിവാദികളുടെ വാദഗതിയുടെ അസ്ഥിവാരങ്ങളെ തകർക്കുന്ന ആ ലേഖനം യുക്തിവാദികളോടുള്ള ഒരു ചോദ്യചിഹ്നമായിവർത്തിക്കുന്നു. അതിനാൽ അതിനെ എങ്ങനെയെങ്കിലും ഖണ്ഡിക്കണമല്ലോ. പക്ഷെ സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വെളിച്ചത്തിൽ അതു സാദ്ധ്യമല്ലെന്നു അവർക്കറിയാം. അതുകൊണ്ട് യുക്തിവാദിവായനക്കാരെ അന്ധവിശ്വാസികളാക്കിത്തീർത്തുകൊണ്ടും സാധിക്കാമോയെന്നാണ അവർ പരീക്ഷിക്കുന്നതു. അതിനുള്ള കരുക്കളിണക്കുന്നതു നോക്കുക:

1. "അമേരിക്കയിലെ കത്തോലിക്കരുടെ വകയാണ് റീഡേഴ്സ് ഡൈജസ്റ്റ് മാസിക." ഇതു വെറുതെ പറയുകയല്ലാ, കീഴ്‌വരയിട്ടു ഉറപ്പിച്ചാണ പറയുന്നതു. "മതവിശ്വാസത്തെ പ്രചരിപ്പിക്കാനാണ് അതു പ്രസിദ്ധീകരിക്കുന്നതെ"ന്നു എടുത്തുപറയുകയും ചെയ്യുന്നു. എന്നാൽ റീഡേഴ്സ് ഡൈജസ്റ്റ് കത്തോലിക്കരുടെ ഒരു മാസികയേ അല്ല. റീഡേഴ്സ് ഡൈജസ്റ്റ് ഒരിക്കലെങ്കിലും കണ്ടിരിക്കാനിടയുള്ള യുക്തിവാദി പത്രാധിപർക്ക് അറിഞ്ഞുകൂടാത്ത ഒരു വസ്തുതയല്ലാ അതു. എങ്കിലും യുക്തിവാദിവായനക്കാർ അതൊരു കത്തോലിക്കാമാസികയാണെന്നു വിശ്വസിച്ചുകഴിയണമെന്നതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. കത്തോലിക്കർക്കനുകൂലമായ ഒരു ലേഖനം അതിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതിനു അങ്ങനെ കൃത്രിമമായ ഒരു കാരണം സൃഷ്ടിച്ച്, ലൂർദ്ദിന്റെ മാഹാത്മ്യത്തെ ലഘൂകരിക്കാമെന്നാണ അദ്ദേഹം കരുതുന്നതു.

2. കത്തോലിക്കരുടേതല്ലാത്ത ആ മാസികയെപ്പററി വീണ്ടും കീഴ്‌വരയിട്ടുകൊണ്ട് പത്രാധിപർ പറയുകയാണ: "ക്രൈസ്തവരുടെ—പ്രത്യേകിച്ച് കത്തോലിക്കരുടെ—മൂഢമായ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ആകുന്നോടത്തോളം ശാസ്ത്രീയനീതീകരണമാണ നൽകുന്നതെന്നു തോന്നിപ്പിക്കുന്ന ലേഖനങ്ങൾക്കു ആ മാസികയിൽ പ്രത്യേകവും പ്രധാനവുമായ സ്ഥാനമനുവദിച്ചിട്ടുണ്ട്." റീഡേഴ്സ് ഡൈജസ്റ്റ് മതപരമായ ഒരു പ്രസിദ്ധീകരണമല്ല. പ്രോട്ടസ്റ്റൻറുമതവിശ്വാസികളും ഒരു മതവിശ്വാസവുമില്ലാത്തവരും അതിന്റെ പത്രാധിപസമിതിയിലുണ്ട്. (അതിന്റെ പത്രാധിപരായിരുന്ന ഫർട്ടൻ ഓസ്ലർ മരിക്കുന്നതിനു കുറേമുൻപു കത്തോലിക്കനായി എന്നതാണ ആ മാസികയും കത്തോലിക്കരുമായുള്ള ബന്ധം). ഇങ്ങനെ പ്രോട്ടസ്റ്റൻറുകാരുടെ ഉടമയിലുള്ളതും മതപരമല്ലാത്തതുമായ ഒരു മാസിക, കത്തോലിക്കരുടെ മൂഢമായ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ശാസ്ത്രീയനീതീകരണം നൽകുന്ന ലേഖനങ്ങൾക്കു പ്രത്യേകവും പ്രധാനവുമായ സ്ഥാനം അനുവദിക്കുന്നുവെന്നു യുക്തിവാദിപത്രാധിപർ വിശ്വസിക്കുന്നുണ്ടെങ്കിൽ അതു നമുക്കു സങ്കല്പിക്കാവുന്നതിലും ഏററവും വലിയ അന്ധവിശ്വാസമാണ്.

3. ലോകത്തിലേക്കും ഏററവും പ്രചാരമുള്ള ഒരു മാസികയാണ് റീഡേഴ്സ് ഡൈജസ്റ്റ്. അമേരിക്കയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലുമായി അതിന്റെ (ഇംഗ്ലീഷ്) 181 ലക്ഷം പ്രതികളാണ് പ്രതിമാസം പ്രചരിച്ചുകൊണ്ടിരിക്കുന്നതു. ഇതിനും പുറമെ ഫ്രഞ്ച്, ഡാനിഷ്, ഫിന്നിഷ്, ജർമ്മൻ, ഇററാലിയൻ, ജാപ്പനീസ്, നോർവീജിയൻ, സ്പാനിഷ്, പോർത്തുഗീസ്, സ്വീഡിഷ് എന്നീ ഭാഷകളിൽ അതിന്റെ തർജ്ജമകളും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ശരിയായ വരിക്കാർ വായിക്കുന്നതിനുപുറമെ റീമെയിലിങ്ങുവഴിയും അനേകർ അതു വായിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഈ മാസിക ധാരാളമായി പ്രചരിക്കുന്നതു ഈ മാർഗ്ഗത്തിലൂടെയാണ്. ഇങ്ങനെ രണ്ടു രണ്ടരക്കോടി ജനങ്ങൾ വായിക്കുന്ന റീഡേഴ്സ് ഡൈജസ്റ്റിന്റെ "വായനക്കാരിൽ ബഹുഭൂരിപക്ഷവും വിവേചിച്ചുവായിക്കുവാൻ പരിശീലിച്ചിട്ടില്ലാത്തവരാണ്" എന്നു യുക്തിവാദിപത്രാധിപർ എഴുതുന്നു. ഇതു മറെറാരന്ധവിശ്വാസമാണ്. പ്രചാരത്തിലും ഉള്ളടക്കത്തിലും ലോകത്തിലെ ഒന്നാംകിടയിൽ നില്ക്കുന്ന ഒരു മാസികയുടെ കോടിക്കണക്കിനുള്ള വായനക്കാർ വിവേചിച്ചുവായിക്കാൻ പരിശീലിച്ചിട്ടില്ലാത്തവരാണെന്നു അന്ധവിശ്വാസം കൊണ്ടായാലും പറയുന്നതു ധിക്കാരംതന്നെയാണ്.

4. ലൂർദ്ദിനെപ്പററിയുള്ള വിവാദലേഖനം "റീഡേഴ്സ് ഡൈജസ്റ്റ്" എന്ന അമേരിക്കൻ മാസികയിൽ റൂത്ത് ക്രാൻസ്റ്റൺ എന്നൊരു ക്രൈസ്തവവനിത എഴുതിയിട്ടുള്ള ഇംഗ്ലീഷ് ലേഖനമാണ്" എന്നു പ്രസ്താവിച്ചിരിക്കുന്നതു മറെറാരു അന്ധവിശ്വാസമാണ്. റൂത്ത് ക്രാൻസ്റ്റൺ റീഡേഴ്സ് ഡൈജസ്റ്റിൽ "ലേഖനം" എഴുതിയിട്ടില്ല. പരിശുദ്ധകന്യകാമറിയത്തോടു പ്രത്യേകഭക്തിയൊന്നുമില്ലാത്ത ഒരു പ്രോട്ടസ്റ്റൻറുവനിതയാണ മിസ് റൂത്ത് ക്രാൻസ്റ്റൺ. ലൂർദ്ദിനെപ്പററിയുള്ള വിവരങ്ങൾ കേട്ടപ്പോൾ അതു നേരിട്ടുപോയി അന്വേഷിച്ചു പരമാർത്ഥം കണ്ടുപിടിക്കണമെന്നു അവൾക്കു തോന്നി. അവർ ലൂർദ്ദിൽ ചെന്നു എല്ലാം നേരിട്ടു മനസ്സിലാക്കുകയും പരിശോധിക്കുകയും ചെയ്തു. അവരുടെ പഠനങ്ങളുടെ ഫലം "ലൂർദ്ദിലെ രഹസ്യം" എന്നപേരിൽ ഒരു പുസ്തകമായി പ്രസിദ്ധംചെയ്തു. മക്ഗ്രാഹിൽ ബുക്കു കമ്പനിക്കാർ പ്രസിദ്ധം ചെയ്തിട്ടുള്ള ഈ ഗ്രന്ഥം (304 പേജ്—നാലര ഡോളർ വില) കഴിഞ്ഞകൊല്ലത്തിലെ ഏററവും വലിയ ബെസ്റ്റ് സെല്ലർ ആയിത്തീർന്നു.

അത്യുത്തമഗ്രന്ഥങ്ങൾ സംഗ്രഹിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഒരു പതിവ് റീഡേഴ്സ് ഡൈജസ്റ്റിനുണ്ട്. അങ്ങനെ കഴിഞ്ഞ ജനുവരിലക്കത്തിൽ റൂത്ത് ക്രാൻസ്റ്റന്റെ പ്രസിദ്ധമായ ഈ ഗ്രന്ഥത്തിന്റെ സംഗ്രഹം ചേർത്തു. ലൂർദ്ദിനെപ്പററിയുള്ള ഈ ഗ്രന്ഥം എഴുതിയതു ഒരു പ്രോട്ടസ്റ്റൻറുവനിത; അതു സംഗ്രഹിച്ചു പ്രസിദ്ധപ്പെടുത്തിയതു ഒരു പ്രോട്ടസ്റ്റൻറു മാസിക; അതു മലയാളത്തിലാക്കിയതു ഒരു ഹൈന്ദവമാന്യൻ; അതു പ്രസിദ്ധപ്പെത്തിയതു ഒരു ഹൈന്ദവപത്രം; യുക്തിവാദിപത്രാധിപർക്കു തെററിദ്ധാരണയോ കത്തോലിക്കരെപ്പററി; അവഹേളിക്കുന്നതോ കത്തോലിക്കരെ. യുക്തിവാദികളുടെ അന്ധവിശ്വാസത്തിന്റെ ഫലം!

5. "ലൂർദ്ദിലെ അത്ഭുതരോഗശാന്തികളെപ്പററി ഒരു യഹൂദനെക്കൊണ്ടു എഴുതിച്ച ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഒരു ഗംഭീരസിനിമാപോലും നിർമ്മിച്ചു പ്രദർശിപ്പിച്ചുവരുന്നുണ്ട്" എന്നതു മറെറാരു അന്ധവിശ്വാസമാണ്. വിശ്വവിഖ്യാതനായ ഫ്രാൻസ് വെർഫൽ എന്ന മഹാസാഹിത്യകാരനാണ് യുക്തിവാദിയുടെ ഈ "ഒരു യഹൂദൻ." 1941-ൽ പ്രസിദ്ധപ്പെടുത്തപ്പെട്ട "ബെർണ്ണദീത്തായുടെ ഗീതം" (The Song of Bernadette) എന്ന ഈ ഗ്രന്ഥത്തിനു 1946 നകം 20 പതിപ്പുകളുണ്ടായി. ആറുഭാഷകളിലേക്കു തർജ്ജമചെയ്യപ്പെട്ടു. ഇന്നു, മലയാളമുൾപ്പെടെ ലോകത്തിലെ മിക്കഭാഷകളിലും അതു പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു വിശ്വോത്തരകൃതിയെയാണ ഒരു ഗ്രന്ഥമെന്നു നിസ്സാരീകരിക്കുവാൻ യുക്തിവാദിപത്രാധിപർ ശ്രമിക്കുന്നതു. പോകട്ടെ.

"യഹൂദനെക്കൊണ്ടു എഴുതിച്ച" എന്ന പ്രയോഗത്തിൽനിന്നും കത്തോലിക്കർ പറഞ്ഞിട്ടാണ് അദ്ദേഹം ഈ ഗ്രന്ഥം എഴുതിയതെന്നാണല്ലോ യുക്തിവാദി അതിന്റെ വായനക്കാരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നതു. ഇതു സത്യവിരുദ്ധമാകയാൽ, യുക്തിവാദിവായനക്കാരെ അന്ധവിശ്വാസികളാക്കിത്തീർക്കുവാനേ ഉപകരിക്കുന്നുള്ളു. താൻ എന്തുകൊണ്ടാണ ഈ ഗ്രന്ഥം എഴുതിയതെന്നു പുസ്തകത്തിന്റെ അവതാരികയിൽ വെർഫൽ പറയുന്നുണ്ട്. നാസിഭടന്മാരാൽ വേട്ടയാടപ്പെട്ട വെർഫൽ, തന്റെയും ഭാര്യയുടെയും ജീവൻ അപകടത്തിലാണെന്നു ബോദ്ധ്യമായപ്പോൾ, ഒരു നേർച്ചനേർന്നു. അപകടംകൂടാതെ അമേരിക്കയിൽ എത്തിച്ചേർന്നാൽ, ലൂർദ്ദിന്റെ ചരിത്രമെഴുതാം എന്നായിരുന്നു ആ യഹൂദന്റെ നേർച്ച. അദ്ദേഹം അത്ഭുതകരമായി രക്ഷപെട്ട് അമേരിക്കയിലെത്തി; നേർച്ച അനുസരിച്ചു ബെർണ്ണദീത്തായുടെ ഗീതം എഴുതുകയും ചെയ്തു. സ്റ്റോക്ക്ഹോമിലെ ഒരു കമ്പനിക്കാർ ഈ പുസ്തകം അച്ചടിക്കുന്നതുവരെ വെർഫൽ ഇങ്ങനെയൊരു പുസ്തകം എഴുതുന്നുണ്ടെന്നുതന്നെ കത്തോലിക്കർ അറിഞ്ഞിരുന്നില്ലായെന്നതാണ പരമാർത്ഥം.

തന്റെ ഗ്രന്ഥത്തെപ്പററി അദ്ദേഹം പറയുകയാണ്: "ഈ പുസ്തകത്തിന്റെ ഉള്ള[illegible]ങ്ങിയിരിക്കുന്ന സ്മ[illegible]യ സംഭവങ്ങളെല്ലാം യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ സംഭവിച്ചിട്ടുള്ളവയാകുന്നു. അവയുടെ ആരംഭം 80 കൊല്ലത്തിനു അപ്പുറത്തല്ലാത്തതിനാൽ, ആധുനികചരിത്രത്തിന്റെ ജാജ്വല്യപ്രകാശം അവയുടെമേൽ പതിക്കുന്നുണ്ട്. ശത്രുക്കളും മിത്രങ്ങളും, പ്രശാന്തരായ നിരീക്ഷകന്മാരും വിശ്വാസയോഗ്യങ്ങളായ സാക്ഷ്യങ്ങളാൽ, അവയുടെ സത്യവത്വത്തെ സ്ഥിരീകരിച്ചിരിക്കുന്നു. ഈ സത്യത്തിന്റെ ഗാത്രത്തിൽ എന്റെ ഗ്രന്ഥം യാതൊരു മാററവും വരുത്തുന്നില്ല." യുക്തിവാദിപ്പത്രാധിപർ ഇതു കണ്ടുകാണുമായിരിക്കുമല്ലോ.

"ഒരു ഗംഭീരസിനിമാപോലും നിർമ്മിച്ചു പ്രദർശിപ്പിച്ചുവരുന്നുണ്ട്" എന്ന പ്രസ്താവനയിലും ഒരു അസത്യം ഒളിച്ചുവെച്ചിട്ടുണ്ട്. പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും, കത്തോലിക്കർ സിനിമാനിർമ്മിച്ചു പ്രദർശിപ്പിച്ചുവരുന്നുവെന്നു വായനക്കാരെ ധരിപ്പിക്കുവാനാണ യുക്തിവാദി പത്രാധിപർ ശ്രമിക്കുന്നതു. വെർഫലിന്റെ ഗ്രന്ഥം സിനിമയാക്കിയതു അമേരിക്കയിലെ "ട്വൻറിയത്തു സെഞ്ചുറിഫോക്സ് മോഷൻ പിക്ചർ" കമ്പനിക്കാരാണ്. അതൊരു കത്തോലിക്കാസ്ഥാപനമേയല്ലായെന്നതാണ പരമാർത്ഥം. പക്ഷെ യുക്തിവാദിയുടെ അന്ധവിശ്വാസം ഇപ്പോഴും മററു വിധത്തിലാണ്. (തുടരും)

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

K. J. G.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA

## For favours received



K. O. M.

## വിനോദവീഥി

അമ്മ:- (ഭാഗവതരോട്) എന്റെ ലില്ലി വല്ലതും പഠിക്കുന്നുണ്ടോ സാറേ?

ഭാഗവതർ:- ഓ, അവൾ നല്ല സമർത്ഥയാണ്. പല വർണ്ണങ്ങളും പഠിച്ചുകഴിഞ്ഞു.

അമ്മ:- അങ്ങനെയാണോ? പക്ഷെ അവൾ പഠിക്കാൻ തുടങ്ങിയപ്പോൾ പറഞ്ഞ അക്ഷരങ്ങളല്ലേ ഇപ്പോഴും പറയുന്നുള്ളു?

x x x



"രണ്ടാംക്ലാസ്സി പഠിക്കേണ്ടേനു" കൊടയൊന്നും മേടിക്കേണ്ടെന്നാണു അപ്പച്ചൻ പറഞ്ഞതു. പിന്നെ മഴ നനയാതിരിക്കാൻ ഞാൻ ചെരുവം ചെമ്മക്കയല്ലാതെന്താ ചെയ്യാ."

x x x

ഗ്രേവൽദമ്പതികൾക്കു സോപ്പുടിക്കാരുകൾ ശേഖരിച്ചതിനു സമ്മാനമായി പാരീസ് പട്ടണത്തിൽ ഒരു 8 മുറി കെട്ടിടംകിട്ടി. അവർ അവിടെ താമസമാക്കി. മുറികൾ ഭംഗിയായി അലങ്കരിച്ചു മിസ്സിസ് ഗ്രേവൽ തന്റെ സ്നേഹിതകളെ സന്ദർശനത്തിനു ക്ഷണിച്ചു. 4 മുറികൾ കാണിച്ചുകൊടുത്തശേഷം സന്ദർശനം അവസാനിപ്പിച്ചു മടങ്ങാൻ ഭാവിച്ചപ്പോൾ ഒരാൾ ചോദിച്ചു:-

"എട്ടു മുറികളുള്ള കെട്ടിടം കിട്ടി എന്നാണല്ലോ പറഞ്ഞതു. നാലുമുറികളല്ലേ കാണുന്നുള്ളു?"

മിസ്സിസ് ഗ്രേവൽ:- "നാലുമുറികൾ നിറയെ അദ്ദേഹം വാങ്ങിയ സോപ്പുകൂടുകൾ ശേഖരിച്ചിരിക്കുകയാണ്."

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ആത്മകഥാകഥനം

# എൻെറ പുനരൈക്യചരിത്രം

(ടി. കെ. ജോൺ, തേക്കുംപറമ്പിൽ)

(തുടർച്ച)

1931 മാർച്ചുമാസംവരെ എനിക്ക വലിയ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായില്ല. അന്നു ഞാൻ പഠിത്തംപ്രമാണിച്ച് തിരുവല്ലാ ടൌണിൽതന്നെ താമസമായിരുന്നു. എല്ലാ ദിവസവും വെളുപ്പിനു 5 മണിക്ക് ബ: ശിവരുതിസച്ചൻ അർപ്പിക്കുന്ന വി. കുർബാനയിൽ ഞാൻവന്നു സംബന്ധിക്കുക പതിവായിരുന്നു. നേരം വെളുക്കുന്നതിനുമുൻപേ ഞാൻ തിരിച്ചു താമസസ്ഥലത്തു എത്തുകയും ചെയ്യുമായിരുന്നു. അതിനാൽ എൻെറ പുനരൈക്യം ആരും അറിയാതെ രഹസ്യമായിത്തന്നെ ഇരുന്നു. എം. ജി. എം. ഹൈസ്കൂളിലെ അദ്ധ്യാപകനായ കൊല്ലാട്ടുകാരൻ കൊച്ചുമലയിൽ ബ: ഏലിയാസച്ചൻ ബി. എ. എൽ. ടി. സാധാരണയായി തെയോഫിലോസ് തിരുമേനിയെ സന്ദർശിക്കാറുണ്ടായിരുന്നു. ഒരിക്കൽ സംഭാഷണമദ്ധ്യേ വന്ദ്യതിരുമേനി അച്ചനോടു പറഞ്ഞു: "നിങ്ങളുടെ സ്കൂളിൽ ഞങ്ങളുടെ കുട്ടികൾ പഠിക്കുന്നുണ്ട്." ഏലിയാസച്ചനു ഇതു വലിയ അത്ഭുതമുളവാക്കി. "റീത്തിനു" കേവലം മൂന്നുമാസം പോലും പ്രായമായിട്ടില്ല. എം. ജി. എം. ഹൈസ്കൂളിൽ "റീത്തു" സമുദായത്തിലെ കുട്ടികൾ പഠിക്കുന്നെന്നോ? അതെന്നറിയണമെന്നു അച്ചനും നിശ്ചയിച്ചു. അദ്ദേഹം ക്ലാസ്സിൽവന്നു എല്ലാ കുട്ടികളുടെ കൈയിലും ഓരോ ചെറിയ കടലാസുതുണ്ട് കൊടുത്തു. അതിൽ ഓരോരുത്തരും അവരവരുടെ പേര്, മേൽവിലാസം, ജാതി, ഉപവിഭാഗം ഇവ എഴുതി അച്ചനെ ഏല്പിക്കണമെന്നു ആവശ്യപ്പെട്ടു. എല്ലാവരും അപ്രകാരം ചെയ്തു. പക്ഷെ ഞാൻ അന്നു കൊടുത്തില്ല. എൻെറ പുനരൈക്യവിവരം അറിഞ്ഞുപോകുമല്ലോ എന്നു ഭയന്നാണു ഞാൻ എഴുതിക്കൊടുക്കാഞ്ഞതു്. അച്ചൻ എൻെറ കുറിപ്പാവശ്യപ്പെട്ടു. ഞാൻ അതിനു അച്ചനുമായി അല്പം നീരസമായി സംസാരിക്കേണ്ടിവന്നു. ഒടുവിൽ ധൈര്യംനടിച്ച് ഞാൻ എഴുതിക്കൊടുത്തു. അച്ചൻ എൻെറ പ്രതിക്ഷയ്ക്കു വിരുദ്ധമായി എൻെറ കുറിപ്പു കണ്ടയുടൻ എന്നെ രഹസ്യമായി വിളിച്ച് ധൈര്യം തരുകയാണു ചെയ്തതു്. അച്ചനും താമസിയാതെ കത്തോലിക്കാസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കയാണെന്നും എന്നെ ധരിപ്പിച്ചു. പക്ഷെ ഇന്നുവരെ അദ്ദേഹം പുനരൈക്യപ്പെട്ടിട്ടില്ല.

അവധിക്കാലത്തു ഞാൻ എല്ലാ ഞായറാഴ്ചയും തിരുവല്ലായിലേക്ക പോകുന്നതുകണ്ട് മാതാപിതാക്കന്മാർക്ക സംശയമുണ്ടായി. ഞാൻ "റീത്തിൽ" ചേർന്നോ എന്നു എന്നോടു ചോദിച്ചു. ഞാൻ ആദ്യം ഉഴപ്പി കാര്യങ്ങൾ പറഞ്ഞുവെങ്കിലും ഒടുവിൽ ഗത്യന്തരമില്ലായ്കയാൽ സമ്മതിക്കേണ്ടിവന്നു. അമ്മയ്ക്കു വലിയ കോപവും ദേഷ്യവുമുണ്ടായി. അപ്പൻ അത്ര വലിയ ഗൗരവം എൻെറ സഭാപ്രവേശത്തിനു നൽകിയില്ല. എങ്കിലും ക്രമേണ അപ്പൻെറ ഈ ഉദാസീനമനോഭാവത്തിനു ഒരു മാററമുണ്ടായി. എൻെറ പുനരൈക്യംമൂലം നാട്ടുകാർ അപ്പനെ അപഹസിച്ചതിനാൽ അപ്പൻ എന്നോടു കർശനമായി പെരുമാറിത്തുടങ്ങി. ഞായറാഴ്ച അവിടത്തെ യാക്കോബായപള്ളിയിൽ പോകണം. തിരുവല്ലായ്ക്കു പൊയ്ക്കൂടാ, എന്നിങ്ങനെയായി താക്കീതുകൾ. ഞാൻ നിസ്സഹായനായിരുന്നു.

പരീക്ഷാഫലം അറിഞ്ഞു. ദൈവകൃപയാൽ ഞാൻ പാസ്സായി. അപ്പൻ പറയുകയാണ്, "റീത്തുകാർ ഒരുദ്യോഗം തരട്ടെ. ഇല്ലെങ്കിൽ ഉടനെ തിരിച്ചുപോരണം." അക്കാലത്തു ഉദ്യോഗംകിട്ടാൻ വലിയ പ്രയാസമായിരുന്നു. "റീത്തുകാർ" എവിടന്നു ഉദ്യോഗം കൊണ്ടുവരാനാണ്? "റീത്തുകാർക്ക" അന്നു പള്ളിക്കൂടങ്ങൾപോലുമില്ല. വീട്ടുകാർ എന്നെ ഞെരുക്കിത്തുടങ്ങി. ഒന്നുകിൽ ഉദ്യോഗത്തിനുപോയി പ്രതിമാസം ഒരു നല്ല തുക വീട്ടിൽ അപ്പനെ ഏല്പിക്കണം. അല്ലെങ്കിൽ "റീത്തിൽ"നിന്നു തിരിയെ യാക്കോബായസഭയിൽ ചേരണം. ഇതുരണ്ടുമില്ലെങ്കിൽ വീട്ടിൽനിന്നു ഇറങ്ങിക്കൊള്ളണം. ഇതായിരുന്നു അപ്പൻെറ ആജ്ഞ. ഞാൻ വല്ലാതെ വിഷമിച്ചു. പള്ളിയിൽപോകാൻ ഉടുപ്പും മുണ്ടുമില്ല. ഉള്ളവസ്ത്രങ്ങൾ "റീത്തു" പള്ളിയിൽ പോകാൻ അമ്മ തരുകയുമില്ല. ഈ ധർമ്മസങ്കടത്തിൽ വന്ദ്യതിരുമേനി എന്നെ സഹായിച്ചു. കത്തോലിക്കാസഭ അതിൻെറ കുഞ്ഞുമക്കളെ ആത്മികമായും ലൗകികമായും ഐശ്വര്യമുള്ളവരായിക്കാണുവാനാണാഗ്രഹിക്കുന്നതു്. ആപൽഘട്ടങ്ങളിൽ സഹായഹസ്തം തൻെറ ആത്മീയമക്കൾക്ക നീട്ടിക്കൊടുക്കുന്നതും അങ്ങനെയുള്ള സഹായം സ്വീകരിക്കുന്നതും തെററാണെന്നു ആരെങ്കിലും പറയുന്നതിൻെറ യുക്തി എന്തെന്നു മനസ്സിലാക്കാൻ പ്രയാസമാണ്.


എന്നെ പിൻതിരിക്കുന്നതിനു ഒരു മാർഗ്ഗവും പര്യാപ്തമാകുന്നില്ല എന്നു കണ്ടപ്പോൾ അവസാനമായി ഞാൻ വീട്ടിൽനിന്നും ഇറങ്ങിക്കൊള്ളണമെന്നു് അപ്പൻ ആജ്ഞാപിച്ചു. ഗത്യന്തരമില്ലാതെ ഞാൻ വീടുവിട്ടിറങ്ങി. എങ്കിലും മിക്കപ്പോഴും വീട്ടിൽപോയി വളരെ വിഷമിച്ചുതന്നെ ക്കൂടി താമസിക്കയും ചെയ്തിട്ടുണ്ട്. നിത്യവൃത്തിക്കായി ഞാൻ പല ചില്ലറ ജോലികളും ചെയ്യേണ്ടിവന്നു. കിളിയിലേത്തു മി. കെ. ജി. ചാക്കോ (ബഥനി ചാക്കോച്ചൻ) പൂവക്കളത്തു പനച്ചിക്കൽ മി. ഉലഹന്നാൻ എന്നിവർ എന്നെ ഉദാരമായി സഹായിച്ചിട്ടുള്ളവരാണ്.

ഒരിക്കൽ എം. ജി. എം. ഹൈസ്കൂളിൽ ഒരു വേക്കൻസിയുണ്ടായി. മാനേജർ മി. കെ. എം. മാമ്മൻമാപ്പിളയെ ഞാൻ സമീപിച്ചു. പക്ഷെ "റീത്തുകാർക്ക ഇവിടല്ല ജോലി" എന്നു പറഞ്ഞു അദ്ദേഹം എന്നെ ഉപേക്ഷിച്ചു കളഞ്ഞു.

അക്കാലത്തു തിരുവല്ലായിൽ "കത്തോലിക്കാ സാക്ഷ്യസംഘം" ആരംഭിച്ചു. ഞാൻ അതിലെ ഒരംഗമായി. പല വിഷയങ്ങളും പ്രസംഗിക്കുന്നതിനു ലൈസൻസു ലഭിച്ചു. മാർ സെവേരിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുമുമ്പു ഒരു വലിയ യാക്കോബായഭക്തനായിരുന്നു. "റീത്തിൽ" ചേരുന്നവരെ തിരിച്ചു "പിടിക്കു"ന്നതിനു അദ്ദേഹം വളരെ ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. കല്ലുങ്കൽ പള്ളിയിൽ എഴുന്നള്ളിയിരുന്നുകൊണ്ട് അദ്ദേഹം എനിക്കാളയച്ചു. തിരുമേനി എം ജി എം സ്കൂളിൽവച്ച് എൻെറ ഗുരുവായിരുന്നു. ആ ബന്ധം വച്ചുകൊണ്ടുള്ള ഉറപ്പിന്മേലാണ് അദ്ദേഹം എന്നെ തിരിച്ചു "പിടിക്കാൻ" ശ്രമിച്ചതു്. എന്നെ കണ്ടയുടനെ "നീ എന്തിനാണു റോമായിൽ പോയതു്. പത്രോസിനു പരമാധികാരമുണ്ടെന്നു അവർ പറഞ്ഞതുകൊണ്ടാണോ?" എന്നായിരുന്നു ആദ്യമേ ചോദിച്ചതു്. പത്രോസിനു പരമാധികാരമില്ലെന്നു സ്ഥാപിക്കാമെന്നു അദ്ദേഹത്തിനു് ഏതോ പ്രത്യാശയുണ്ടായിരുന്നിരിക്കണം. ഞാൻ നല്ലവണ്ണം പഠിച്ചു പരസ്യപ്രസംഗത്തിനു ലൈസൻസ് എടുത്തിരിക്കുന്ന ഒരു വിഷയംതന്നെയാണ് അദ്ദേഹത്തിൻെറ നിർഭാഗ്യത്തിനു എന്നോടു ചോദിച്ചതു്. ഞാൻ ഹൃദയകാനോനും, അരാബിക്കാനോനും ഉദ്ധരിച്ച് പത്രോസിൻെറ പരമാധികാരം യാക്കോബായ വിശ്വാസംതന്നെയാണെന്നു ഒററവീർപ്പിൽ മറുപടികൊടുത്തു. ഇത്രനിഷ്പ്രയാസം ഈ വിഷയം ഞാൻ കൈകാര്യംചെയ്യുമെന്നു് തിരുമേനി വിചാരിച്ചിരുന്നിരിക്കയില്ല. ഏതായാലും അദ്ദേഹം നന്നേ കുഴങ്ങി. മൗനമായി കുറെ സമയം ഇരുന്നുപോയി. അവിടെ എൻെറ തിരിച്ചുവരവുകാണാൻ കൂടിയിരുന്ന ആൾക്കൂട്ടത്തിനിടയിൽക്കൂടി നിരണത്തുകാരൻ കാരിക്കോട്ടച്ചൻ മുന്നോട്ടുകടന്നുവന്നു എന്നെ വിളിച്ചുകൊണ്ടു പുറത്തുപോയി ഇപ്രകാരം പറഞ്ഞു: "വലിയ ആളുകൾക്ക ചിലപ്പോൾ ഉത്തരംമുട്ടി വിഷമിക്കേണ്ടിവരുന്ന ഘട്ടം നാം ഉണ്ടാക്കുന്നതു കഷ്ടമാണ്. അതുകൊണ്ടു് ഇനിയും നീ അദ്ദേഹത്തോടു സംസാരിക്കണ്ട." "ഞാനല്ലല്ലോ ഈ ഘട്ടം ഉണ്ടാക്കിയതു്" എന്നു പറഞ്ഞു ഞാൻ വീട്ടിൽ പോയി. കൂടിയ ആളുകൾ മൗനരായി പിരിഞ്ഞുപോകയും ചെയ്തു.

മാരേട്ടു മി. എ. ഫീലിപ്പോസ് അവർകൾ (Retd. Dist Judge) ആയിരുന്നു തിൽഡ് ഡയറക്ടർ. അദ്ദേഹം മിക്കപ്പോഴും പരിശുദ്ധന്മാരെക്കുറിച്ചു ഞങ്ങളോടു പറയുക പതിവായിരുന്നു. പുണ്യസ്ഥലങ്ങളിലേക്ക തീർത്ഥയാത്ര ചെയ്യുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ചു പലപ്പോഴും പറഞ്ഞിരുന്നു. തിൽഡിൻെറ പ്രത്യേക മദ്ധ്യസ്ഥനായ വി. ഔസേപ്പുപുണ്യവാൻെറകോട്ടാററുള്ള പള്ളിയിലേക്ക തീർത്ഥയാത്രപോകുവാൻ അദ്ദേഹം ഞങ്ങളെ ആഹ്വാനംചെയ്തു. ചിലരെല്ലാം അതിനു തയ്യാറായി. എൻെറ പാപങ്ങൾക്കു പരിഹാരംനേടി ദൈവപ്രസാദം ലഭിക്കുവാൻ കോട്ടാററിലേക്ക തീർത്ഥയാത്രചെയ്യാൻ ഞാൻ രഹസ്യമായി തീരുമാനിച്ചു. എൻെറ തീർത്ഥയാത്രയുടെ നിയോഗങ്ങളിൽ ഏററം പ്രധാനമായതു് എനിക്ക ജീവസന്ധാരണത്തിനു ഒരു ജോലി ലഭിക്കണമെന്നും, മററൊന്നു എൻെറ വീട്ടുകാരും നാട്ടുകാരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ അവർക്ക ദൈവകൃപലഭിക്കണമെന്നും ആയിരുന്നു. (തുടരും)

For favours received



Sr. Alphonsa, I.C.

By P. J. J

മാതാവിൻെറയും, യൗസേപ്പ് പിതാവിൻെറയും, വി. പത്താം പീയൂസിൻെറയും വി. യൂദാശ്ലീഹായുടെയും മദ്ധ്യസ്ഥാപേക്ഷയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

By Miss Job Palakunnel

വേദശാസ്ത്രപംക്തി

# വിശുദ്ധ കൂദാശകൾ

(ഫാദർ മാത്തൂസ് ടി. ഒ. സി. ഡി.)

(തുടർച്ച)

## പഴയ നിയമത്തിലെ കൂദാശകൾ

ക്രിസ്തുവിനാൽ സ്ഥായിയായി സ്ഥാപിതങ്ങളായ വരപ്രസാദസൂചനാത്മകങ്ങളും പ്രദാനാത്മകങ്ങളും ഇന്ദ്രിയഗോചരങ്ങളും ആയ ചിഹ്നങ്ങളാണ് കൂദാശകൾ എന്ന സംജ്ഞയാൽ പ്രകൃതത്തിൽ വിവക്ഷിക്കപ്പെടുന്നതു് എന്നു ഇതിനുപരി പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. അതിനാൽ നിഷ്കൃഷ്ടമായി പറഞ്ഞാൽ ക്രിസ്തുവിൻെറ ആഗമനത്തിനുമുമ്പ് കൂദാശകൾ ഉണ്ടായിരുന്നില്ല. എന്നാൽ കരുണാവാരിധിയായ ദൈവം കണ്ണീരിൻെറ ഈ താഴ്‌വരയിൽ കിടന്നലയുന്ന പാപികളായ ഹവ്വയുടെ മക്കൾക്കായി വരപ്രസാദപ്രദാനാത്മകങ്ങളായ എന്തെങ്കിലും ഉപാധികൾ—മാർഗ്ഗങ്ങൾ—നൽകിയിരുന്നുവോ? പഴയനിയമത്തിലെ കൂദാശകൾ എന്നു പ്രസ്താവിക്കുന്നതിൽനിന്നു് ഇപ്രകാരമുള്ള വരപ്രസാദദായകങ്ങളായ ഏതാനും ഉപാധികൾ—മാർഗ്ഗങ്ങൾ—എന്നതിൽ കവിഞ്ഞു് ഒന്നുംതന്നെ ഉദ്ദേശിക്കുന്നില്ല. ഗ്രഹിക്കേണ്ടതുമില്ല. മോശയുടെ കാലത്തിനുമുമ്പ് ഉത്ഭവപാപത്തിൽനിന്നും മോചനം പ്രാപിക്കുന്നതിനു എന്തെങ്കിലും ഒരുപാധി ഉണ്ടായിരുന്നിരിക്കണം എന്നഭിപ്രായപ്പെടുകയല്ലാതെ ഖണ്ഡിതമായി വേദാന്തികൾ ഒന്നുംതന്നെ പ്രസ്താവിക്കുന്നില്ല. ദൈവത്തിൻെറ അനന്തകരുണയും എല്ലാമനുഷ്യരും രക്ഷപ്രാപിക്കണമെന്നുള്ള അവിടുത്തെ ആഗ്രഹവും മനുഷ്യൻെറ ബലഹീനതയും സ്വയമായി പാപത്തിൻെറ ദാസ്യത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനു് അവനുള്ള അപ്രാപ്തിയും യഥായോഗ്യം അറിയുന്ന ദൈവം എന്തെങ്കിലുമൊരു മാർഗ്ഗം നൽകിയിരിക്കണമെന്നു് സന്യായം വിശ്വസിക്കാവുന്നതാണ്.

എന്നാൽ മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനതയുടെ ചരിത്രം ആരംഭിക്കുന്നതോടുകൂടി പല പല നൂതനസംരംഭങ്ങളും ഏർപ്പാടുകളും ദൈവനിർദ്ദേശിതങ്ങളായിത്തന്നെ രൂപം പ്രാപിക്കുന്നതായി കാണാൻ സാധിക്കും നമുക്ക്. ഇങ്ങനെ വിശുദ്ധഗ്രന്ഥ (പഴയനിയമ) പാരായണപാരംപര്യതരത്തിൽപെട്ട കൂദാശകൾ—കൂദാശകൾ എന്നവയെ സംബോധന ചെയ്യാമെങ്കിൽ— പ്രചാരത്തിലിരുന്നതായി നമുക്ക മനസ്സിലാക്കാം. ഇവയിൽ പ്രഥമസ്ഥാനമർഹിക്കുന്നതു് ജ്ഞാനസ്നാനമെന്ന കൂദാശയുടെ മുന്നോടിയും ഛായയുമായി പരിഗണിച്ചിരുന്ന ഛേദനാചാരമായിരുന്നു. ഈ കർമ്മാനുഷ്ഠാനംവഴിയായി അവർ ഉത്ഭവപാപത്തിൽനിന്നും മോചിതരായി ഒരു പ്രത്യേകസമുദായമായിത്തീർന്നിരുന്നു. പെസഹാകുഞ്ഞാടിനേയും കാഴ്ചയപ്പത്തെയും സംബന്ധിക്കുന്നതായിരുന്നു രണ്ടാംതരത്തിൽപെട്ടവ. ദൈവത്തിനു് കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനും തന്മൂലം അനവധി അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും ഇതു് അവർക്ക് ഉത്തമോപാധികളായിരുന്നു. മാത്രമല്ല പുതിയ നിയമത്തിലെ വിശുദ്ധ കുർബാനയുടെ ഒരു മുന്നോടിയുമായിരുന്നു അവ.

നിയമലംഘനംമൂലമുളവാകുന്ന അശുദ്ധിയിൽനിന്നും മുക്തിപ്രാപിച്ച് നൈയാമികപരിശുദ്ധി പ്രാപിക്കുന്നതിനും മററുമുള്ള പാപപ്പരിഹാരബലികൾ, ലംഘനബലികൾ, ശുദ്ധീകരണബലികൾ മറേറാരോ പ്രത്യേക ഉദ്ദേശങ്ങളോടുകൂടി നടത്തപ്പെടുന്ന ദഹനബലികൾ, ഹോമബലികൾ, സമാധാനബലികൾ തുടങ്ങിയുളവയും അവരുടെയിടയിൽ സർവ്വസാധാരണമായിരുന്നു.

ബലികൾ നിർദ്ദിഷ്ടമായ രീതിയിൽ അർപ്പിക്കുന്നതിന് ആവശ്യമായിരുന്ന പുരോഹിതരെ അഭിഷേകം ചെയ്യുന്ന വിവിധ ക്രമങ്ങളും അവർക്കുണ്ടായിരുന്നു. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇവയൊന്നും സ്വതവേ വരപ്രസാദദായകങ്ങളായിരുന്നില്ല. അവ പരികർമ്മം ചെയ്തിരുന്നവരേയും സ്വീകരിച്ചിരുന്നവരേയുമാണ് പ്രധാനമായി ആശ്രയിച്ചിരുന്നതു് അവയുടെ ഫലോൽപാദനത്തിൽ.

## ചില തരംതിരിവുകൾ

കൂദാശകളെ പലരും പല വീക്ഷണകോണങ്ങളിൽക്കൂടി സംവീക്ഷിക്കുകയും പലതരത്തിൽ തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. വരപ്രസാദം മുഴുവൻ നഷ്ടപ്പെടുത്തിയവർ ആത്മീയമായി മൃതരാണ്. ഇങ്ങനെ മൃതരായിരിക്കുന്നവർക്ക് വരപ്രസാദം വീണ്ടും പ്രാപിച്ചുകൊടുക്കുന്ന കൂദാശകളെ "മരിച്ചവരുടെ" കൂദാശകൾ എന്നാണ് സാധാരണ വിളിച്ചുവരുന്നതു്. അവ ജ്ഞാനസ്നാനവും പാപമോചനവുമാകുന്നു. മററുള്ളവയെ "ജീവിക്കുന്നവരുടെ" കൂദാശ എന്നും (അതായതു് വരപ്രസാദസ്ഥിതിയിലിരിക്കുന്നവർക്ക് അതിൽ വർദ്ധിക്കുന്നതിനു് സഹായമായവ) ആണ് വിളിക്കുന്നതു്. വേറൊരു വീക്ഷണകോണത്തിൽക്കൂടി നോക്കുമ്പോൾ തിരുപ്പട്ടവും വിവാഹവും സമുദായത്തിനുവേണ്ടിയുള്ളവയാണെന്നും മററുള്ളവ എല്ലാം വ്യക്തികളെ ഉദ്ദേശിച്ചുള്ളവയാണെന്നും കാണാവുന്നതാണ്. മുടപെടുക്കുന്നവയും തന്മൂലം ആവർത്തിക്കപ്പെടാൻ പാടില്ലാത്തവയുമെന്നതു കൂദാശകളുടെ മറെറാരു വിഭാഗമാണ്. അവ ജ്ഞാനസ്നാനം, തൈലാഭിഷേകം, തിരുപ്പട്ടം ഇവയാണ്.

(12-ാം പേജ് തുടർച്ച)

ഹം പോളണ്ടിലെ വൈദികനാണ്. അൻേറാണിയോ, അതേ ആ വൃദ്ധൻ, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിലെ ഒരംഗമാണ്. അന്ധകാരത്തിൻെറ വഴിത്തിരിവിൽ ആത്മസത്തയുടെ കൈവിളക്കുമേന്തി കാത്തുനില്ക്കുന്ന കാരുണ്യദീപമാണ് ആ വൃദ്ധൻ. തിന്മയുടെ മുൾപ്പടർപ്പിൽനിന്നു നന്മയുടെ കനകക്കതിരുകൾ ശേഖരിക്കുന്ന ഒരു കൊയ്ത്തുകാരനാണ് അൻേറാണിയോ! അദ്ദേഹം സാധുജനങ്ങളുടെ വീടുകൾതോറും കയറിയിറങ്ങിയും അവരുടെ സുഖദുഃഖങ്ങൾ അന്വേഷിച്ചും അവർക്ക സദുപദേശങ്ങൾ നൽകിയും തൻെറ ജീവിതത്തിൻെറ അന്ത്യം പ്രതീക്ഷിച്ചിരിക്കുകയാണ്.




## അദ്ധ്യായം 16

# ബറാബ്ബാസിന്നെതിർ യൂദാ

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

പ്രൊക്കുറേറ്റർ ചിന്താകുലനായി അരമനയിലെ ആഫീസ് മുറിയിൽ മുമ്പോട്ടും പിമ്പോട്ടും ഉലാത്തിക്കൊണ്ടിരുന്നു. എഴുത്തു മേശകൾക്കൊന്നിനുസമീപം ഒരു റോമൻ ഉദ്യോഗസ്ഥൻേറയും യഹൂദസ്ത്രീയുടേയും പുത്രൻ, പ്രൊക്കുറേറ്ററുടെ സിക്രട്ടറി, മർക്കസ് ഇരിപ്പുറപ്പിച്ചു. റോമൻസമ്പ്രദായങ്ങളിൽ വളർന്നു് തന്റെ ബഹിർഭാവസംരക്ഷണാർത്ഥം സമയത്തിൽ ഒരു നല്ല ഭാഗം വിനിയോഗിച്ചുപോന്ന ഈ യുവാവു് ലത്തീൻ, ഗ്രീക്കു്, ഹീബ്രു, അറാമായിക്കു് എന്നീ ഭാഷകളിൽ ഭംഗിയായി സംസാരിക്കുവാനും എഴുതുവാനും സമർത്ഥനായിരുന്നു. ഗ്രീസിൽ കുറേക്കാലം ജീവിച്ചു് സാമാന്യം ഉയർന്ന നിലയുള്ള വിദ്യാഭ്യാസം സമ്പാദിച്ചിട്ടുമുണ്ടായിരുന്നു. പ്രൊക്കുറേറ്റർ മർക്കസിനെ വെറും ഗുമസ്തനായിട്ടല്ലാ കരുതിയതു്. മർക്കസ് അദ്ദേഹത്തിന്റെ ഉപദേഷ്ടാവുംകൂടിയായിരുന്നു. മർക്കസ് അറിയാത്ത യാതൊരു രഹസ്യവും പീലാത്തോസിനുണ്ടായിരുന്നില്ല. തന്നെക്കാൾ വളരെ പ്രായം കുറഞ്ഞവനെങ്കിലും മർക്കസിനു ധാരാളം വൈദഗ്ദ്ധ്യം പല കാര്യങ്ങളിലുമുണ്ടെന്നു പ്രൊക്കുറേറ്ററിനു ബോദ്ധ്യംവന്നിരുന്നതിനാൽ മർക്കസിന്റെ ആലോചന അദ്ദേഹം പലപ്പോഴും സ്വീകരിക്കാറുണ്ടായിരുന്നു. ഒരു സ്വധർമ്മത്യാഗിയുടെ വീറോടുകൂടി മർക്കസ് യഹൂദസമുദായത്തെ വെറുത്തിരുന്നതിനാൽ അയാളുടെ ആലോചന പലപ്പോഴും ആ സമുദായത്തിനു പൽക്കരമായിരുന്നതുമില്ല.

"ഇതെഴുതിയെടുക്കൂ" എന്നു് പീലാത്തോസ് ആജ്ഞനൽകി. യൂദിയായിൽ അധിരാജപ്രതിനിധിയായി ഭരണംനടത്തുന്ന പീലാത്തോസിനു് ജറുസലേം നിവാസികളായ റോമരേയും യവനരേയും ഇസ്രായേല്യരേയും അറിയിക്കുവാനുണ്ടായിരുന്ന സംഗതി കുറിച്ചെടുക്കുവാൻ മർക്കസ് തന്റെ മുമ്പിലുണ്ടായിരുന്ന മെഴുകുപട്ട സജ്ജമാക്കുകയുംചെയ്തു.

"തന്റെ മൻഗാമി വലേറിയൂസ് ഗ്രേഷ്യാനൂസ് നിർമ്മിച്ച ക്രീഡാങ്കണത്തിൽ ഏപ്രിൽ ഒമ്പതാം ദിനം—യഹൂദന്മാർക്കുവേണ്ടി അവരുടെ ഹീബ്രു പഞ്ചി അനുസരിച്ചു് മാററിക്കൊള്ളുക—നടക്കുമെന്ന ഖേലപ്രകടനങ്ങൾ സന്ദർശിക്കുവാൻ പ്രൊക്കുറേറ്റർ പൊൻറിയൂസ് പീലാത്തോസ് ജറുസലേം നിവാസികളെല്ലാവരേയും പട്ടണത്തിലുള്ള സകല വിദേശികളേയും ഇതിനാൽ ക്ഷണിക്കുന്നു. എന്താ എഴുതിയെടുത്തില്ലേ?"

മർക്കസ് സമ്മതം പ്രകടിപ്പിച്ചു.

"ആകട്ടെ, പരിപാടിയിലെന്തെല്ലാമുണ്ടു്?"

"കൂട്ടിൽ മൂന്നു സിംഹങ്ങളുണ്ടു് മൂന്നും നൂമിഡിയൻജാതിയാണു്." മർക്കസ് സമാധാനംനൽകി.

"അവയെ എതിരിടുവാൻ ആരെല്ലാം?"

"മേലധികാരിയെ അടിച്ചു ഒരു ഭടനും തടവുചാടിപ്പോകുവാൻ ശ്രമിച്ച ഒരു യഹൂദനും:—ഒരു കൂടാരപ്പണിക്കാരൻ—ഉണ്ടു്."

"കൊള്ളാം. മൂന്നാമത്തെ സിംഹത്തെ എതിരിടുവാനാരുണ്ടു്?"

"അതൊരു കുഴഞ്ഞ പ്രശ്നമാണു്, പ്രൊക്കുറേറ്റർ. മൂന്നാമത്തെ സിംഹം ക്ഷീണിച്ചു മുന്നുകെട്ട ഒരു ജന്തുവാണു്. സമരം തുടങ്ങാതെതന്നെ അതു് കത്തിക്കിരയാകുമെന്നു് ഭയപ്പെടണം. വിനോദാത്മകമായ ഒരു വിഷ്ണുമത്തിനു്, ഇടക്കളിക്കാകൊള്ളാം ആ വിധമാണെ."

പീലാത്തോസ് സ്വല്പസമയം ആലോചനയിൽ കഴിച്ചു. അനന്തരം ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു: "അതൊരു നല്ല അഭിപ്രായമാണു്. ജനങ്ങൾക്കു ചിരിക്ക വകകൊടുക്കണം. ഈ സിംഹത്തിനു് 'യൂദാബെൻ യാക്കോബ്' എന്ന പേരുനൽകാം. എന്തുപറയുന്നു മർക്കസ്?"

"ഒന്നാന്തരം തമാശയായിരിക്കും. യഹൂദന്മാർ കാര്യംഗ്രഹിച്ചു ക്ഷോഭിച്ചുവശാകും."

"അങ്ങിണതിലെ പൊതുൾ അവരുടെ ഉത്സവകാലത്തിൽ ഞാൻ ഖേലപ്രകടനം നിശ്ചയിച്ചതിൽ അവർ ക്ഷോഭിച്ചുതുടങ്ങിയിരിക്കുകയാണു്. നിങ്ങളുടെ സ്വദേശിയർ,ക്ഷമിക്കണം—അർദ്ധസ്വദേശിയർ—അടുത്ത കാലത്തു് എന്നെ ഒട്ടുവളരെ അലട്ടുകയുണ്ടായിട്ടുണ്ടു്. അല്പമായ ഒരു തിരിച്ചടികൊടുക്കുവാൻ സാധിക്കുമെങ്കിൽ അതു് എനിക്കാനന്ദപ്രദമാകുമല്ലോ. യൂദാബെൻ യാക്കോബു് സിംഹത്തിനെതിരായി ഞാനാരെ നിർദ്ദേശിക്കുമെന്നാണു് താൻ കരുതുന്നതു്?"

മർക്കസ് അറിവുള്ളഭാവത്തിൽ ചിരിച്ചു. "ആ ബറബ്ബാസിനെതിരായി ജരാക്രാന്തനായ സിംഹത്തെ വിട്ടാൽ തമാശ് പൂർത്തിയായി. അപ്പോൾ അങ്ങയുടെ സാക്ഷാൽ ഉദ്ദേശ്യമെന്താണെന്നു യഹൂദർ മനസ്സിലാക്കിക്കൊള്ളും. യൂദാബെൻയാക്കോബിനെതിർ ബറബ്ബാസ് ബെൻ എസക്കിയേൽ! എന്തു കേമമായ പ്രകടനമായിരിക്കും? അങ്ങയുടെ ആശയം എനിക്ക കിട്ടിയോ, ആവോ?"

ഇരുഷൽ പൊട്ടിച്ചിരിച്ചുകൊണ്ടു് പീലാത്തോസ് പറഞ്ഞു: "മർക്കസിനബുദ്ധം പാററാറില്ലല്ലോ. എന്റെ ആശയം അതുതന്നെയാണു്. എന്റെ ഭയം അതമാശധികം ദീർഘിക്കുകയില്ലെന്നാണു്. ബറബ്ബാസ് കഠിനമായ പരുക്കേററിട്ടുണ്ടെന്നും ഇനിയും അയാൾക്കു ബോധക്ഷയം നീങ്ങിയിട്ടില്ലെന്നുമാണു് പറയുന്നതു്. കാരാഗൃഹമേലധികാരിയെ വിളിക്കൂ."

മർക്കസ് മുറിയിൽനിന്നിറങ്ങിപ്പോയി. കുറേക്കഴിഞ്ഞു് മേലധികാരിയോടുകൂടി തിരിച്ചുവന്നു. അയാൾ നിഗ്രോബന്ധം വെളിപ്പെടുത്തിയ ഒരോഫീസറാനായിരുന്നു.

"പ്രൊക്കുറേറ്റർ, ആജ്ഞാപിച്ചാലും" കാരാഗൃഹപ്രമാണി പറഞ്ഞു.

"ഉം. ബറബ്ബാസിന്റെ കാര്യം അറിയുവാൻ വിളിപ്പിച്ചതാണു്. അയാളുടെ അസ്വാസ്ഥ്യം കുറഞ്ഞുവരുന്നോ?"

"കുറവുണ്ടെന്നു തോന്നുന്നു."

"സെവറസ്, അയാൾ ആവുന്നതുംവേഗം ആരോഗ്യംപ്രാപിക്കണമെന്നാണെന്റെ ആഗ്രഹം. മൂന്നുദിവസത്തിനുശേഷം സിംഹങ്ങളെ എതിരിടാനുള്ളതു




കൊണ്ടു് അയാൾക്കു തടുതിയിൽ ബലം വർദ്ധിക്കട്ടെ."

അധികാരി പ്രണമിച്ചു: "അയാൾ സിംഹങ്ങളെ എതിരിട്ടുകൊള്ളും പ്രൊക്കുറേറ്റർ."

"അയാളുടെ ബോധക്ഷയം നീങ്ങിയോ?"

"നീങ്ങി. അയാൾ തലയിൽ ഒരു കനത്ത അടിയേററു അല്പനിമിഷം ബോധമില്ലാതെ കുറേനേരം കിടക്കേണ്ടിവന്നു. അസ്ഥികൊന്നും കേടുപാററിയില്ല."

"ശരിക്കു നടക്കാമെന്നാണു് തോന്നുന്നതു്."

"എന്നാൽ അയാളെ എന്റെ സന്നിധിയിൽ അയക്കൂ. എനിക്കയാളെ ഒന്നു കാണണം. ശുചിയായി വസ്ത്രധാരണം ചെയ്തിരിക്കണം. ഓടയിലെ ദുർഗ്ഗന്ധം ഈ മുറിയിൽ അനുഭവപ്പെടുന്നതെനിക്കിഷ്ടമല്ല."

ആ ഉദ്യോഗസ്ഥൻ പ്രണാമപൂർവ്വം പിൻവാങ്ങി.

"എനിക്കിയാളിൽ അല്പം ശ്രദ്ധയുണ്ടു്. റോമൻഭരണത്തിനെതിരായി കാലുവെക്കാമെന്നു കരുതിയ ആ സാഹസബുദ്ധി ചിന്താവിഷയംതന്നെ. ഇയാളെപ്പററി തനിക്കു വല്ല വിവരങ്ങളുമുണ്ടോ?"

"അർദ്ധയഹൂദൻ. അയാളുടെ മാതാവു് ഒരു സമാറായസ്ത്രീ. കുറേക്കാലത്തേക്കു ധാരാളം അനുയായികൾ ഉണ്ടായിരുന്നു. അയാളുടെ ലക്ഷ്യം വളരെ ലളിതം. റോമന്മാരെക്കൊല്ലാം മരണമെന്നുമാത്രം. എന്നാൽ ഈ ലക്ഷ്യം പ്രമാണിച്ചു് യഹൂദർ ഒരിക്കലും യോജിക്കാറില്ല. അതത്രെ അവരുടെ പാരമ്പര്യം. യഹൂദരുടെയിടയിലുള്ള കക്ഷിമത്സരങ്ങൾ ഉപായാന്തപ്രമാക്കി പ്രതിപക്ഷകക്ഷികളെ പരാജയപ്പെടുത്തുവാൻമാത്രം അയാൾക്കു ബുദ്ധിയുണ്ടായില്ല എന്നു ഞാൻ കരുതുന്നു."

"ഒരു പ്രത്യേകജാതിയിലുള്ള ചിന്താഗതി." വിചാരമഗ്നനായി പീലാത്തോസ് പറഞ്ഞു: "ആകട്ടെ നമ്മുടെ ആലോചന തുടരാം. അങ്ങനെ മൂന്നു സിംഹങ്ങളുടെ കാര്യവും ആയി. സിംഹത്തിനെ എതിരിടാൻ ബറബ്ബാസിനു ബലം കിട്ടിയാൽ അതായിരിക്കും പ്രധാനരംഗം. വേറെ മൃഗം വല്ലതുമുണ്ടോ?"

"ഒരു വ്യാഘ്രം."

"ശരി. ഞാൻ അവനെ അറിയുന്നതാണു്. ഒന്നാംതരമൊരോമനക്കുട്ടൻ. ഈ പ്രാവശ്യം അവൻ മൂന്നാളുകളെ അഭിമുഖീകരിക്കട്ടെ. കഴിഞ്ഞ പ്രാവശ്യം അവനെ എതിരിട്ട മനുഷ്യന്റെ കഥ അവൻ പെട്ടെന്നു കഴിച്ചിട്ട ഏതാണ്ടു് അസുഖഭാവം പ്രകടിപ്പിക്കയുണ്ടായി, പിന്നെയും എതിരാളിയെ കിട്ടാഞ്ഞിട്ടു്. മൂന്നാളുകളുണ്ടോ?"

"മൂന്നാളുകളോ! എത്രവേണമെങ്കിലുമുണ്ടു്. കരിശേറാനൊ വലിക്കപ്പലിലേക്കോ ശിക്ഷിക്കപ്പെട്ടവർതന്നെ അരഡസനോളം വരും."

"കൊള്ളാം. അവരിൽ മൂന്നുപേരെ തിരഞ്ഞെടുക്കുക. ഒരു കാര്യം. അവരിൽ യൂദന്മാരുണ്ടോ?"

"കണ്ടേക്കാം. അധികംപേരും ആഫ്രിക്കക്കാരാണു്."

"അപ്പോൾ യഹൂദരാരും വേണ്ട. മതാശ അതിരുകവിഞ്ഞതായിക്കൂടല്ലോ. കുന്തവും കുറുവാളും കൊണ്ടു് വ്യാഘ്രത്തോടു സമരം ചെയ്യാവുന്ന ദൃഢഗാത്രന്മാരായ മൂന്നു ആഫ്രിക്കന്മാരെ എടുത്തോളൂ. ഒരു സംഗതികൂടെ. കുന്തംവേണ്ടാ. കുന്തം വ്യാഘ്രത്തിന്റെ പ്രതിയോഗികൾക്കു് കൂടുതൽ ആനുകൂല്യംചെയ്യും. അതുകൊണ്ടവർക്കു കുറിയ വാളുകൾ മാത്രം. ഇനി എന്തുണ്ടു്?"

"മല്ലയുദ്ധം വേണമെങ്കിൽ ഉണ്ടാകും, പ്രൊക്കുറേറ്റർ. നമ്മുടെ ഭടന്മാരിൽതന്നെ ഒന്നാംതരം അഭ്യസിക്രീഡകരായ പലരുണ്ടു്."

"വേറെയെന്തുണ്ടാകും?"

സിക്രട്ടറി ഉത്തരം മുട്ടിയവിധം കാണപ്പെട്ടു.

"കാര്യപരിപാടി ഇതേപോലം ശുഷ്കമാണു്. ആകട്ടെ റോമിനോടു കിടപിടിക്കുവാൻ നമുക്കു സാധിക്കുകയില്ല. നമുക്കു പ്രാദേശികപ്രകടനങ്ങൾക്കു മാത്രമേ വകയൊള്ളുവല്ലോ. ഏതായാലും "യൂദാബെൻയാക്കോബി"ന്നെതിർ ബറബ്ബാസ് എന്ന ഭാഗം അതൊരു സിനുപോലും പ്രിയങ്കരമായിരിക്കും. ഒരു വ്യാഘ്രത്തിന്നെതിരായി മൂന്നുപേർ രംഗപ്രവേശം ചെയ്യുന്നതും നിസ്സാരമല്ല. ഇന്നുമുതൽ മൃഗങ്ങൾക്കു യഥേഷ്ടം ഭക്ഷണവും നൽകരുതെന്നുള്ളതിൽ പ്രത്യേകശ്രദ്ധപതിക്കണം."

ഒരു ഭടൻ പ്രവേശിച്ചു്, തടവുകാരൻ ആഗതനായ വിവരം ഉണർത്തിച്ചു. മർക്കസ് എണീററു പോകുവാൻ ഭാവിച്ചു.

"നിൽക്കൂ, അയാൾ പറയുന്നതു് മനസ്സിലാക്കുവാൻ എനിക്കു കഴിയുമെന്നു തോന്നുന്നില്ല." ഗവർണർ പറഞ്ഞു.

"എനിക്കു ധരിക്കുവാൻ കഴിഞ്ഞതു് അയാൾക്കു ലത്തീനറിയാമെന്നാണു്. അതു് സിസെറോയുടെ ഭാഷയായിരിക്കുകയില്ലെങ്കിലും......"

"ഏതെങ്കിലുമാകട്ടെ, നിങ്ങൾ പോകേണ്ടതില്ല. നിങ്ങൾ കേൾക്കുന്ന പ്രധാന വിവരങ്ങൾ സംബന്ധിച്ചു് ചിലതു് കുറിച്ചെടുക്കുന്നതു കൊള്ളാം. റോമിലേക്കു ഒരു റിപ്പോർട്ടു ഞാൻ അയക്കേണ്ടതായി വന്നേക്കും."

പ്രൊക്കുറേറ്റർ ആംഗ്യം കാണിക്കുകയും ഭടൻ തടവുകാരനെ അദ്ദേഹത്തിന്റെ സമക്ഷം ആനയിക്കുകയും ചെയ്തു.

(തുടരും)

—o—

സത്യദീപംവരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | "8—12—0 |

## "രോഗികൾ പ്രത്യേകം ശ്രദ്ധിക്കണം"

"രോഗസ്തുദോഷവൈഷമ്യം" എന്നുള്ള തത്വമനുസരിച്ചു് ദേഹത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾക്കു്—വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങൾക്കു്—ഏററക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, ഏങ്ങൽ മുതലായ രോഗങ്ങൾ പിടിപെടുകയും,

"ദോഷസാമ്യമരോഗതാ" എന്നുള്ള തത്വമനുസരിച്ചു് ത്രിദോഷങ്ങളിൽ ക്ഷയിച്ചിട്ടുള്ളതിനെ തുല്യഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു് വർദ്ധിപ്പിക്കയും, വർദ്ധിച്ചിട്ടുള്ളതിനെ വിപരീതഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു് ക്ഷയിപ്പിക്കുകയുംചെയ്തു് വാതപിത്തകഫങ്ങളെ സാമ്യമാക്കിതീർക്കുമ്പോൾ രോഗങ്ങൾ വിട്ടുമാറുകയും ചെയ്യുന്നു.

ആയുർവ്വേദത്തിലെ അതിപ്രധാനങ്ങളായ ഈ തത്വങ്ങളുടെ ശരിയായ അർത്ഥമെന്താണെന്നു് മനസ്സിലാക്കി രോഗികളെ പരിശോധിക്കുകയും, തദനുസരണം ചികിത്സിക്കുകയും ചെയ്യേണ്ടതിന്നു പകരം നീർവീഴ്ച, ചുമ, പനി മുതലായ രോഗങ്ങളെ ഉടനടി ശമിപ്പിക്കുന്നതിന്നായിട്ടുള്ള ഔഷധങ്ങൾ പലതും നാനാപ്രകാരേണയും, തുടരെത്തുടരെയും ഉപയോഗിപ്പിക്കുന്നതുകൊണ്ടാണു് നീർവീഴ്ച, ഏങ്ങൽ, വയറുവേദന മുതലായ ചില രോഗങ്ങൾ അല്പകാലത്തേക്കു ശമിക്കുന്നതായും, ചില രോഗങ്ങൾക്കു് അല്പശമനം സിദ്ധിക്കുന്നതോടൊപ്പംതന്നെ മററു പല രോഗങ്ങൾകൂടി പിടിപെടുന്നതായും, ചില രോഗങ്ങൾക്കു് വളരെക്കാലം ചികിത്സിച്ചിട്ടും ശമനം സിദ്ധിക്കാതിരിക്കുന്നതായും മററും കണ്ടുവരുന്നതു്.

അനേകം "അനുഭവസാക്ഷ്യങ്ങൾ" വഴി സുപ്രസിദ്ധങ്ങളായിതീർന്നിട്ടുള്ള

### നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

എന്നീ സിദ്ധൌഷധങ്ങൾകൊണ്ടു് വാതപിത്തകഫങ്ങളുടെ—ദേഹത്തിലുള്ള ശീതോഷ്ണങ്ങളുടെ—ഏററക്കുറച്ചിലുകളെ സാമ്യമാക്കിതീർക്കുവാനും, തദ്വാര നീർവീഴ്ച, ചുമ, പനി, ക്ഷയം, വയറുവേദന മുതലായ രോഗങ്ങളുടെ പിടിയിൽനിന്നു് വിമുക്തരാകുവാനും സാധിക്കുമെന്നു് പൊതുജനങ്ങൾക്കു് ദിനംപ്രതി ബോദ്ധ്യപ്പെട്ടുവരുന്നുണ്ടെന്നുള്ളതിന്നു്

ഈ മൂന്നു ഔഷധങ്ങൾമാത്രം കഴിഞ്ഞ ഒരു കൊല്ലത്തിൽ

**2,20,877 ക. 14 ണ. 1 സ. യ്ക്കു്**

വില്പനയുണ്ടായിട്ടുണ്ടെന്നുള്ളതുതന്നെ പ്രത്യക്ഷതെളിവായി പരിഗണിക്കാവുന്നതാണു്.

ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, കോയമ്പത്തൂർ, പാലക്കാട്ടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, ഇന്ത്യയിലും വിദേശങ്ങളിലുമുള്ള 170-ൽപരം ഏജൻസികൾ വഴിയായും, പോസ്റ്റൽ മാർഗ്ഗമായും മററും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

സാക്ഷാൽ "കാളൻ" സ്ഥാപനംവക ഈ സിദ്ധൌഷധങ്ങളുടെ പ്രചാരം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ചില ദുരാഗ്രഹികൾ ഈ ഔഷധനാമങ്ങളിലെ "ആസവം" എന്നും, "ഘൃതം" എന്നും, "തൈലം" എന്നുമുള്ളവാക്കുകൾ കൂട്ടിച്ചേർത്തും, ഔഷധങ്ങളുടേയും കുപ്പികളുടേയും ലേബലുകളുടേയും ഛായകൾ കപ്പിച്ചും, ഔഷധങ്ങളുടെ എണ്ണം മൂന്നുതന്നെയാക്കി ചമച്ചും, "അതും ഇതും ഒന്നുതന്നെയാണു്" എന്നുള്ള വ്യാജപ്രസ്താവനകൾചെയ്തും അനുകരണവ്യാപാരത്തിന്നു് ഇറങ്ങിയിട്ടുള്ളതുകൊണ്ടു് അവരുടെ വഞ്ചനയിൽ പെട്ടുപോകാതിരിപ്പാൻ രോഗികൾ പ്രത്യേകം ശ്രദ്ധിക്കണം.

ഫോൺ നമ്പർ: അളഗപ്പനഗർ 542. ടെലിഗ്രാം: കാളൻ, അളഗപ്പനഗർ.

**കാളൻ, നെല്ലായി.**

Reg. No. M. 2798

# Sathya Deepam

Vol. 29 Ernakulam June 20 1956 No. 43



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




നമ്മുടെ മാതൃകയായ ജെമ്മാ അവളുടെ ബാല്യത്തിൽതന്നെ ഈശോയുടെ ഇഷ്ടം സാധിക്കുന്നതിനുവേണ്ടി തന്റെ പ്രിയപ്പെട്ട അമ്മയുടെ മരണസംഭവത്തെ സമാധാനപൂർവ്വം ആശ്ലേഷിച്ചുവെന്നു നാം കഴിഞ്ഞദിവസം മനസ്സിലാക്കി. "തന്നിഷ്ടം പൊന്നിഷ്ടം"—എന്നതാണ് സാധാരണ കുട്ടിക്കാലത്തെ നമ്മുടെ മനോഗതി. നിങ്ങൾ കണ്ടിട്ടില്ലേ, ചില കുട്ടികൾ വാശിപിടിച്ചു കഴുതകളെപ്പോലെ മുക്രായിട്ടു കരയുന്നതും, നെഞ്ചത്തടിക്കുന്നതും, കിടന്നുരുളുന്നതും, തലതല്ലുന്നതും മററും? ഇതെന്തിനു്? തന്നിഷ്ടം സാധിക്കാൻ. അതു ദുശ്ശീലമാണെന്നു നമുക്കറിയാം. എങ്കിലും പ്രകാരാന്തരേണ ചിലപ്പോഴെല്ലാം കുറച്ചു പ്രായമായ കുട്ടികളിലും ഈ ദുശ്ശീലം നിലനില്ക്കാറുണ്ടു്. ദുർവ്വാശി അതിന്റെ പ്രകടനമാണു്. അതുകൊണ്ടു് നിങ്ങളോരോരുത്തരും ജെമ്മായുടെ മാതൃകയുടെ മുമ്പിൽ ഒരാത്മശോധന ചെയ്യണം. ഞാൻ എല്ലാക്കാര്യത്തിലും ഈശോയുടെ ഇഷ്ടംമാത്രം നിറവേറണമെന്നാണോ ആഗ്രഹിക്കുന്നതു്? എന്നു്.

ജെമ്മായുടെ ബാല്യം കഴിഞ്ഞു. അവൾ യൗവനത്തിലേക്കു കാലുവയ്ക്കുകയാണു്. ഒരു ജീവിതാന്തസ്സു് അവൾ തിരഞ്ഞെടുക്കണം. ആ പ്രശ്നം അവളെ വളരെ അലട്ടിയില്ല. കാരണം ഈശോയെ അവളുടെ സ്നേഹസർവ്വസ്വമായി അവൾ നേരത്തെ സ്വീകരിച്ചുകഴിഞ്ഞു. അവിടുത്തെ സ്നേഹമണവാട്ടിയായി കുരിശിന്റെ വഴിയെ അനുഗമിക്കണമെന്നവൾ ശപഥം ചെയ്തിരുന്നു. കന്യാസ്ത്രീമഠത്തിൽ അവൾക്കു പ്രവേശനവും ലഭിച്ചു. പക്ഷേ വേറൊരു പരീക്ഷണത്തിനു അവൾ വിധേയയായി. ഗുരുതരമായ ഒരു രോഗം അവളുടെ ജീവിതത്തെ ആശങ്കാപൂർണ്ണമാക്കി. സഭാപ്രവേശനം പരുങ്ങലിലായി. അവളെന്തുചെയ്യും? ഇവിടേയും അവളുടെ ജീവിതനിയമം അവൾക്കു സമാധാനം അരുളി:- "ഈശോയുടെ ഇഷ്ടം സാധിക്കണം."

വല്യേട്ടൻ




### 74-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

ആദ്യത്തെ മൂന്നു കടത്തിലും ഒരു ചാക്കിൽനിന്നുതന്നെ ഇരണ്ടു പക്കകൾ കൊടുത്തു് ആ ചാക്കൊഴിവാക്കി. ബാക്കി മൂന്നു കടത്തിലും ഓരോ ചാക്കുവീതം കൊടുത്തു. ബാക്കി എനിക്കു മൂന്നെണ്ണംകിട്ടി.

### പ്രശ്നം നമ്പ്ര് 75

(തോമസ് ടി. മണ്ഡപത്തിൽ
Reg. No. 1)

എന്നെ ഇഷ്ടപ്പെടാത്തവർ അക്ഷരജ്ഞാനമുള്ളവരിലാരുമില്ല. ദുഃഖിതരെ ഞാനാശ്വസിപ്പിക്കും. ആരേയും ഞാനുപദേശിക്കും. ക്ഷീണിതർക്കു ഞാനുന്മേഷംനൽകും. വിരസതയിൽ ഞാൻ രസം പകരും. എന്റെ പേരിനു നാലക്ഷരം. ആദ്യക്ഷരം പാരീസിലുണ്ടു്, ലോകത്തിലില്ല. രണ്ടാമത്തെ അക്ഷരം പുരാണത്തിലുണ്ടു്, ഇതിഹാസത്തിലില്ല മൂന്നാമത്തെ അക്ഷരം യജമാനനിലുണ്ടു്, ഭൃത്യനിലില്ല. നാലമത്തെ അക്ഷരം പട്ടണത്തിലുണ്ടു്, ഗ്രാമത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## പോളണ്ടിലെ ജോസ്

(By George V. Chirayath
Reg. No. 36)

അന്നു് ആദ്യവെള്ളിയാഴ്ചയായിരുന്നു. ജോസു് വളരെ വ്യസനിച്ചാണു് കിടക്കയിൽനിന്നു് എണീററതു്. വളരെ ദൂരം നടന്നുവേണം പള്ളിയിൽപോകുവാൻ. പള്ളിയിൽ പോകുവാനുള്ള ആഗ്രഹത്തിന്റെ ആധിക്യത്താൽ വെള്ളകീറും മുമ്പെ പോകുകയാണവൻ. കുളിർമ്മയേറിയ അന്തരീക്ഷം. കൊച്ചോളങ്ങളിൽ നീന്തിത്തുടിക്കുന്ന ഒരു രോഹിണിയുടെ മുഖംപോലെ നീലാകാശത്തിന്റെ വിരിമാറിൽ വെള്ളിമേഘങ്ങളുടെ നടുവിൽ അമ്പിളിക്കല ശോഭിക്കുന്നു...ജോസിന്റെ പിഞ്ചുകാലുകൾ ഉദ്ദിഷ്ടസ്ഥാനത്തേക്കു മുന്നേറുകയാണു്. പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ മൂടൽമഞ്ഞിനെ കീറിമുറിച്ചുകൊണ്ടു് ജോസിന്റെ പ്രസരിപ്പുള്ള മുഖത്തു നൃത്തംവെക്കുന്നു. കരിങ്കൽ വിരിച്ച റോഡുകൾ കഴിഞ്ഞു് കുററിക്കാടുകളെ ഭേദിച്ചുവേണം ആ കൊച്ചുപള്ളിയിലേക്കു പോകുവാൻ. ജോസിനു വളരെ ഭയം തോന്നി. അവൻ പോക്കററിൽ നിന്നു ജപമാലയെടുത്തു ജപിച്ചുകൊണ്ടിരുന്നു. നടന്നുനടന്നു കാട്ടിന്റെ മദ്ധ്യത്തിലായി. ആ കശ്മലന്മാർ അവനെ കണ്ടു. അവന്റെ കൈയിൽ ജപമാല കണ്ടുകൊണ്ടു് അവൻ ക്രൈസ്തവനാണെന്നു് ആ സംഘം മനസ്സിലാക്കി. ക്രിസ്തുവിന്റെ പിൻഗാമിയാണെന്നും മററും പറഞ്ഞു് അവനെ ഉന്തിയും തള്ളിയും അവരുടെ തടങ്കൽപാളയത്തിലേക്കു അവർ ആനയിച്ചു. ക്രിസ്തുവിനോടുള്ള സ്നേഹം തുളുമ്പിക്കൊണ്ടിരുന്ന ജോസിന്റെ മുഖവും പൂമേനിയും കീറിമുറിഞ്ഞു് രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു.... ജോസു് മുട്ടുകുത്തി കൈകൾകൂപ്പി നിർമ്മലമായ ഹൃദയം തുറന്നു് പ്രാർത്ഥിക്കുകയാണു്: "എന്റെ പിതാവേ, എന്റെ ദൈവമേ! എന്നെ അങ്ങേ സംരക്ഷണയിൽ കാത്തുകൊള്ളേണമേ!" ഈ മധുരമായ വാക്കുകൾ ആ ക്രൂരന്മാരുടെ ഹൃദയങ്ങളിൽ തുളച്ചുകയറി. അവർ അവനെ മൃഗീയമായവിധത്തിൽ മർദ്ദിച്ചു.

x x x

ആ തസ്കരസംഘത്തിന്റെ അധിപൻ ഒരു ക്രിസ്ത്യാനിയായിരുന്നു. പേർ അന്റോണിയോ. ആ കശ്മലൻ രാത്രിയിൽ പല കുത്തിക്കവർച്ചകളും കഴിഞ്ഞു് പണവുമായി മടങ്ങിവന്നു കരിങ്കൽത്തുറങ്കിൽ നിക്ഷേപിച്ചു മടങ്ങിപ്പോകുമ്പോൾ അവന്റെ കാലുകൾ മടങ്ങി നിലംപതിച്ചു. അന്റോണിയോവിന്റെ വിരിവുള്ള ഫാലദേശം പൊട്ടി രക്തംവമിച്ചുകൊണ്ടിരുന്നു.

നിർമ്മലമായ ആകാശത്തിൽ മുല്ലപ്പൂക്കൾ വിടർന്നിരുന്നു. അമ്പിളിക്കലയ്ക്കു കൂടുതൽ പ്രകാശമുള്ളതായി തോന്നി. പൂനിലാവങ്ങനെ ഒഴുകിക്കൊണ്ടിരുന്നു. വടക്കേ വശത്തെ തൈമാവിൻ ചില്ലയിലിരുന്നു് ഒരു രാക്കുയിൽ നേർത്തഗാനം ആലപിക്കുന്നു. മിന്നാമിനുങ്ങുകൾ ആ ഇലത്തലപ്പുകളിലെല്ലാം തലമാല ചാർത്തി കഴിഞ്ഞിരുന്നു. പളുങ്കിപ്പുളുങ്ങി വന്ന തെക്കൻകാററിൽ അസ്തമിക്കാൻപോകുന്ന ശശിബിംബത്തിന്റെ മങ്ങിയ വെളിച്ചം അലിഞ്ഞുകിടന്നിരുന്നു......

ജോസു് പ്രാർത്ഥിക്കവാൻ എണീററപ്പോൾ കണ്ടതു് ആ ദുഷ്ടൻ ചുടുരക്തത്തിൽ ബോധമില്ലാതെ കിടക്കുന്ന കാഴ്ചയാണു്. ജോസിന്റെ പരിപാവനമായ ഹൃദയം തകർന്നു. അടന്നുകൂ ഏഴുദിവസമായി കാരാഗൃഹത്തിലായിട്ടു്. ഭക്ഷണമില്ലാതേയും സ്നേഹനാഥന്റെ ശരീരം ഉൾക്കൊള്ളാതേയും അവൻ പരവശനായിരുന്നു. ജോസു് മുട്ടുകുത്തി കൈകൾകൂപ്പി പ്രാർത്ഥിക്കുകയാണു്: "എന്റെ പിതാവേ, എന്റെ ദൈവമേ! ഈ ഇരുമ്പഴികൾ നീങ്ങേണമേ"

മാമലകളെ ചുംബിക്കുവാനായി വെള്ളിമേഘശകലങ്ങൾ കിഴക്കോട്ടു നീങ്ങിക്കൊണ്ടിരുന്നു. തത്സമയം ഒരു മാലാഖ പ്രത്യക്ഷനായി ജോസിനോടു ഇപ്രകാരം പറഞ്ഞു: "നീ ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിലേക്കു പോകുക." കവാടങ്ങൾ താനെ തുറന്നു. ജോസു് സസന്തോഷം മുമ്പോട്ടു ഗമിച്ചു. ആ പെരുങ്കള്ളന്റെ ദേഹത്തു തൊട്ടുകൊണ്ടു് ആ ബാലൻ പറയുകയാണു്: "അവിടുന്നു് എണീക്കുക. എന്റെ പിന്നാലെ വരിക." ജോസിന്റെ ചെമ്മണ്ണുനിറഞ്ഞ ഉടുപ്പിന്റെ വക്കുചീന്തി തസ്കരന്റെ മുറിവുകൾ കെട്ടി. അന്റോണിയോ പിടഞ്ഞെഴുന്നേററു. അവന്റെ കരങ്ങൾ വിറപൂണ്ടു. "നിന്നെ ആർ സ്വതന്ത്രനാക്കി?" ജോസ് വളരെ താഴ്ന്നസ്വരത്തിൽ മറുപടിപറഞ്ഞു: "എന്റെ പ്രാർത്ഥനയുടെ ഫലമായി കവാടങ്ങൾ താനെ തുറന്നു." ഈ വാക്കുകൾ തന്റെ കരിപുരണ്ട ജീവിതത്തെപ്പററിയുള്ള സ്മരണ അന്റോണിയോയിൽ തട്ടിയുണർത്തി. അയാൾ ആലോചിച്ചു ആ നീണ്ട സംവത്സരങ്ങളെപ്പററി: "അവയെത്ര പെട്ടെന്നു കഴിഞ്ഞുപോയി. എന്തൊക്കെ അതിനിടയിൽ സംഭവിച്ചു.



ആദ്യകുർബാനസ്വീകരണം നടുവിലെ വീട്ടിൽ
മാത്യ സെലിൻ
1956 മേയ് 31, തൃപ്പൂണിത്തുറ.

ഞാൻ അന്നു ബാലനായിരുന്നു. എന്റെ പിതാവു് ഒരു മദ്യപാനിയും! പാപക്കറകൾ കഴുകിക്കളയുവാനായി പള്ളിയിൽ പോകുവാൻ ഉദ്യമിക്കുമ്പോൾ എന്റെ ക്രൂരനായ പിതാവു് മദ്യം വാങ്ങിക്കുവാനായി പാത്രവുമായി മദ്യഷാപ്പിലേക്കാണു് എന്നെ പറഞ്ഞയക്കുക പതിവു്. കാലചക്രം അതിവേഗം തിരിഞ്ഞു. കഥകൾനിറഞ്ഞ കൊല്ലങ്ങൾ! യുവത്വം എന്നെ തലോടി. ഞാൻ ഒരു കുടിയനായി മാറി. പള്ളിയും പട്ടക്കാരനുമായുള്ള ബന്ധം എന്നിൽനിന്നു പാടെ അകന്നുപോയി. ഈ ഘട്ടത്തിലാണു് എന്റെ പിതാവു് പരലോകപ്രാപ്തനായതു്. അങ്ങനെ ഞാൻ തെരുവുതെണ്ടികളുടെ സങ്കേതത്തിലേക്കു് എറിയപ്പെട്ടു. ദിവസങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്നു. തെണ്ടിവർഗ്ഗത്തിന്റെ നേതാവായി അവർ എന്നെ തെരഞ്ഞെടുത്തു." അയാൾ കരഞ്ഞു.

"നിങ്ങളെന്തിനാണു് കരയുന്നതു്?" അയാളുടെ കവിൾത്തടങ്ങളിൽ തൊട്ടുകൊണ്ടു് ജോസ് വ്യസനസമേതം ചോദിച്ചു. "ജോസ്, ഞാനെന്റെ ജീവിതഗ്രന്ഥത്തിലെ പഴകിദ്രവിച്ച താളുകൾ ഒന്നു മറിച്ചുനോക്കുകയാണു്. ഈശ്വരനെതിരായി, മതത്തിനെതിരായി, അല്ല മാനുഷികമൂല്യങ്ങൾക്കെതിരായിത്തന്നെ ഞാൻ പ്രവർത്തിച്ചു. പരമസാഹസങ്ങൾ.... ഹാ!...അതെങ്ങിനെ ഞാനോർക്കും? എത്ര വൈദികരെ, എത്രയെത്ര എതിർവിപ്ലവകാരികളെ, എത്ര കന്യകാരത്നങ്ങളെ ഞാനെന്റെ കാരിരുമ്പിൽ കോർത്തു! എന്റെ വിവരണം അധികമാകുന്നുണ്ടെങ്കിൽ ക്ഷമിക്കണേ. കനത്ത ശക്തിയും കടുത്ത ഹൃദയവും ഒത്തിണങ്ങിയ ഞാൻ പല നിരപരാധികളുടേയും കുടൽമാലചോർത്തി. അക്കാലങ്ങളിൽ പോലീസിന്റെ ഉപദ്രവങ്ങൾ സഹിക്കവയ്യാതെ ഞങ്ങളുടെ സംഘം നാടു ഉപേക്ഷിച്ചു കാടുകളെ അഭയംതേടി. ഞങ്ങൾ സുഖജീവിതം നയിച്ചുകൊണ്ടിരുന്നു. ഒന്നുറങ്ങിയെങ്കിൽ! ഞാനാഗ്രഹിച്ചു. പക്ഷേ തലയ്ക്കുള്ളിൽ ഒരു കൊച്ചു വിപ്ലവം അലയടിക്കുന്നു. സ്മരണകൾ മാധുര്യത്തിൽ ആരംഭിച്ചു് കയ്പുരസത്തോടുകൂടി നിന്നുന്നു". ശരദാകാശത്തിന്റെ നടുവിൽനിന്നു രണ്ടു നാഴികപ്പാടു പടിഞ്ഞാറോട്ടു മാറി ചന്ദ്രബിംബം പ്രശോഭിച്ചു. അനുസരണമില്ലാത്ത വിദ്യാർത്ഥികളെപ്പോലെ നക്ഷത്രങ്ങൾ അവിടവിടെ ചിന്നിച്ചിതറി കിടക്കുന്നു. ജോസ് അന്റോണിയോവിനെ ആലിംഗനംചെയ്തുകൊണ്ടു പറയുകയാണു്, "സോദരാ, എണീക്കുക. നമുക്കു നാട്ടിലേക്കു പോകാം."

പാപത്തിന്റെ വിഷവായുതട്ടി കുരിരുളിലേക്കു ആണ്ടുപോയ പാപിയെ ക്രിസ്തുവിന്റെ നവചൈതന്യത്തിലേക്കാനയിച്ചു വഴികാട്ടിയാണു് ജോസ്. അലയടിച്ചുയരുന്ന സാഗരതരംഗപരമ്പരകളിൽ കൊച്ചുതോണിയിറക്കി തുഴഞ്ഞുപോന്ന ധൈര്യശാലിയാണു് ആ വിശ്രുതൻ. ഇന്നു് അദ്ദേ

ശേഷം 10-ാം പേജിൽ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1